ഗന്ധർവ്വ കഥകൾ

മനോജ്

BLUE INK BOOKS

ഗന്ധർവ്വകഥകൾ

കൗമാരസാഹിത്യം

മനോജ്

ബ്ലൂ ഇങ്ക് ബുക്സ്

ഗന്ധർവ്വകഥകൾ

(GandharvaKathakal)

(Koumarasahithyam)

By Manoj

*

Published in :2025 November

Published by:

Blue Ink Books

*

Blue Ink Books & Multi Media

I[st] Floor, Epsilon Annex Buildings

Sadhoo Complex, Fort Road, Kannur -1

*

email:editorblueinkbooksknr@gmail.com

blueinkbooksknr@gmail.com

Web:www.blueinkbookskannur.com

Ph: 9446265661, 7012701361

*

Cover Design: Nived Kothery

Printing at: Blue Ink Multi Media

*

© All rights reserved

No part of this publication may be reproduced,
stored in or introduced into a retrieval system, or transmitted,
in any form, or by any means, electronic, mechanical,
photocopying, recording or otherwise without the prior
written permission of the publisher

BIB-KNR-SL No **50** D-S L-R-50 /25 C5H

ISBN: 978-81-993534-2-8

Price :100/-

ഗന്ധർവ്വകഥകൾ

(കൗമാരസാഹിത്യം)

മനോജ്

ബ്ലൂഇങ്ക് ബുക്സ്

മനോജ്

1956 മെയ് 6 ന് കഞ്ചിക്കോട് ജനിച്ചു. ബാല്യകൗമാരങ്ങൾ കല്ലേപ്പുള്ളിയിലും യൗവ്വനാരംഭകാലം ചിറ്റൂരിലും ആയിരുന്നു. അവസാനത്തെ 38 വർഷം കൊല്ലങ്കോടായിരുന്നു താമസം. ആത്മാന്വേഷണത്തിന്റെയും സ്വത്വാന്വേഷണത്തിന്റെയും ഭാഗമായി വിദ്യാഭ്യാസവും ജോലിയും ഉപേക്ഷിച്ചു. മുഴുവൻ സമയ എഴുത്തുകാരനായിരുന്നു. 'മിന്നാമിനുങ്ങുകൾ മെഴുകുതിരികൾ' എന്ന ആദ്യത്തെ നോവലിന് ദേശാഭിമാനി സ്റ്റഡിസർക്കിൾ അവാർഡ് ലഭിച്ചിട്ടുണ്ട്. ജീവിക്കുന്നവരുടെ ശ്മശാനം, കാട്ടാളൻ, കാലാവധി, വേദാരണ്യം, സത്യവാഗീശ്വരൻ, രാക്ഷസകുലം, ദേഹവിയോഗം, ജ്ഞാനയോഗം, ജീവകാരുണ്യം, സുഖവാസികളുടെ ലോകം, ശരിയുത്തരങ്ങൾ, ചിതയൊരുക്കം, ശവസംസ്കാരം, സഹജം, മാംസഭുക്കുകൾ *(നോവലുകൾ)* സമാന്തരയാത്രകൾ *(എം.സുകുമാരനുമായുള്ള സംവാദം)*, യാത്രയിൽ തനിയെ *(ടി.പത്മനാഭനുമായുള്ള അഭിമുഖം)*, മതബോധനത്തിന്റെ ദൃശ്യശാസ്ത്രം *(പഠനം)*, മഹാബലി, തണുപ്പ് *(നാടകങ്ങൾ)*, ചിതലെടുക്കാത്ത ജീവിതം, ബ്രഹ്മവിചാരത്തിന്റെ ഗൂഢാർത്ഥങ്ങൾ *(ലേഖനങ്ങൾ)*, യുദ്ധമുഖം, എന്റെ എഴുത്തിന്റെ ദർശനവും എം. സുകുമാരനും, ആദ്ധ്യാത്മികതയുടെ ഭൗതികപരിസരം എന്നിവയാണ് പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായ കൃതികൾ. ഇങ്ങനെയും ഒരാൾ *(മുണ്ടൂർ രാവുണ്ണിയുമായുള്ള അഭിമുഖം)*, യോഗവിയോഗം, ദാർശനിക-സാഹിത്യ ലേഖനങ്ങൾ എന്നിവയും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനുണ്ട്.

കോയമ്പത്തൂർ കേരള കൾച്ചറൽ സെന്ററിന്റെ 2013 ലെ സാഹിത്യ അവാർഡ് ലഭിച്ചിട്ടുണ്ട്. **വാക്കറിവ്** എന്ന മാസികയുടെ പത്രാധിപരായിരുന്നു. 2022 ആഗസ്റ്റ് 6 നു നിര്യാതനായി.

ഭാര്യ : ഡോ. പി.സുഖലത

വിലാസം : ഗയ, കൊല്ലങ്കോട്-678 506, പാലക്കാട്.

മൊബൈൽ : 9446638940

തുടക്കം

മുത്തശ്ശൻ വീണ്ടും പുരാണകഥകൾ പറഞ്ഞുതുടങ്ങി. പല തവണ കേട്ട കഥകളെ ഓർമ്മിച്ച് അശ്വതിയും അശ്വിനും മടുപ്പോടെ എഴുന്നേറ്റു. അവർ പുതിയ കഥകൾ കേൾക്കാനായി മുത്തശ്ശിയുടെ അടുത്ത് എത്തി. എന്നാൽ മുത്തശ്ശിയും അവരെ നിരാശപ്പെടുത്തുകയാണ്. മുത്തശ്ശനും മുത്തശ്ശിയും ഇതുവരെ പുരാണങ്ങളിലും ഇതിഹാസങ്ങളിലും നിന്നുള്ള കഥകളാണ് പറഞ്ഞത്. ബൈബിൾ കഥകളെ മുത്തശ്ശൻ പറഞ്ഞിട്ടുണ്ട്. എന്നാൽ പുതിയ കഥകളെ ഒന്നും അവർക്ക് പറയാൻ കഴിഞ്ഞില്ല. പറഞ്ഞുപഴകിയ കഥകൾ കേട്ട് അവർക്കെല്ലാം അത് മനഃപാഠം ആയിരിക്കുന്നു. മറ്റു തരത്തിലുള്ള കഥകളെ പറയാൻ മുത്തശ്ശനും മുത്തശ്ശിക്കും കഴിഞ്ഞില്ല. അവർ എപ്പോഴും പഴംപുരാണങ്ങളെ ആണ് തുടരുന്നത്.

പിന്നീട് അശ്വിനും അശ്വതിയും അമ്മയായ പ്രമദയെ ആണ് സമീപിക്കുന്നത്. അവൾ അടുക്കളയിൽ പണിത്തിരക്കിലാണ്. ഇപ്പോൾ തങ്ങളുടെ ആവശ്യം പറഞ്ഞാൽ അമ്മ ഓടിക്കുമെന്ന് അവർക്ക് അറിയാം. കൂടാതെ അമ്മ ഓർമ്മകളിൽ നിന്നല്ല കഥകൾ പറയുക. അവർ ബാലസാഹിത്യകൃതികളെ വായിക്കുകയാണ് ചെയ്യുക. മിക്ക പുസ്തകങ്ങളും വായിച്ചു തീർന്നിരിക്കുന്നു. പലപ്പോഴും അമ്മ പഴയ പുസ്തകങ്ങളെ തന്നെ ആണ് കഥകൾ കേൾപ്പിക്കാൻ ഉപയോഗിക്കുക. കേട്ടുപഴകിയ പുസ്തകങ്ങളാകുമ്പോൾ അശ്വതിയ്ക്കും അശ്വിനും മടുപ്പു തോന്നുക സ്വാഭാവികമാണ്.

ഇപ്പോൾ അശ്വതിയ്ക്കും അശ്വിനും വേനൽ അവധിയാണ്. അതുകൊണ്ട് അവർക്ക് കളിച്ചു നടക്കാനും വായിക്കാനും ധാരാളം സമയമുണ്ട്. എങ്കിലും മറ്റുള്ളവർ പറയുന്ന കഥകൾ കേൾക്കാനാണ് അവർ കൂടുതൽ ഇഷ്ടപ്പെട്ടത്. അശ്വതിയുടെ പ്രായം പന്ത്രണ്ടു വയസ്സാണ്. അശ്വിന് എട്ടുവയസ്സു കഴിഞ്ഞിരിക്കുന്നു. കഥകൾ കേട്ടു കേട്ട് അവരുടെ മുമ്പിൽ വലിയൊരു ലോകമാണ് ഉയർന്നിരിക്കുന്നത്.

ആ ലോകത്തിലേക്ക് ഭാവനയിലൂടെ യാത്ര ചെയ്യാനാണ് അവർ എപ്പോഴും ഇഷ്ടപ്പെട്ടത്.

പിന്നീട് അശ്വതിയും അശ്വിനും സമീപിക്കുന്നത് അച്ഛനായ രാംകുമാറിനെ ആണ്. അയാൾ മുൻവശത്തെ കസേരയിൽ ഇരുന്ന് പുസ്തകം വായിക്കുകയാണ്. ബാങ്കിലെ യാന്ത്രികജീവിതത്തോടു മടുപ്പുതോന്നിയ അയാൾ നീണ്ട അവധിയെടുത്ത് വെറുതെ വീട്ടിൽ ഇരിക്കുകയാണ്.

രാംകുമാർ പുസ്തകങ്ങളിലൂടെ മറ്റൊരു ലോകത്തിലേക്കാണ് സഞ്ചരിക്കുന്നത്. വായനയാണ് കൂടുതൽ മാനുഷികതയോടെ ലോകത്തെ കാണാൻ അയാളെ സഹായിക്കുന്നത്. അപ്പോഴാണ് സഹജീവികളെ കാരുണ്യത്തോടെ സമീപിക്കാൻ രാംകുമാറിന് കഴിയുക.

അശ്വിനാണ് രാംകുമാറിന്റെ മടിയിലേക്ക് ചാടിക്കയറി ഇരിക്കുന്നത്. അശ്വതി അച്ഛന്റെ അടുത്തുതന്നെ ഇരുന്നു. പുസ്തകം വായിച്ചുകൊണ്ടിരുന്ന രാംകുമാർ വായന അവസാനിപ്പിച്ച് മക്കളുടെ താല്പര്യങ്ങൾക്ക് അനുസരിച്ച് നിന്നുകൊടുത്തു.

അപ്പോൾ അശ്വതി പറഞ്ഞു:

'ഞങ്ങൾക്ക് പുതിയപുതിയ കഥകൾ കേൾക്കണം. മുത്തശ്ശിയും മുത്തശ്ശനും പറഞ്ഞതുതന്നെയാണ് പറയുക. അമ്മ പുസ്തകം വായിച്ചാണ് കഥകൾ കേൾപ്പിക്കുന്നത്. അച്ഛൻ ഞങ്ങൾക്ക് പുതിയ കഥകൾ പറഞ്ഞുതരണം.'

പുതിയ കഥകൾ കേൾക്കാൻ വേണ്ടിയാണ് കുട്ടികൾ പലപ്പോഴും അച്ഛനെ സമീപിക്കുന്നത്. മക്കൾക്ക് കഥകൾ പറഞ്ഞുകൊടുക്കാൻ അയാൾക്ക് വലിയ ഇഷ്ടവുമാണ്.

രാവിലെ പത്തുമണിയോടെയാണ് അശ്വതിയും അശ്വിനും രാംകുമാറിനോട് കഥകൾ പറയാൻ ആവശ്യപ്പെടുന്നത്. ഉച്ചയൂണിനു ശേഷം കഥ പറയാമെന്ന് അയാൾ പറഞ്ഞതാണ്. കുട്ടികൾ വാശി പിടിച്ചപ്പോൾ അയാൾ അപ്പോൾത്തന്നെ കഥകൾ പറഞ്ഞുതുടങ്ങി.

ഗന്ധർവ്വനും യക്ഷിയും കിന്നരൻമാരുമെല്ലാം അശ്വതിക്കും അശ്വിനും പരിചയക്കാരാണ്. അവരുടെ ദിവ്യശക്തികളെക്കുറിച്ച് അവർക്ക് അറിയാം.

രാംകുമാർ ഗന്ധർവ്വകഥകൾ പറഞ്ഞുതുടങ്ങിയപ്പോൾ അവർ കൗതുകത്തോടെ കേട്ടിരുന്നു.

ഒന്നാം അദ്ധ്യായം

ഗന്ധർവ്വരാജകുമാരനാണ് വിമലകുമാരൻ. രാജകുമാരൻ ആയതുകൊണ്ട് ഗന്ധർവ്വന്മാർക്കുള്ള വിലക്കുകളൊന്നും വിമലകുമാരന് ബാധകമല്ല. രാജകുമാരന് രാവുംപകലും കണക്കാക്കാതെ എവിടേക്കും സഞ്ചരിക്കാൻ സ്വാതന്ത്ര്യമുണ്ട്. എങ്കിലും ഗന്ധർവ്വന്മാരുടെ അടിസ്ഥാനനിയമങ്ങളെ അയാൾ ഒരിക്കലും ധിക്കരിക്കരുത്.

എല്ലാ ദിവസങ്ങളിലും ഗന്ധർവ്വൻമാർ രാത്രിയാണ് സഞ്ചരിക്കുക. അവർക്ക് ഗന്ധർവ്വഗീതങ്ങളും പ്രണയബന്ധങ്ങളും മാത്രമാണ് വിധിക്കപ്പെട്ടിട്ടുള്ളത്. മരണം ഒരിക്കലും ഗന്ധർവന്മാരെ കീഴടക്കാറില്ല.

പല നാടുകളിലും ആകാശത്തിലൂടെ വിമലകുമാരൻ സഞ്ചരിച്ചു. അയാൾ ആദ്യമായാണ് പകൽനേരത്തെ ഭൂമിയിലെ ജീവിതത്തെ കാണുന്നത്. വിമലകുമാരനെ ഏറ്റവും കൂടുതൽ ആകർഷിച്ചത് മനുഷ്യരാണ്. മനുഷ്യന്റെ മാത്രം പ്രത്യേകതയായ ഭാഷയെ ആണ് ഗന്ധർവ്വൻ ശ്രദ്ധിച്ചത്. മറ്റു ജീവികളിൽ സംസാരഭാഷയെ അയാൾക്ക് ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മനുഷ്യർ ആശയങ്ങൾ കൈമാറുന്നതിനെ വിമലകുമാരൻ അത്ഭുതത്തോടെയാണ് കേട്ടത്.

മനുഷ്യനെ ശ്രദ്ധിച്ചു തുടങ്ങിയ വിമലകുമാരൻ ഗ്രാമങ്ങളെയും നഗരങ്ങളെയും പ്രത്യേകം പരിശോധിച്ചു. എവിടെയും മനുഷ്യരുടെ മേൽക്കോയ്മയാണ് ഗന്ധർവ്വനായ വിമലകുമാരൻ കണ്ടത്. മനുഷ്യൻ ഭൂമിയിലെ ഏറ്റവും നിസ്സഹായനായ ജീവിയാണെന്നും ഗന്ധർവ്വൻ മനസ്സിലാക്കി. അപ്പോഴാണ് മനുഷ്യന്റെ ഭാഷയുടെ ശക്തിയെക്കുറിച്ച് വിമലകുമാരന് ബോദ്ധ്യമുണ്ടാകുന്നത്. എല്ലാ ജീവികളും ഭക്ഷണത്തിനും വംശവർദ്ധനവിനും വേണ്ടിയാണ് ജീവിക്കുന്നത്. സംസാരഭാഷ ഇല്ലാത്ത അവയ്ക്ക് മറ്റു താൽപര്യങ്ങൾ ഒന്നും പ്രകൃതി നൽകുന്നില്ല. ശത്രുക്കളെ നേരിടാൻ പല അവയവങ്ങളെയും അവയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മനുഷ്യന് ശത്രുവിൽനിന്ന് രക്ഷപ്പെടാനുള്ള ഒരു അവയവവും ഇല്ല. മസ്തിഷ്കവും

ഭാഷയുമാണ് മനുഷ്യന്റെ ശക്തി. ഭാഷയുടെ പ്രാധാന്യത്തെ മറ്റൊരു തരത്തിലും കാണാൻ വിമലകുമാരന് കഴിഞ്ഞില്ല. അതുകൊണ്ട് മനുഷ്യന്റെ ഭാഷയെ മൃഗങ്ങൾക്ക് നൽകാനാണ് അയാൾ തീരുമാനിച്ചത്. അതിനുമുമ്പ് കാട്ടിലെ മൃഗങ്ങളെക്കുറിച്ച് ഏകദേശധാരണ ഉണ്ടാക്കണമെന്നും ഗന്ധർവ്വനായ വിമലകുമാരൻ കരുതി.

അതിനുശേഷം വീണ്ടും മനുഷ്യരെ കാണാൻ വിമലകുമാരൻ നിശ്ചയിച്ചു. അങ്ങനെയാണ് ഗന്ധർവ്വരാജകുമാരൻ വന്യമൃഗങ്ങളെത്തേടി കാടുകളിൽ അലഞ്ഞു നടക്കുന്നത്.

ഗന്ധർവ്വനായ വിമലകുമാരൻ ഒടുവിൽ സുമേരുവനത്തിലാണ് എത്തുന്നത്. കാടിന്റെ സങ്കല്പങ്ങളെ പൂർണ്ണതയോടെ നിലനിർത്തുന്ന ഇടമാണ് സുമേരുവനം. അതങ്ങനെ ആരുടെയും പെട്ടെന്നുള്ള കാഴ്ചയിൽ ഒതുങ്ങുന്നതല്ല. വളരെ വിശാലമാണ് സുമേരുവനം. പലതരം ജീവികളും മൃഗങ്ങളും അനേകം ഇടതൂർന്ന മരങ്ങളും സുമേരുവനത്തിന്റെ പ്രത്യേകതയാണ്. അനേകം ചെറു അരുവികളും സുമേരുവനത്തിൽനിന്ന് ആരംഭിക്കുന്നു. അവയെല്ലാം സമതലത്തിലേക്ക് ഒഴുകി വലിയൊരു പുഴയാകുകയാണ്.

സുമേരുവനത്തിന്റെ പ്രത്യേകതകളെക്കുറിച്ച് രാംകുമാർ പറഞ്ഞു തുടങ്ങി:

മനുഷ്യർ അധികമൊന്നും കടന്നുചെന്നിട്ടില്ലാത്ത കാടാണ് സുമേരുവനം. അതുകൊണ്ട് പല വന്യജീവികളും അവയുടെ ജീവിത

രീതികളും ഇപ്പോഴും അവിടെയുണ്ട്. പ്രകൃതിക്കും വന്യമൃഗങ്ങൾക്കും യാതൊരു കോട്ടവും സംഭവിച്ചിട്ടില്ല.

കാടിന്റെ മുകളിലൂടെ സഞ്ചരിച്ചുകൊണ്ടിരുന്ന ഗന്ധർവ്വനായ വിമലകുമാരൻ മൃഗങ്ങളുടെ ജീവിതരീതികളെ പ്രത്യേകം ശ്രദ്ധിച്ചു. എല്ലാ ജീവികളും പാരസ്പര്യത്തോടെയാണ് കഴിഞ്ഞുകൂടുന്നത്. ഒന്ന് മറ്റൊന്നിന് ഇരയാകുമ്പോഴും അവയുടെ വംശനാശത്തിന് അവ കാരണമാകുന്നില്ല. വിശപ്പു തീർക്കാൻ ഇരപിടിക്കുന്ന കാട്ടുമൃഗം പല ദിവസങ്ങൾക്കുശേഷമാണ് അതിനെ പൂർണ്ണമായും തിന്നു തീർക്കുക. അതുപോലെത്തന്നെയാണ് സസ്യങ്ങളോടും പുൽനാമ്പുകളോടും മൃഗങ്ങൾ ഇടപഴകുന്നത്. വീണ്ടും വളരാനുള്ള അവസരം ഉണ്ടാക്കിയാണ് മൃഗങ്ങളെല്ലാം സസ്യങ്ങളെ തിന്നുന്നത്. അല്ലാതെ അവയെ വേരുമുതൽ തിന്നു തീർക്കുകയല്ല. കാട്ടുപോത്തിന്റെ തീരാശല്യമായ ചെള്ളുകളെ സൗഹാർദ്ദത്തിന്റെ പാരസ്പര്യത്തോടെ കാട്ടുകൊക്കുകൾ ഭക്ഷണമാക്കുന്നു. കരടിയുടെ കാഷ്ഠത്തിലാണ് ഒരു പ്രത്യേകതരം ചെടി മുളയ്ക്കുന്നത്. കരടികൾ ഇല്ലാതായാൽ ആ ചെടികൾക്ക് വംശനാശമുണ്ടാകുന്നു. മാനുകളെ വേട്ടയാടുന്ന ചെന്നായ്ക്കൾ ഒരിക്കലും അവയുടെ വംശനാശത്തിന് കാരണമാകുന്നില്ല.

പ്രകൃതിയുടെ ഭാഗമായി തനതായ വികാരങ്ങളോടെയാണ് കാട്ടിലെ മൃഗങ്ങളെല്ലാം കഴിയുന്നത്. അവയ്ക്ക് പ്രകൃതി നൽകുന്ന രക്ഷാകവചം മാത്രമാണ് ഉള്ളത്. അതുപോലെ പ്രകൃതി നിശ്ചയിക്കുന്ന കർമ്മങ്ങൾ മാത്രമാണ് മൃഗങ്ങൾ ചെയ്യുന്നത്. ഇരതേടലും വംശവർദ്ധനവുമാണ് അവയുടെ ലക്ഷ്യം.

മനുഷ്യരെപ്പോലെ ഒന്നിനൊന്ന് വ്യത്യസ്തമായ ജീവികളല്ല മൃഗങ്ങൾ. ഭാഷയുടെ ഇല്ലായ്മയാണ് മൃഗങ്ങളെ ഇത്തരമൊരു അവസ്ഥയിൽ എത്തിച്ചതെന്ന് വിമലകുമാരനു തോന്നി.

കാട്ടിലെ മൃഗങ്ങളുടെയും പക്ഷികളുടെയും ജീവിതത്തെക്കുറിച്ച് ഗന്ധർവ്വൻ മനസ്സിലാക്കി. പിന്നീട് കൂടുതൽ അറിയാൻ വേണ്ടി മനുഷ്യരിലേക്കാണ് ഗന്ധർവ്വനായ വിമലകുമാരൻ എത്തിയത്. വിമലകുമാരൻ ആദ്യമായി ഒരു നഗരത്തിലേക്ക് എത്തുന്നു. അവിടത്തെ ജനജീവിതത്തെ ഗന്ധർവ്വൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തു.

പൊതുവേ മനുഷ്യരെല്ലാം ഒരേതരക്കാരായാണ് വിമലകുമാരന് തോന്നിയത്. എന്നാൽ സൂക്ഷ്മമായി നിരീക്ഷിച്ചപ്പോഴാണ് മനുഷ്യന്റെ വ്യത്യസ്തതകളെ ഗന്ധർവ്വന് തിരിച്ചറിയാൻ കഴിഞ്ഞത്.

ആദ്യമായി മനുഷ്യർ ആണും പെണ്ണും ആയാണ് തരം തിരിയുന്നത്. പിന്നീട് നിറങ്ങളും അവരെ വ്യത്യസ്തരാകുന്നു. രൂപങ്ങളും പല മനുഷ്യരെയും ഒന്നിനൊന്ന് വ്യത്യസ്തരാക്കുന്നുണ്ട്. മതങ്ങളും മനുഷ്യരെ വിഭാഗങ്ങളാക്കുന്നു. മനുഷ്യർക്കിടയ്ക്ക് ഗോത്രങ്ങൾക്കും വളരെയധികം പ്രാധാന്യമാണ് ഉള്ളത്.

ഇരതേടാൻ വേണ്ടിയാണ് മിക്ക മനുഷ്യരും ജീവിക്കുന്നതെന്ന് ഗന്ധർവ്വൻ മനസ്സിലാക്കി. അതോടൊപ്പം ഇണചേരലിനും പ്രാധാന്യമുണ്ട്. എങ്കിലും മനുഷ്യരെല്ലാം ഒന്നിനൊന്ന് വ്യത്യസ്തരാണ്. പലർക്കും പലതരം വ്യക്തിത്വങ്ങളാണ്. മനുഷ്യരെ ഭാഷയാണ് കൂട്ടിച്ചേർക്കുന്നത്. എന്നാൽ വിഭിന്ന വ്യക്തിത്വങ്ങളെ പോലെയാണ് വിഭിന്ന സ്വഭാവങ്ങളും മനുഷ്യർക്ക് ഉള്ളത്. അതിൽ പ്രധാനമാണ് രജ, തമോ, സ്വാത്വിക ഗുണങ്ങൾ.

അവയെക്കുറിച്ച് രാംകുമാർ മക്കളോട് പറഞ്ഞു:

സാത്വികഗുണമുള്ളവർ ശാന്തസ്വഭാവക്കാരാണ്. തമോഗുണങ്ങൾ ഉള്ളവർ ആകട്ടെ ദുഷ്ടന്മാരും ആണ്. രജോഗുണത്തിൽ തമോഗുണങ്ങളും സാത്വികഗുണങ്ങളും കൂടി ചേർന്നിരിക്കുന്നു. ഇത് പണ്ടുകാലം മുതൽക്കേ ഉള്ള നമ്മുടെ നാട്ടിലെ മനുഷ്യരെ കേന്ദ്രീകരിച്ച വിഭജനങ്ങളാണ്. അതിനെ പൂർണ്ണമായും നിഷേധിക്കാൻ ആർക്കും കഴിയില്ല.

എന്നാൽ ഇവരെയെല്ലാം ബന്ധിപ്പിക്കുന്നത് മനുഷ്യന്റെ ഭാഷയാണ്. ആശയകൈമാറ്റം ആണ് മനുഷ്യരെ നിലനിർത്തുന്നതെന്ന് ഗന്ധർവ്വന് കണ്ടെത്താൻ കഴിഞ്ഞു. നഗരത്തിലെയും ഗ്രാമത്തിലെയും മനുഷ്യരെല്ലാം പാരമ്പര്യമായി ഭാഷയെ അനന്തരതലമുറകൾക്ക് കൈമാറുകയാണ്. അതുകൊണ്ടാണ് മനുഷ്യവംശം നശിക്കാതെ നിലനിൽക്കുന്നതെന്ന് വിമലകുമാരനു തോന്നി.

മനുഷ്യരുടെ ഭാഷയെ സമേരുവനത്തിലെ മൃഗങ്ങൾക്കു നൽകാൻ ഗന്ധർവ്വരാജകുമാരൻ തീരുമാനിച്ചു. ഭാഷ ലഭിക്കുമ്പോഴുള്ള മൃഗങ്ങളുടെ വ്യക്തിത്വത്തെ കാണാനാണ് വിമലകുമാരൻ ആഗ്രഹിച്ചത്. ഭാഷ ലഭിക്കുന്നതോടെ മൃഗങ്ങളുടെ ലോകം കൂടുതൽ വിശാലമാകുമെന്ന്, അങ്ങനെ അവർ ശക്തരായിത്തീരുമെന്ന് ഗന്ധർവ്വനായ വിമലകുമാരൻ കരുതി.

ഗ്രാമങ്ങളിലും നഗരങ്ങളിലുംനിന്ന് മനുഷ്യസ്വഭാവത്തെ വിമലകുമാരൻ മനസ്സിലാക്കി. മനുഷ്യന്റെ ഭാഷയെ സുമേരുവനത്തിലെ ഏതെങ്കിലും മൃഗങ്ങളിൽ ആദ്യമായി പ്രയോഗിക്കാൻ ഗന്ധർവ്വൻ നിശ്ചയിച്ചു.

അങ്ങനെയാണ് ഗന്ധർവ്വൻ കാട്ടുനായ്ക്കളെ ആദ്യമായി തിരഞ്ഞെടുക്കുന്നത്. അതിന് ഗന്ധർവ്വൻ കാട്ടുനായ്ക്കളുടെ ജീവിതത്തെ സൂക്ഷ്മമായി നിരീക്ഷിച്ചു.

കാട്ടുനായ്ക്കൾ ഒറ്റപ്പെട്ടല്ല ജീവിക്കുന്നത്. അവ ജീവരക്ഷയ്ക്ക് വേണ്ടിയും വേട്ടയ്ക്കുവേണ്ടിയും കൂട്ടമായാണ് താമസിക്കുന്നത്. നീണ്ട കോമ്പല്ലുകൾ ഇരതേടാൻ സഹായിക്കുന്നു. ഇടതൂർന്ന രോമങ്ങൾ അവയ്ക്ക് പ്രകൃതിയിൽനിന്ന് രക്ഷ നൽകുന്നു. ഇതെല്ലാം പ്രകൃതിതന്നെ അവർക്ക് നൽകിയതാണ്.

ചെറിയ മൃഗങ്ങളെയാണ് കാട്ടുനായ്ക്കൾ വേട്ടയാടിപ്പിടിക്കുന്നത്. ചത്ത മൃഗങ്ങളുടെ ഇറച്ചിയും അവ തിന്നാറുണ്ട്. ഒറ്റപ്പെട്ട മൃഗങ്ങളെ കാട്ടുനായ്ക്കൾ വേട്ടയാടിപ്പിടിക്കുക പതിവാണ്. ഇതിനെല്ലാം അവ കൂട്ടംചേർന്നാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഇണചേരുന്ന കാലങ്ങളിൽ മാത്രമാണ് അവയ്ക്കിടയിൽ മത്സരങ്ങൾ ഉണ്ടാകുക. ശക്തനായ കാട്ടുനായയാണ് അപ്പോൾ ഇണചേരുക. അതിനുള്ള മത്സരത്തിൽ പരസ്പരം കടികൂടുന്ന അവയ്ക്ക് വലിയ മുറിവുകൾ ഉണ്ടാകാറുണ്ട്. എങ്കിലും ക്രമേണ അതെല്ലാം പൊറുക്കുകയാണ് പതിവ്.

മാരകമായ രോഗങ്ങളൊന്നും കാട്ടുനായ്ക്കളെ ബാധിക്കാറില്ല. ചെറിയ രോഗങ്ങൾക്ക് അവ പ്രകൃതിയിൽനിന്നുതന്നെ പ്രതിവിധികളെ കണ്ടെത്തുന്നു.കാട്ടുനായ്ക്കളെ ശ്രദ്ധിച്ചുകൊണ്ടിരുന്ന ഗന്ധർവനായ വിമലകുമാരൻ അവയ്ക്ക് മനുഷ്യന്റെ ഭാഷ നൽകുന്നു. ഒരു പ്രഭാതത്തിലാണ് ഇത് സംഭവിക്കുന്നത്. കാട്ടുനായ്ക്കൾ ഒന്നിച്ച് ഒരു മുയലിനെ വേട്ടയാടാനുള്ള ശ്രമത്തിലാണ്. കൂട്ടത്തിൽ ശക്തനായ കാട്ടുനായയാണ് മുമ്പിൽ. മുയലിനെ കണ്ട് അവയെല്ലാം നിലം പതിഞ്ഞു കിടപ്പാണ്.

പെട്ടെന്ന് ശക്തനായ കാട്ടുനായ വിളിച്ചുപറഞ്ഞു:

'ആ ചെടികൾക്കിടയിലാണ് രണ്ടു മുയലുകൾ ഒളിച്ചിരിക്കുന്നത്. നമ്മൾ അവയെ വെറുതെ വിടരുത്. വേട്ടയാടിപ്പിടിക്കണം.'

ചെമ്പിച്ചരോമങ്ങളുള്ള ആ കാട്ടുനായക്ക് തന്റെ വാക്കുകളെ വിശ്വസിക്കാനായില്ല. മറ്റെല്ലാ കാട്ടുനായ്ക്കളും അതിശയത്തോടെയാണ് ചെമ്പൻനായയുടെ വാക്കുകളെ കേട്ടത്. അവരും മറുപടിയായി സംസാരിച്ചുതുടങ്ങി. എന്താണ് സംഭവിക്കുന്നതെന്ന് കാട്ടുനായ്ക്കൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവ നിർത്താതെ പരസ്പരം സംസാരിച്ചുകൊണ്ടിരുന്നു. ഈ അവസരം നോക്കി മുയലുകൾ ഓടി രക്ഷപ്പെടുകയും ചെയ്തു.

മററുള്ളവ പറയുന്ന വാക്കുകളെ ഓരോ കാട്ടുനായ്ക്കളും അത്ഭുതതോടെ കേട്ടുകൊണ്ടിരുന്നു. അവയ്ക്ക് വേട്ടയാടലിന്റെ മനോഭാവം അപ്പോൾ നഷ്ടപ്പെട്ടിരുന്നു. എങ്കിലും കുറേനേരം കഴിഞ്ഞ് കാട്ടുനായ്ക്കൾ വീണ്ടും വേട്ടക്ക് ഒരുങ്ങി. ഇത്തവണ അവയ്ക്ക് കൂട്ടത്തിൽ ഒറ്റതിരിഞ്ഞ മലയാടിനെ ആണ് കിട്ടിയത്. എതിർക്കാൻ കഴിയാത്ത മലയാടിനെ കാട്ടുനായ്ക്കൾ വളരെവേഗം കീഴ്പ്പെടുത്തി. പിന്നീടവ പച്ചമാംസത്തെ കടിച്ചുകീറി തിന്നുതുടങ്ങി.

അങ്ങനെ കാട്ടുനായ്ക്കൾക്ക് ഒരു ദിവസത്തേക്ക് വേണ്ട സമൃദ്ധമായ ഭക്ഷണം കിട്ടി. അതോടെ അവ മലഞ്ചെരുവിൽ ഒരു മരത്തിന്റെ ചുവട്ടിൽ കിടന്നു. അപ്പോഴും അവ സന്തോഷത്തോടെ സംസാരിച്ചുകൊണ്ടിരുന്നു.

കൂട്ടത്തിൽ ശക്തനായ ചെമ്പൻനായ പറഞ്ഞു:

'ഇനി നമുക്ക് പേടിക്കാൻ ഒന്നുമില്ല. ഭാഷ ഉള്ളതുകൊണ്ട് ശത്രുക്കളിൽനിന്ന് രക്ഷപ്പെടാൻ നമുക്ക് എളുപ്പത്തിൽ കഴിയും. വേട്ടയാടാൻ ഭാഷ സഹായിക്കും. ഭാഷ ഉള്ളതുകൊണ്ട് നമുക്ക് പരസ്പരം സഹായിക്കാനും കഴിയും.'

അപ്പോൾ കറുത്ത കാട്ടുനായ പറഞ്ഞു: 'സമയംകളയാൻ ഭാഷ ഉള്ളത് നല്ലതാണ്. വെറുതെ ഇരിക്കുമ്പോൾ നമുക്ക് പല കാര്യങ്ങളും സംസാരിക്കാമല്ലോ!

ഭാഷ ലഭിച്ച സന്തോഷത്തിലാണ് എല്ലാ കാട്ടുനായ്ക്കളും. എന്നാൽ ഭാഷയുണ്ടാക്കുന്ന അപകടത്തെ കുറിച്ചൊന്നും അവയ്ക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല. മനുഷ്യരിൽനിന്ന് ഭാഷ ലഭിച്ചെങ്കിലും മനുഷ്യർക്കുള്ള ചിന്തയും വിവേകവും മൃഗങ്ങൾക്ക് ലഭിച്ചില്ല. അതുകൊണ്ട് ഭാഷ അവർക്ക് ഗുണമല്ല, കൂടുതൽ ദോഷമാണ് ചെയ്തത്. ഭാഷ ലഭിക്കുന്നത് വരെ കാട്ടുനായ്ക്കളെല്ലാം ഒത്തൊരുമയോടെയാണ് ജീവിച്ചത്. അവയ്ക്ക് പറയത്തക്ക വിഭജനങ്ങൾ ഒന്നുമില്ല. എന്നാൽ ഭാഷയിൽനിന്ന് അവർക്ക് ലഭിച്ചത് വേർതിരിവുകൾ ആണ്. അതോടെ കാട്ടുനായ്ക്കൾ പലപ്പോഴും പരസ്പരം ആക്രമിച്ചുതുടങ്ങി. അതെന്തിനാണെന്ന് കാട്ടുനായ്ക്കൾക്ക് തന്നെ അറിയാൻ കഴിഞ്ഞില്ല.

സുമേരുവനത്തിൽ മൂന്നുതരം കാട്ടുനായ്കളാണ് ഉള്ളത്. കൂടുതൽ വലുപ്പമുള്ളതും ശക്തിയുള്ളതും ചെമ്പൻനായ്ക്കളാണ്. അതിന്റെ അടുത്താണ് കറുപ്പും വെളുപ്പും ഉള്ള നായ്ക്കളുടെ സ്ഥാനം. മെലിഞ്ഞുനീണ്ടവയാണ് കറുത്ത നായ്ക്കൾ.

ഭാഷ ലഭിച്ചതോടെ കാട്ടുനായ്ക്കളുടെ സ്വഭാവത്തിന് മാറ്റംവെച്ച്

തുടങ്ങുന്നു. ആദ്യമായി അത് സംഭവിക്കുന്നത് ഇരപിടിക്കുമ്പോൾ ആണ്. ചെമ്പൻനായ്ക്കൾ ഒരു മാനിനെ വേട്ടയാടി. അവ മറ്റു നായ്ക്കളെ തിന്നാൻ സമ്മതിച്ചില്ല. കറുത്ത നായ്ക്കളെയും കറുപ്പും വെളുപ്പും ഉള്ള നായ്ക്കളെയും ചെമ്പൻനായ്ക്കൾ ആക്രമിക്കുകയാണ് ചെയ്തത്. അതോടുകൂടി നായ്ക്കളുടെ ഇടയ്ക്ക് വിഭജനക്രമങ്ങൾ ഉണ്ടായിത്തുടങ്ങുന്നു. തുടർന്ന് ചെമ്പൻനായ്കൾ മറ്റു നായ്ക്കളുടെ നേർക്ക് ആധിപത്യം ഉറപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു.

ചെമ്പൻനായ്ക്കൾ ആദ്യമായി ഒരു നേതാവിനെയാണ് തിരഞ്ഞെടുക്കുന്നത്. അതിന് ശക്തരായ പല ആൺനായ്ക്കളും പരസ്പരം ഏറ്റുമുട്ടി. അപ്പോൾ മറ്റു നായ്ക്കളെ കീഴടക്കിക്കൊണ്ട് അതിശക്തനായ ഒരു ചെമ്പൻനായ ഉണ്ടായി.

ശക്തനായ ചെമ്പൻനായ തന്റെ കൂട്ടക്കാരോട് കനത്ത ശബ്ദത്തിൽ പറഞ്ഞു: 'ഇനി നിങ്ങൾ എന്നെ അനുസരിക്കുകയാണ് വേണ്ടത്. നമ്മൾ പരസ്പരം അല്ല യുദ്ധം ചെയ്യേണ്ടത്. പൊതുശത്രുവായ കറുത്ത നായ്ക്കളെയും കറുപ്പും വെളുപ്പും ഉള്ള നായ്ക്കളെയും നമ്മൾ ഇല്ലാതാക്കണം. ഈ കാട്ടിൽ നമ്മൾ മാത്രമാണ് വേണ്ടത്. മറ്റു നായ്ക്കളെല്ലാം നമ്മുടെ അടിമകളായിരിക്കണം.'

നേതാവിന്റെ ഉറച്ച തീരുമാനത്തെ മറ്റു ചെമ്പൻനായ്ക്കൾ എല്ലാം അംഗീകരിച്ചു.



തുടർന്ന് കാട്ടുനായ്ക്കൾ മൂന്നു വിഭാഗങ്ങളായി വേർതിരിയുന്നു. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യരുടെ ഇടയ്ക്കുള്ള വർണ്ണവിവേചനമാണ് അവിടെ ഉണ്ടായത്. ചെമ്പൻനായ്ക്കൾ ആണ് ഏറ്റവും മികച്ചതെന്ന് വാദിച്ചു. കറുത്ത നായ്ക്കൾ അത്തരം വാദത്തെ അംഗീകരിക്കാൻ തയ്യാറായില്ല. അവർ തങ്ങൾ പ്രാചീനമായ വർഗ്ഗമാണെന്ന് എടുത്തുപറയുകയും ചെയ്തു. എന്നാൽ അങ്ങനെ ഒരു ധാരണയിലേക്ക് എത്തിച്ചേരാൻ കറുപ്പും വെളുപ്പും ഇടകലർന്ന നായകൾക്ക് കഴിഞ്ഞില്ല. കാരണം അവ ചെമ്പൻനായകളും കറുത്തനായകളും ഇണചേർന്ന് ഉണ്ടായവയാണ്.

തർക്കം മൂത്തതോടെ മൂന്ന് വിഭാഗങ്ങളായി കാട്ടുനായ്ക്കൾ വേർപിരിഞ്ഞു.

അവ കൂട്ടംചേർന്ന് എതിർപക്ഷത്തെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. എന്നാൽ ശക്തന്മാരായ ചെമ്പൻനായ്ക്കളെ കീഴടക്കാൻ മറ്റു നായ്ക്കൾ ശക്തരല്ല. എങ്കിലും ഏറ്റുമുട്ടലിനുള്ള ഒരു ദിവസം അവ നിശ്ചയിച്ചു.

സുമേരുവനത്തിലെ തുറസ്സായ മൈതാനത്ത് വെച്ചാണ് കാട്ടുനായ്ക്കൾ ഏറ്റുമുട്ടുന്നത്. അവ മൂന്നു വിഭാഗങ്ങളായി സംഘടിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ തന്നെ കറുപ്പും വെളുപ്പും ഉള്ള നായ്ക്കൾ ചെമ്പൻനായ്ക്കളുടെ പക്ഷം ചേർന്നു. പിന്നീട് രണ്ടു വിഭാഗക്കാരും കൂടി കറുത്തനായ്ക്കളെ ആക്രമിക്കുകയാണ് ചെയ്തത്.

തുടർന്ന് അതിഗംഭീരമായ ആക്രമണമാണ് നടക്കുന്നത്. ചെമ്പൻനായ്ക്കളുടെ കടിയേറ്റ് കറുത്തനായ്ക്കൾ അവശരായി വീണുകിടന്നു. കറുത്തനായ്ക്കളെ വീണ്ടും ചെമ്പൻനായ്ക്കളും അവയുടെ പക്ഷംചേർന്ന കറുപ്പും വെളുപ്പും കലർന്ന നായ്ക്കളും കൂടി ആക്രമിക്കുന്നു. മുറിവേറ്റു കിടക്കുന്ന കറുത്ത നായ്ക്കളെ മുഴുവൻ അവ കടിച്ചുകൊന്നു. അതോടെ ബാക്കിയുള്ള കറുത്ത നായ്ക്കൾ മലമുകളിലേക്ക് ജീവരക്ഷയ്ക്ക്വേണ്ടി ഓടുന്നു.

അപ്പോഴും കറുത്തനായ്ക്കൾ ദേഷ്യത്തോടെ വിളിച്ചു പറഞ്ഞു:

'ഞങ്ങൾ തിരിച്ചുവന്ന് പകരം ചോദിക്കുക തന്നെ ചെയ്യും.'

പക്ഷേ പിന്നീട് ഒരിക്കലും കറുത്തനായ്ക്കൾ സുമേരുവനത്തിലേക്ക് തിരിച്ചുവന്നില്ല. അവ മലമുകളിൽതന്നെ താമസം തുടർന്നു.

രാംകുമാർ അശ്വതിയോടും അശ്വിനോടും പറഞ്ഞു:

കാട്ടുനായ്ക്കൾക്ക് ഭാഷ നൽകിയ ഗന്ധർവ്വനായ വിമലകുമാരൻ കൂടുതൽ എന്തെങ്കിലും സംഭവിക്കുന്നത് കാണാൻ ആഗ്രഹിച്ചു.

അതുകൊണ്ട് മറ്റു മൃഗങ്ങൾക്ക് ഭാഷ നൽകിയാൽ ഉണ്ടാകുന്ന മാറ്റങ്ങളെ കാണാനാണ് ഗന്ധർവ്വൻ ആഗ്രഹിച്ചത്. ഭാഷ എല്ലാ മൃഗങ്ങളെയും കൂട്ടിച്ചേർക്കുമെന്നാണ് ഗന്ധർവ്വൻ കരുതിയത്. എന്നാൽ ഭാഷയോടൊപ്പം ഉണ്ടാകുന്ന മനുഷ്യസ്വഭാവത്തെ കാണാൻ ഗന്ധർവ്വന് കഴിഞ്ഞില്ല

രണ്ടാം അദ്ധ്യായം

അടുത്തതായി ഗന്ധർവ്വനായ വിമലകുമാരൻ കുരങ്ങുകളെയാണ് പരീക്ഷിക്കുന്നത്.

ആദ്യമായി കുരങ്ങുകളുടെ പെരുമാറ്റങ്ങളെ ഗന്ധർവ്വൻ സൂക്ഷ്മമായി ശ്രദ്ധിച്ചു. അവയെല്ലാം സംഘം ചേർന്നാണ് ജീവിക്കുന്നത്. ഒറ്റതിരിഞ്ഞ കുരങ്ങുകൾ അപൂർവ്വമാണ്. മനുഷ്യരെപ്പോലെ തന്നെയാണ് കുരങ്ങുകൾക്കും ബന്ധങ്ങൾ ഉള്ളത്. അച്ഛനും അമ്മയും മക്കളും അടങ്ങുന്ന കുടുംബം. എന്നാൽ മക്കൾക്ക് അമ്മയോടാണ് കൂടുതൽ ബന്ധമുള്ളത്. പലപ്പോഴും അച്ഛൻകുരങ്ങ് മറ്റു പെൺകുരങ്ങുകളുമായി ഇണചേരാറുണ്ട്. അതൊന്നും കുരങ്ങുകളുടെ കുടുംബബന്ധങ്ങളെ കാര്യമായി ബാധിക്കാറില്ല.

ആൺകുരങ്ങുകൾ ഇണകൾക്ക് വേണ്ടി പോരാടുക സ്വാഭാവികമാണ്. അതിൽ വിജയിക്കുന്നവർക്ക് പല ഇണകളെയും ലഭിക്കും. കുരങ്ങുകളുടെ പ്രിയപ്പെട്ട ഭക്ഷണം പഴങ്ങളാണ്. അവ സുമേരു വനത്തിൽ ധാരാളമുണ്ട്. അതുകൊണ്ട് കുരങ്ങുകൾക്ക് ഭക്ഷണത്തിനുവേണ്ടി മറ്റു കാടുകളിലേക്ക് പോകേണ്ട ആവശ്യമില്ല.

കുരങ്ങുകളുടെ ജീവിതത്തെ നീണ്ടകാലം നിരീക്ഷിച്ചതിനുശേഷമാണ് വിമലകുമാരൻ അവയ്ക്ക് ഭാഷ നൽകുന്നത്. ഭാഷ ലഭിച്ചാൽ ഉണ്ടാകുന്ന കുരങ്ങുകളുടെ ജീവിതത്തെ പ്രത്യേകം ശ്രദ്ധിക്കാൻ ഗന്ധർവ്വനായ വിമലകുമാരൻ തീരുമാനിച്ചു.

കാടിന്റെ പാരസ്പര്യത്തെ ഉൾക്കൊണ്ടാണ് കുരങ്ങുകൾ ജീവിച്ചിരുന്നത്. പരമാവധി അവ മരങ്ങളുടെ മുകളിലാണ് കഴിയുക. ശത്രുക്കളിൽനിന്ന് രക്ഷനേടാൻ വേണ്ടിയാണ് കുരങ്ങുകൾ അങ്ങനെ ചെയ്യുന്നത്. കൂടാതെ മിക്ക മരങ്ങളിലും ധാരാളം പഴങ്ങളുമുണ്ട്.

ഒരു വേനൽക്കാലത്താണ് കുരങ്ങുകൾക്ക് ഗന്ധർവ്വൻ മനുഷ്യരുടെ ഭാഷ നൽകുന്നത്. ആദ്യമായി ഭാഷ ലഭിക്കുന്നത് കൂട്ടത്തിലുള്ള വയസ്സായ കുരങ്ങനാണ്.

തന്റെ തൊണ്ടയിൽ എന്തോ സംഭവിച്ചിരിക്കുന്നുവെന്ന് കുരങ്ങനു മനസ്സിലായി. വയസ്സൻ കുരങ്ങൻ പരിഭ്രാന്തിയോടെ നിലവിളിക്കാൻ ശ്രമിച്ചതാണ്.

വയസ്സൻ കുരങ്ങൻ ചുറ്റുപാടുമുള്ള മറ്റു കുരങ്ങുകളോട് പറഞ്ഞു:

'എനിക്ക് മനുഷ്യരെപ്പോലെ സംസാരിക്കാൻ കഴിവുണ്ട്.'

വയസ്സൻ കുരങ്ങൻ അത്ഭുതത്തോടെയാണ് തന്റെ വാക്കുകളെ കേട്ടത്.

അപ്പോൾ മറ്റു കുരങ്ങുകളും ഒന്നിച്ചു പറഞ്ഞു:

'ഞങ്ങൾക്കും സംസാരിക്കാൻ കഴിയുന്നുണ്ട്. അതുകൊണ്ട് ഇനി നമുക്ക് ഭാഷകൊണ്ട് കാര്യങ്ങൾ പറയാൻ കഴിയും.'

അപ്പോഴേക്കും സുമേരുവനത്തിലുള്ള എല്ലാ കുരങ്ങുകളും വയസ്സൻ കുരങ്ങന്റെ അടുത്ത് എത്തി. അവ അമിതമായ സന്തോഷത്തോടെ നിരന്തരം സംസാരിച്ചുകൊണ്ടിരുന്നു.

കുരങ്ങുകൾ സുമേരുവനത്തെക്കുറിച്ചാണ് വാക്കുമുറിയാതെ സംസാരിക്കുന്നത്.

അപ്പോൾ യുവാവായ കുരങ്ങൻ പറഞ്ഞു:

'ഞാൻ വാഴക്കൂട്ടങ്ങൾ കണ്ടുവെച്ചിട്ടുണ്ട്. അവിടെ ധാരാളം പഴങ്ങളുണ്ട്. നമുക്ക് ഉടനടി തന്നെ അവിടേയ്ക്ക് പോകാം.'

അപ്പോൾ മറ്റൊരു കുരങ്ങൻ പറഞ്ഞു:

'ഞാൻ കുറേ ചക്കകളെ കണ്ടിട്ടുണ്ട്. അവയെല്ലാം പഴുത്തിരിക്കുന്നു. നമുക്ക് ആദ്യം അവിടേയ്ക്കാണ് പോകേണ്ടത്.'

അതോടെ വാഴപ്പഴത്തിനും ചക്കപ്പഴത്തിനും വേണ്ടി കുരങ്ങന്മാർ തർക്കിച്ചു തുടങ്ങി. ഒടുവിൽ വയസ്സൻ കുരങ്ങൻ ഇടപെട്ട് അവരെ രണ്ടു വിഭാഗങ്ങളാക്കി വേർതിരിച്ചു. എന്നിട്ട് കുരങ്ങൻമാരെ ചക്കപ്പഴത്തിനും വാഴപ്പഴത്തിനും വേണ്ടി പറഞ്ഞുവിട്ടു.

മക്കളുള്ള പെൺകുരങ്ങുകളെ എവിടേയ്ക്കും പറഞ്ഞുവിടാൻ വയസ്സൻ കുരങ്ങൻ തയ്യാറായില്ല. ലഭിച്ച ഭക്ഷണങ്ങളെ എല്ലാ കുരങ്ങന്മാരും തന്റെ മുമ്പിൽ എത്തിക്കണമെന്നാണ് വയസ്സ് കുരങ്ങൻ പറഞ്ഞത്. അതിനുശേഷം എല്ലാവർക്കും തുല്യമായി പഴങ്ങൾ വിതരണം ചെയ്യാമെന്ന് വയസ്സൻ കുരങ്ങൻ തീരുമാനിച്ചു. അതിനോട് മറ്റു കുരങ്ങുകൾക്ക് എതിർപ്പ് ഉണ്ടായില്ല.

നീണ്ട കാത്തിരിപ്പിനു ശേഷം വാഴപ്പഴങ്ങളും ചക്കപ്പഴങ്ങളും വയസ്സൻ കുരങ്ങന്റെ മുമ്പിലെത്തി. കൂട്ടത്തിൽ പ്രായമായ താനാണ്

വിഭവങ്ങൾക്കല്ലാം കൂടുതൽ അവകാശി എന്ന് വയസ്സൻ കുരങ്ങൻ പറഞ്ഞു. അതിന് ആരും എതിർപ്പ് പ്രകടിപ്പിച്ചില്ല. എങ്കിലും ചെറുപ്പമുള്ള പല കുരങ്ങന്മാരും പ്രതിഷേധിക്കുന്നുണ്ടായിരുന്നു.

വയസ്സൻ കുരങ്ങൻ എല്ലാവർക്കും തുല്യമായി ചക്കപ്പഴവും വാഴപ്പഴവും വീതിച്ചു. തനിക്ക് രണ്ടു പങ്കാണ് വയസ്സൻ കുരങ്ങൻ അവകാശം വെച്ചത്. പഴങ്ങളെ കണ്ടെത്തിയ കുരങ്ങന്മാർക്കും രണ്ടു പങ്കു വീതം നൽകുകയും ചെയ്തു.

ഭാഷ ലഭിച്ചതോടെ ആണ് ഇത്തരം വിതരണക്രമങ്ങൾ കുരങ്ങുകൾക്ക് ഉണ്ടാകുന്നത്. തനിക്കാണ് ആദ്യം സംസാരിക്കാൻ കഴിഞ്ഞത് എന്നതുകൊണ്ട് വയസ്സൻ കുരങ്ങനാണ് എന്തിനും മുൻഗണന അവകാശപ്പെട്ടത്. കൂടാതെ മനുഷ്യരെ പോലെ പ്രായാധിക്യത്തിന്റെ മുൻതൂക്കവും കുരങ്ങന്മാരുടെ ഇടയ്ക്ക് കടന്നുവന്നിരിക്കുന്നു.

വിമ്മിഷ്ടം ഉണ്ടെങ്കിലും വയസ്സൻ കുരങ്ങന്റെ തീരുമാനങ്ങളെ മറ്റു കുരങ്ങുകൾ എപ്പോഴും അംഗീകരിച്ചു. ഭാഷ ലഭിച്ച കുരങ്ങുകളെല്ലാം നിരന്തരം സംസാരിച്ചുകൊണ്ടിരുന്നു. മനുഷ്യന്റെ ഭാഷ ലഭിച്ചതുകൊണ്ട് കുരങ്ങുകൾക്ക് ചില പ്രത്യേക ശീലങ്ങളും ഉണ്ടായി.

എന്നാൽ വയസ്സൻകുരങ്ങൻ പുതിയൊരു തീരുമാനമെടുത്തപ്പോൾ അതിനെ അംഗീകരിക്കാൻ ചെറുപ്പക്കാരായ കുരങ്ങന്മാർ തയ്യാറായില്ല. വയസ്സായ കുരങ്ങന്മാരും വയസ്സികളായ കുരങ്ങുകളും ഇരതേടാൻ പോകേണ്ടതില്ലെന്ന് വയസ്സൻ കുരങ്ങൻ നിശ്ചയിക്കുന്നു. ചെറുപ്പമുള്ള കുരങ്ങുകൾ അത്തരം തീരുമാനത്തെ എതിർക്കുകയാണ്. അതോടുകൂടിയാണ് കുരങ്ങന്മാർക്കിടയിൽ വേറിടലുകൾ ഉണ്ടാകുന്നത്.

അത് പ്രകടമായി തെളിയുകയും ചെയ്തു. വയസ്സൻ കുരങ്ങൻ തന്റെ തീരുമാനത്തെ അറിയിച്ചപ്പോൾ ചെറുപ്പമുള്ള കുരങ്ങന്മാർ ഒന്നിച്ചു പറഞ്ഞു:

'അങ്ങനെ വയസ്സൻമാർക്ക് വേണ്ടി ഇരതേടാൻ ഞങ്ങൾ തയ്യാറല്ല. ദൂരെ നിന്നു കൊണ്ടുവരുന്ന പഴങ്ങളുടെയും മറ്റും ഭാരം നിങ്ങൾ വയസ്സന്മാർക്ക് ചിന്തിക്കാൻ പോലും കഴിയില്ല. ഞങ്ങൾക്കുള്ള ഭക്ഷണത്തെ കണ്ടെത്തുകയും വീതം വെയ്ക്കുകയും ചെയ്യാം. അതിൽ ആരും ഇടപെടരുത്.'

അത്തരമൊരു വിളിച്ചുപറയൽ ഉണ്ടായപ്പോൾ വയസ്സന്മാർ പ്രകോപിതരായി.

അവർ ദേഷ്യത്തോടെ പറഞ്ഞു:

'ഞങ്ങൾ പറയുന്നതിനെ നിങ്ങൾ അനുസരിച്ചാൽ മതി.'

പിറ്റേന്ന് ഭക്ഷണം തേടിപ്പോയ ചെറുപ്പമുള്ള കുരങ്ങൻമാർ വെറും കയ്യോടെ ആണ് മടങ്ങിവരുന്നത്. അതോടെ ആണ് ചെറുപ്പുള്ള വരും വയസ്സന്മാരും പരസ്പരം ഏറ്റുമുട്ടുന്നത്. ചെറുപ്പമുള്ളവർ ശക്തരും എണ്ണത്തിൽ കൂടുതലും ആയതുകൊണ്ട് അവരാണ് ആക്രമണത്തിൽ മുൻകൈ നേടുന്നത്. മുറിവേറ്റ പല വയസ്സന്മാരായ കുരങ്ങുകളെയും ചെറുപ്പമുള്ളവർ പുഴയിലേക്ക് വലിച്ചെറിഞ്ഞു. കൂട്ടത്തിൽ വയസ്സനായ കുരങ്ങനും ഉണ്ടായിരുന്നു.

തലമൂത്ത വയസ്സൻ കുരങ്ങൻ പോയതോടെ ചെറുപ്പമുള്ളവരെ നിയന്ത്രിക്കാൻ ആരുമുണ്ടായില്ല. എന്നാൽ നേതൃത്വമില്ലാതെ അലക്ഷ്യമായി ജീവിതം തുടരാൻ കുരങ്ങുകളും ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് പുതിയ ഒരു നേതാവിനെ കണ്ടെത്താനുള്ള ശ്രമങ്ങളാണ് അവ ആരംഭിച്ചത്.

അതോടെ കയ്യൂക്കിന്റെ ശക്തിയാണ് കടന്നുവരുന്നത്. സുമേരു വനത്തിന് പുറത്തുള്ള മൈതാനത്തിൽ വെച്ച് ചെറുപ്പമുള്ള കുരങ്ങൻമാർ തമ്മിൽ മത്സരം നടത്താൻ തീരുമാനിച്ചു.

കുരങ്ങന്മാർ തമ്മിലുള്ള ഏറ്റുമുട്ടൽ വിചിത്രമാണ്. കയ്യും പല്ലും മാത്രമാണ് അവ ഉപയോഗിക്കുക. ശത്രുവിനെ കാണുമ്പോൾ മരത്തിൽ കയറി രക്ഷപ്പെടുകയാണ് പതിവ്. എന്നാൽ ഇവിടെ ചെറുപ്പമുള്ള കുരങ്ങന്മാർ ഈരണ്ടു വീതം പരസ്പരം ഏറ്റുമുട്ടുകയാണ്.

കുരങ്ങന്മാരുടെ ഏറ്റുമുട്ടൽ കാണാൻ സുമേരുവനത്തിലെ മറ്റു കുരങ്ങന്മാരെല്ലാം എത്തിച്ചേർന്നു. പെൺകുരങ്ങുകൾ വെറും കാഴ്ചക്കാരായി. അതുപോലെ തന്നെയാണ് കുട്ടികളും. വയസ്സൻമാരായ ചില കുരങ്ങുകൾ മാത്രമാണ് പിന്നെ ഉള്ളത്.

ഭാഷ ലഭിച്ചതോടെ കുരങ്ങുകൾ ആവേശത്തോടെ സംസാരിക്കുകയും ഒച്ചയിടുകയുമാണ്.

ഏറ്റുമുട്ടൽ ഗംഭീരമായി തുടർന്നു. പല കുരങ്ങുകളും മുറിവേറ്റ് പിന്മാറി. അവസാനം ഒരു കുരങ്ങൻ മാത്രമാണ് മത്സരത്തിനുശേഷം ശേഷിച്ചത്. എന്നാൽ ചെറുപ്പമുള്ള ആ കുരങ്ങന്റെ ഒരു കണ്ണ് പൂർണ്ണമായും മറ്റൊരു കണ്ണ് ഭാഗികമായും നഷ്ടപ്പെട്ടിരുന്നു. അതുകൊണ്ട് അവക്ക് ആരെയും വിജയിയായി കണ്ടെത്താനായില്ല. അംഗഭംഗമുള്ളവരെ കൂട്ടത്തിൽ നിന്ന് പുറത്താക്കുകയാണ് മുൻകാലങ്ങളിൽ ചെയ്തിരുന്നത്. അപ്പോൾ ഒരിക്കലും വികലാംഗനായ കുരങ്ങനെ നേതൃത്വത്തിൽ ഇരുത്താൻ കഴിയില്ല.

വീണ്ടും പല ദിവസങ്ങൾക്കു ശേഷം ചെറുപ്പമുള്ള കുരങ്ങന്മാരുടെ ഏറ്റുമുട്ടലിന്റെ ദിവസം നിശ്ചയിച്ചു. ശത്രുവിനെ നേരിടാൻ ഇത്തവണ ചെറിയ വടി ഉപയോഗിക്കാനാണ് കുരങ്ങുകൾ തീരുമാനിച്ചത്. അങ്ങനെ മാരകമായ മുറിവേൽക്കലിൽനിന്ന് രക്ഷപ്പെടാമെന്ന് അവ കരുതി.

ഇത്തവണയും നേതാവിനെ കണ്ടെത്താനുള്ള കുരങ്ങൻമാരുടെ ശ്രമങ്ങൾ പരാജയപ്പെട്ടു. രാവിലെ ആരംഭിച്ച ഏറ്റുമുട്ടൽ ഉച്ചയോടെയാണ് അവസാനിക്കുന്നത്. അപ്പോഴും ചെറുപ്പമുള്ള രണ്ടു കുരങ്ങുകളും ശേഷിച്ചു. അവ പരസ്പരം ഏറ്റുമുട്ടി തളർന്നു വീഴുകയും ചെയ്തു. അപ്പോഴാണ് അതു സംഭവിക്കുന്നത്.

രാംകുമാർ ഒരുനിമിഷം നിർത്തിയപ്പോൾ അശ്വതി ആവേശത്തോടെ ചോദിച്ചു: 'കുരങ്ങന്മാർക്ക് എന്താണ് സംഭവിച്ചത്? ആരാണ് വിജയിയായത്?'

മകളുടെ ആവേശത്തെ കണ്ട് രാംകുമാർ കഥ തുടർന്നു :

ചെറുപ്പമുള്ള രണ്ടു കുരങ്ങുകളും തളർന്നു വീണപ്പോഴാണ് മറ്റൊരു കുരങ്ങ് കടന്നുവരുന്നത്. അതിന്റെ കയ്യിൽ അറ്റംകൂർപ്പിച്ച വടിയുണ്ടായിരുന്നു. കുരങ്ങുകൾ വടിയുടെ അറ്റം കൂർപ്പിക്കുക സ്വാഭാവികമല്ല. അതിനുള്ള ബുദ്ധി അവയ്ക്ക് ഇല്ല. എന്നാൽ ഈ ചെറുപ്പമുള്ള കുരങ്ങൻ വടി പാറപ്പുറത്ത് ഉരച്ച് അറ്റം കൂർപ്പിച്ചിരിക്കുന്നു. മൈതാനത്തിലേക്ക് ഉച്ചത്തിൽ ശബ്ദമുണ്ടാക്കി ചെറുപ്പമുള്ള കുരങ്ങൻ കടന്നുവന്നു. അത് തളർന്നുകിടന്ന ഒരു കുരങ്ങന്റെ നെഞ്ചിലേക്ക് വടിയാഞ്ഞു കുത്തുന്നു. അതോടെ ആ കുരങ്ങൻ മരിച്ചു. രണ്ടാമത്തെ കുരങ്ങൻ മാരകമായ മുറിവോടെ കാട്ടിലേക്ക് ഓടിപ്പോയി.

ഇതു കണ്ട മറ്റു കുരങ്ങുകൾ എല്ലാം ചെറുപ്പമുള്ള കുരങ്ങിനെ നേതാവായി അംഗീകരിച്ചു. ആ കുരങ്ങൻ ചോര ഒഴുകുന്ന വടിയുമായി ചുറ്റുപാടും നോക്കി. എതിർക്കാൻ ആരെങ്കിലും തയ്യാറുണ്ടോ എന്നാണ് കുരങ്ങൻ ശ്രദ്ധിച്ചത്.

ഒടുവിൽ ചെറുപ്പമുള്ള കുരങ്ങൻ മറ്റു കുരങ്ങുകൾ കേൾക്കാനായി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: 'ഇനി ഞാനാണ് സുമേരുവനത്തിലെ കുരങ്ങുകളുടെ നേതാവ്. എന്നെ അനുസരിക്കുകയാണ് നിങ്ങളുടെ ചുമതല. അല്ലെങ്കിൽ നിങ്ങൾക്ക് മരണത്തെ ആണ് നേരിടേണ്ടി വരുക. ഇനി ഞാൻ പറയുന്നത് തന്നെയാണ് ഇവിടത്തെ നിയമം. ആർക്കെങ്കിലും എതിർപ്പുണ്ടെങ്കിൽ ഇപ്പോൾത്തന്നെ പറയാം.'

നേതാവായ കുരങ്ങൻ ചുറ്റുപാടും ശ്രദ്ധിച്ചുകൊണ്ടുനിന്നു. അത് മറ്റു കുരങ്ങുകളോട് നിലം പതിഞ്ഞു കിടക്കാൻ ആവശ്യപ്പെട്ടു. കുറെ നേരത്തിനു ശേഷം നിവർന്നുനിൽക്കാൻ കല്പിച്ചു. മറ്റു കുരങ്ങുകളെല്ലാം നേതാവിന്റെ നിർദ്ദേശങ്ങളെ അനുസരിക്കുകയും ചെയ്തു.

പിന്നീട് നേതാവായ കുരങ്ങൻ മുമ്പിൽ നടന്നു. മറ്റുള്ളവ അതിനെ പിന്തുടർന്നു. ഒരു ഗുഹാമുഖത്താണ് എല്ലാ കുരങ്ങുകളും എത്തിച്ചേർന്നത്. നേതാവ് മറ്റു കുരങ്ങുകളോട് ഗുഹയെ പരിശോധിക്കാൻ ആവശ്യപ്പെട്ടു. അവ യാതൊരു പ്രശ്നവുമില്ലാതെ തിരിച്ചുവന്നു.

അപ്പോൾ നേതാവായ കുരങ്ങൻ മറ്റു കുരങ്ങൻമാരോടു പറഞ്ഞു: ‘ഇനിമുതൽ ഇതാണ് എന്റെ താമസസ്ഥലം. ഗുഹാമുഖത്ത് എപ്പോഴും ഊഴപ്രകാരം നാലുപേർ കാവൽ നിൽക്കണം. ഞാൻ മിക്കപ്പോഴും അകത്തുതന്നെ ഉണ്ടായിരിക്കും. എനിക്കു വേണ്ട എല്ലാ കാര്യങ്ങളും ഉടനടി ഞാൻ നിങ്ങളെ അറിയിക്കുന്നതായിരിക്കും.’

നേതാവിന്റെ വാക്കുകളെ പേടിയോടെയാണ് എല്ലാ കുരങ്ങുകളും കേട്ടത്. അവ നേതാവിന്റെ വാക്കുകളെ അനുസരിക്കാൻ തയ്യാറായി. ഭയവും ആശ്വാസവും ഒരുപോലെ കുരങ്ങുകളെയെല്ലാം ബാധിച്ചിരുന്നു. എന്നാൽ ഒരു നേതാവ് ഉണ്ടായതിൽ അവ എപ്പോഴും ആശ്വസിച്ചു.

തന്റെ വിജയത്തിനു കാരണം ചെത്തിക്കൂർപ്പിച്ച വടിയാണെന്ന് ചെറുപ്പക്കാരൻ കുരങ്ങിന് അറിയാം. അതുകൊണ്ട് വടിയെ എപ്പോഴും കരുതലോടെയാണ് നേതാവായ കുരങ്ങൻ സൂക്ഷിക്കുന്നത്.

അന്നുതൊട്ട് നേതാവായ കുരങ്ങൻ തന്റെ തീരുമാനങ്ങളെ നടപ്പിലാക്കി തുടങ്ങി. ചെറുപ്പക്കാരായ കുരങ്ങുകളെ ഇരതേടാനും ശത്രുക്കളെ നേരിടാനുമുള്ള രണ്ടു വിഭാഗക്കാരായി നേതാവ് വേർതിരിച്ചു. ശത്രുക്കളെ ഒറ്റയ്ക്ക് നേരിടുമ്പോൾ പല ആപത്തുകളും സംഭവിക്കാവുന്നതാണ്. സംഘംചേർന്ന് ശത്രുവിനെ നേരിടുമ്പോൾ വിജയം ഉറപ്പാണെന്ന് നേതാവായ കുരങ്ങൻ മനസ്സിലാക്കി.

ശത്രുവിനെ നേരിടാൻവേണ്ടി കുരങ്ങൻമാർ കാട്ടിൽ സംഘം ചേർന്ന് സഞ്ചരിച്ചുകൊണ്ടിരുന്നു. എന്നാൽ ഇരതേടുന്ന കുരങ്ങുകൾ അവയെയെല്ലാം നേതാവിന്റെ മുമ്പിലാണ് ആദ്യം എത്തിക്കേണ്ടത്. തുടർന്ന് നേതാവ് ഓരോരുത്തർക്കും വീതിച്ചു നൽ

കുന്നു. ഇതുവരെ കുരങ്ങുകൾ എല്ലാം അന്നന്നേക്കു വേണ്ട പഴങ്ങളെ ആണ് ശേഖരിച്ചിരുന്നത്. നേതാവ് വന്നതോടെ അവരുടെ രീതികൾക്ക് മാറ്റംവെച്ചു. നേതാവായ ചെറുപ്പക്കാരൻ കുരങ്ങ് സുമേരുവനത്തിലെ എല്ലാ പഴങ്ങളെയും ഗുഹയിൽ എത്തിക്കാനാണ് ആവശ്യപ്പെട്ടത്. നേതാവിന്റെ ആജ്ഞകളെ മറ്റുള്ളവ ചിട്ടയോടെ നടപ്പിലാക്കുകയും ചെയ്തു.

മറ്റു കുരങ്ങുകൾ കൊണ്ടുവന്ന പഴങ്ങളെ പാറപ്പുറത്ത് ഉണക്കാൻ വെയ്ക്കുകയാണ് നേതാവ് ചെയ്തത്. അതിന് നേതാവ് പെൺകുരങ്ങുകളെ ആണ് ഉപയോഗിച്ചത്.

ഇരതേടുന്ന കുരങ്ങുകൾ ഇടയ്ക്കിടെ ധാരാളം പഴങ്ങളെ കൊണ്ടുവന്നു. പെൺകുരങ്ങുകൾ അവയെ ഉണക്കി ഗുഹയിൽ സൂക്ഷിച്ചു. പഴങ്ങൾ കഴിഞ്ഞപ്പോൾ പച്ചക്കായകളെ ആണ് നേതാവ് കൊണ്ടുവരാൻ ആവശ്യപ്പെട്ടത്. അവയെയും പെൺകുരങ്ങുകൾ ഗുഹയിൽ ഉണക്കി സൂക്ഷിച്ചു.

സമൃദ്ധമായ ഭക്ഷണം ഉണ്ടായപ്പോൾ നേതാവിന്റെ ആവശ്യങ്ങൾ ഒന്നിനൊന്ന് കൂടിക്കൊണ്ടിരുന്നു. അധികകാലം വിഭവങ്ങളെ കൊണ്ടുവരാൻ ഇരതേടുന്ന കുരങ്ങുകൾക്ക് കഴിഞ്ഞില്ല. കാട്ടിലെ വിഭവങ്ങൾ ഒന്നിനൊന്ന് കുറഞ്ഞുവന്നു. ഇരതേടുന്ന കുരങ്ങുകൾ വളരെ പ്രയാസപ്പെട്ടാണ് പുതിയ വിഭവങ്ങളെ കണ്ടെത്തിയത്.



കൂടുതൽ പഴങ്ങളെ പറിച്ചതോടെ അവ പലതും ചീഞ്ഞളിഞ്ഞു പോയി. മൂക്കാത്ത കായ്കളെ പലപ്പോഴും ആർക്കും ഉപയോഗിക്കാനായില്ല. ഭക്ഷണത്തിന്റെ കുറവ് കുരങ്ങുകളെ വല്ലാതെ ബാധിച്ചിരുന്നു. അവ മെലിഞ്ഞു നീണ്ടു തുടങ്ങി.

നേതാവ് മറ്റു കുരങ്ങുകളുടെ അവസ്ഥയെക്കുറിച്ച് ചിന്തിക്കുന്നില്ല. അധികാരത്തിന്റെ ഉന്മാദത്തിലാണ് നേതാവായ കുരങ്ങൻ ജീവിച്ചത്.

കുടുംബവ്യവസ്ഥയാണ് കുരങ്ങുകൾക്കിടയിൽ നിലനിന്നിരുന്നത്. എങ്കിലും ലൈംഗികമായി പ്രത്യേക നിയന്ത്രണങ്ങളൊന്നും അവയ്ക്ക് ഉണ്ടായിരുന്നില്ല. എന്നാൽ നേതാവ് വന്നതോടെ കുരങ്ങുകളുടെ ജീവിതരീതികൾ ആകെ മാറിയിരിക്കുന്നു. ഇപ്പോൾ ചെറുപ്പമുള്ള പല പെൺകുരങ്ങുകളെയും നേതാവ് ഉപയോഗിക്കുന്നു. പെൺകുരങ്ങുകളെ ഗുഹയിൽ തന്നെ താമസിപ്പിക്കാൻ നേതാവ് പ്രത്യേകം ശ്രദ്ധിച്ചു. ഗർഭിണിയായ കുരങ്ങുകൾക്ക് മാത്രമാണ് ചില വിട്ടുവീഴ്ചകൾ ലഭിച്ചത്.

ഇത്തരം അവസ്ഥ രഹസ്യമായെങ്കിലും മറ്റു കുരങ്ങുകളുടെ ഇടയിൽ പ്രതിഷേധങ്ങൾ ഉണ്ടാക്കി. എങ്കിലും അതിനെ പുറമെ പ്രകടിപ്പിക്കാൻ ആരും തയ്യാറായില്ല. എല്ലാവരും നേതാവായ കുരങ്ങന്റെ കൂർത്ത്മൂർത്ത വടിയെ ആണ് ഭയന്നത്. അതിനെ നേരിടാൻ മറ്റു കുരങ്ങുകൾക്ക് കഴിഞ്ഞില്ല.

എല്ലാ കുരങ്ങുകളുടെയും ഉള്ളിലെ പ്രതിഷേധങ്ങളെ പുറമേക്ക് പ്രകടിപ്പിക്കാൻ ഒരവസരം വന്നുചേരുന്നു. ചെറുപ്പമുള്ള രണ്ടു കുരങ്ങുകളാണ് അതിന് കാരണമായി തീരുന്നത്. പെൺകുരങ്ങിനെ ഗുഹയിലേക്ക് പ്രത്യേകമായി നേതാവ് ക്ഷണിച്ചതാണ്. എന്നാൽ അത്തരം ഒരു ക്ഷണത്തെ പെൺകുരങ്ങ് സ്വീകരിക്കുന്നില്ല. അതോടെ നേതാവായ കുരങ്ങന് അടക്കാനാവാത്ത ദേഷ്യമാണ് തോന്നിയത്. കാവൽക്കാരുടെ വരവിനെ മുൻകൂട്ടി കണ്ട ആൺകുരങ്ങ് മറ്റു പലരെയും തുണക്കൂട്ടി. കാവൽക്കാരുടെ നീളൻവടി തന്നെയാണ് അവ ഉപയോഗിച്ചത്. കൂടുതൽ കുരങ്ങുകളെ കണ്ടതോടെ കാവൽക്കാർ തിരിച്ചുപോയി. പിന്നീട് വിദ്വേഷം സഹിക്കാനാവാതെ നേതാവായ കുരങ്ങനാണ് തന്റെ കൂർത്ത വടിയുമായി എത്തുന്നത്. നേതാവായ കുരങ്ങനെ ദൂരെനിന്നു കണ്ടതോടെ എല്ലാ കുരങ്ങന്മാരും കൂട്ടംചേരുന്നു. അവ ആർത്തിരമ്പി നേതാവിന്റെ നേർക്ക് അടുക്കുന്നു. നേതാവായ കുരങ്ങൻ കൂർത്ത വടിയുയർത്തിയപ്പോൾ മറ്റു കുരങ്ങുകൾ ദൂരെ നിന്നുതന്നെ കല്ലെറിഞ്ഞു തുടങ്ങി. കല്ലേറു

കൊണ്ട് നേതാവ് അവശനാകുന്നു. തളർന്നുവീണ നേതാവായ കുരങ്ങനെ മറ്റു കുരങ്ങുകൾ എല്ലാം കൂടി പുഴയിലേക്ക് വലിച്ചെറിയുകയാണ്. അങ്ങനെ അവർ പഴയ രീതികളിലേക്ക് തന്നെ വീണ്ടും തിരിച്ചുപോകുന്നു.

കുരങ്ങുകളുടെ പ്രശ്നങ്ങൾ എല്ലാം കാരണം ഭാഷയാണ്. എന്നാൽ ഭാഷയെ ഉപേക്ഷിക്കാൻ കുരങ്ങന്മാർക്ക് കഴിഞ്ഞില്ല. ഭാഷയോടൊപ്പം വന്നുചേർന്ന മനുഷ്യസ്വഭാവത്തിന് വീണ്ടും കുരങ്ങന്മാർ വഴങ്ങുകയാണ്. ഭാഷ ലഭിച്ചപ്പോൾ കുരങ്ങന്മാർക്കുണ്ടായ മാറ്റങ്ങളെ ഗന്ധർവ്വനായ വിമലകുമാരൻ അത്ഭുതത്തോടെ ആണ് കണ്ടത്. അതിന്റെ കാരണങ്ങളെ ഗന്ധർവ്വന് വിശദമായി മനസ്സിലാക്കാൻ കഴിഞ്ഞില്ല. ചിന്തയും വിവേകവുമാണ് മനുഷ്യന്റെ പ്രത്യേകത എന്ന് ഗന്ധർവ്വൻ തിരിച്ചറിഞ്ഞു. പക്ഷേ മനുഷ്യന്റെ വിവേകത്തെ ഭാഷയോടൊപ്പം കൂട്ടിച്ചേർക്കാൻ ഗന്ധർവ്വന് കഴിഞ്ഞില്ല

അശ്വതിയും അശ്വിനും വീണ്ടും കഥകൾ കേൾക്കാനുള്ള തയ്യാറെടുപ്പോടെ ഇരിക്കുകയാണ്. അതുകൊണ്ട് രാംകുമാർ പുതുതായി ഒരു കഥ അവരോട് പറഞ്ഞുതുടങ്ങി.

മൂന്നാം അദ്ധ്യായം

ഇത്തവണ ഗന്ധർവ്വൻ ചെന്നായ്ക്കൾക്കാണ് ഭാഷ നൽകാൻ തീരുമാനിച്ചത്. അതോടുകൂടി ഗന്ധർവ്വനായ വിമലകുമാരൻ ചെന്നായ്ക്കളുടെ ജീവിതരീതികളെ ശ്രദ്ധിച്ച് തുടങ്ങി. ചെന്നായ്ക്കളെ കണ്ടാൽ പെട്ടെന്ന് കുറുക്കന്റെ ലക്ഷണങ്ങളാണ് തോന്നുക. സൂക്ഷ്മമായി നോക്കുമ്പോഴാണ് ചെന്നായയുടെ പ്രത്യേകതകളെ തിരിച്ചറിയുക.

ചെന്നായ്ക്കൾ ഒറ്റപ്പെട്ടു ജീവിക്കുന്ന മൃഗമല്ല. അവ കൂട്ടത്തോടെ ആണ് എപ്പോഴും സഞ്ചരിക്കുക. സുമേരുവനത്തിൽ ധാരാളം ചെന്നായ്ക്കൾ ഉണ്ട്. അവ സ്വാഭാവികമായ ഗുഹകളിലും മണ്ണു തുരന്നുണ്ടാക്കിയ മാളങ്ങളിലും ആണ് ഒന്നിച്ചു താമസിക്കുന്നത്. ഏതു ശത്രുവിനെയും ഒന്നിച്ചാണ് അവർ ആക്രമിക്കുക. അതുകൊണ്ട് ചെന്നായ്ക്കളെ മറ്റു മൃഗങ്ങൾ പേടിയോടെയാണ് കാണുന്നത്. ചെന്നായ്ക്കളുടെ ഇഷ്ടപ്പെട്ട ആഹാരം മാനിറച്ചിയാണ്. മാനുകൾ കൂട്ടത്തോടെയാണ് എപ്പോഴും നടക്കുക. ഒറ്റപ്പെട്ട മാനുകളെ അപൂർവ്വമായാണ് കാണാൻ കഴിയുക. ഇരപിടിക്കാൻവേണ്ടി ചെന്നായ്ക്കൾ ആക്രമിക്കുമ്പോൾ മാൻകൂട്ടം അമിതമായ വേഗത്തിൽ ഓടിരക്ഷപ്പെടുന്നു. എന്നാൽ ഒറ്റതിരിഞ്ഞ മാനിനെ പലതവണ പല ചെന്നായ്ക്കളും ഓടിക്കുന്നു. അവസാനം ഓടിത്തളർന്നു മാൻ വീഴുകയാണ്. അതോടെ അവ മാനിനെ ആക്രമിച്ചു ഭക്ഷിച്ചുതുടങ്ങുന്നു.

ഇത്തരം കാഴ്ചകൾ ഗന്ധർവ്വനായ വിമലകുമാരനെ വളരെയധികം വിഷമിപ്പിച്ചു. അതിനുള്ള പരിഹാരമായാണ് ചെന്നായ്ക്കൾക്ക് ഗന്ധർവ്വൻ മനുഷ്യന്റെ ഭാഷ നൽകുന്നത്. അതോടെ ചെന്നായ്ക്കൾക്ക് ഉണ്ടാകുന്ന മാറ്റങ്ങളെ ഗന്ധർവ്വൻ ശ്രദ്ധിച്ചു തുടങ്ങി.

ഭാഷയോടൊപ്പം ചെന്നായ്ക്കളുടെ ഇടയിലേക്ക് സ്വപ്നങ്ങളും കടന്നുവന്നു. പ്രായംകൊണ്ട് തലമൂത്ത ചെന്നായയുടെ മനസ്സിലേക്കാണ് സ്വപ്നങ്ങൾ ആദ്യമായി കടന്നുവരുന്നത്. സ്വപ്നത്തിൽ

ചെന്നായ കണ്ടത് ഒറ്റപ്പെട്ട ഒരു ചെന്നായയെ ആണ്. ഇത് പല ദിവസങ്ങളിലും ആവർത്തിക്കുന്നുണ്ട്. സ്വപ്നത്തെക്കുറിച്ചു ചെന്നായ മറ്റ് ചെന്നായ്ക്കളോട് വിസ്തരിച്ചു പറഞ്ഞു. അപ്പോൾ അവയെല്ലാം പരിഹസിച്ചുചിരിക്കുകയാണ്.

വീണ്ടും സ്വപ്നത്തിൽ ചെന്നായ കടന്നുവന്നപ്പോൾ പ്രായമായ ചെന്നായ മറ്റുള്ളവരെയെല്ലാം വിളിച്ചുകൂട്ടി. എന്നിട്ട് ആ ചെന്നായ പറഞ്ഞു:'നമ്മുടെ ദൈവത്തെ ആണ് ഞാൻ സ്വപ്നത്തിൽ കണ്ടത്. നമ്മുടെ ദൈവത്തെ പ്രീതിപ്പെടുത്താനാണ് നമ്മൾ ശ്രമിക്കേണ്ടത്. അല്ലെങ്കിൽ ആപത്തുകളാണ് സംഭവിക്കുക.'

ഒരു വാകമരത്തിന്റെ ചുവട്ടിൽ നിൽക്കുന്ന ചെന്നായയെ ആണ് പ്രായമുള്ള ചെന്നായ സ്വപ്നത്തിൽ കാണുന്നത്. ഇത് വീണ്ടും പലതവണ സ്വപ്നദർശനമായി തീരുന്നുണ്ട്. അതോടെ എല്ലാ ചെന്നായ്ക്കളും വാകമരത്തെ അന്വേഷിച്ചുതുടങ്ങി. ഒടുവിൽ അവ മലഞ്ചെരുവിൽ ഒത്തൊരു വാകമരത്തെ കണ്ടെത്തുകയും ചെയ്തു.

പ്രായമുള്ള ചെന്നായ ആ വാകമരത്തിന്റെ മുമ്പിൽ കമിഴ്ന്നു കിടന്നു. തുടർന്ന് മറ്റു ചെന്നായ്ക്കളും ഇതുതന്നെ ആവർത്തിക്കുന്നു. അവയെല്ലാം സ്വപ്നദർശനം ഉണ്ടായ ചെന്നായയെ ബഹുമാനിച്ച് നിന്നു. അതിന്റെ വാക്കുകൾ അവക്ക് ഭാവിയെക്കുറിച്ചുള്ള പ്രവചനങ്ങളായി തോന്നി.ഇത്തരമൊരു അവസ്ഥയെയാണ് വയസ്സൻ ചെന്നായ തന്ത്രപരമായി ഉപയോഗിക്കുന്നത്. അത് വാകമര

ത്തിന്റെ ചുവട്ടിൽത്തന്നെ രാവിലെയും വൈകുന്നേരവും വന്നു പോയി. ചില രാത്രികളിൽ വീണ്ടും സ്വപ്നം കണ്ടപ്പോൾ വയസ്സൻ ചെന്നായ പറഞ്ഞു:

'നമ്മുടെ ദൈവമാണ് സ്വപ്നങ്ങളിലൂടെ എന്നിലേക്ക് വരുന്നത്. ദൈവം എന്നോട് പലതും കൽപ്പിക്കുന്നുണ്ട്. ആ കൽപ്പനകൾ ഞാൻ അനുസരിക്കുക മാത്രമാണ് ചെയ്യുന്നത്. അതുകൊണ്ട് എന്റെ കൽപ്പനകളെ നിങ്ങളും അനുസരിക്കണം. അല്ലെങ്കിൽ നമ്മുടെ ദൈവം നമുക്ക് ആപത്തുകളെ ഉണ്ടാക്കുക സ്വാഭാവികമാണ്.'

ഭാവിയെക്കുറിച്ച് ഓർത്ത് പേടിച്ച മറ്റു ചെന്നായ്ക്കൾ വയസ്സൻ ചെന്നായയുടെ വാക്കുകളെ അനുസരിക്കാൻ തയ്യാറായി. അതോടെ ചെന്നായകൂട്ടം മുഴുവൻ അതിന്റെ വാക്കുകൾക്ക് വേണ്ടി ചെവിയോർത്തു. തന്റെ വാക്കുകളെ വയസ്സൻ ചെന്നായ കരുതലോടെയാണ് പറഞ്ഞത്. അങ്ങനെ അതിന് മറ്റു ചെന്നായ്ക്കളെ നിലയ്ക്ക് നിർത്താൻ കഴിഞ്ഞു.

ഇക്കാലത്താണ് വയസ്സൻ ചെന്നായ ഒരു പ്രവചനം നടത്തുന്നത്. അത് മറ്റു ചെന്നായ്ക്കളോട് ഉച്ചത്തിൽ പറഞ്ഞു:

'ഒരു വലിയ അപകടം സംഭവിക്കാൻ പോകുകയാണ്. അതിനുള്ള മുന്നറിയിപ്പാണ് എനിക്ക് സ്വപ്നത്തിൽ ദൈവം പറഞ്ഞു തന്നിട്ടുള്ളത്. സുമേരുവനത്തിലെ നമ്മുടെ താമസസ്ഥലത്താണ് അപകടം സംഭവിക്കാൻ പോകുന്നത്. അതുകൊണ്ട് നമ്മൾ ഇനി അവിടെനിന്ന് താമസം മാറ്റേണ്ടതാണ്.'

വയസ്സൻ ചെന്നായയുടെ മുന്നറിയിപ്പിനെ മറ്റു ചെന്നായ്ക്കൾ പേടിയോടെയാണ് കേട്ടത്. അതോടെ സുമേരുവനത്തിലെ വാകമരത്തിന്റെ തൊട്ടടുത്തുള്ള മൺഗുഹയിൽ നിന്ന് എല്ലാ ചെന്നായ്ക്കളും താമസം മാറ്റി. എന്നാൽ ചെറുപ്പമുള്ള രണ്ടു ചെന്നായ്ക്കൾ എന്തിനെയും നേരിടാൻ തയ്യാറായി അവിടെത്തന്നെ തങ്ങി.

വയസ്സൻ ചെന്നായയുടെ പ്രവചനം അധികം വൈകാതെ സംഭവിച്ചു. കനത്ത കാറ്റുവീശിയപ്പോൾ സുമേരുവനത്തിലെ പല മരങ്ങളും കടപുഴങ്ങി വീണു. പല മരങ്ങളുടെയും കൊമ്പുകളാണ് പൊട്ടിയത്. വയസ്സൻ ചെന്നായയുടെ പ്രവചനത്തെ ധിക്കരിച്ച് മരച്ചുവട്ടിലെ ഗുഹയിൽ താമസിച്ചിരുന്ന രണ്ടു ചെന്നായ്ക്കളും അപകടത്തിൽപ്പെട്ടു. മരം വീണതോടെ ഗുഹയിലെ മണ്ണിടിഞ്ഞു. അതോടെ അവ ചത്തു നിശ്ചലമായി.

തുടർന്നാണ് വയസ്സൻ ചെന്നായ മറ്റു ചെന്നായ്ക്കളിൽ നിന്ന് വ്യത്യസ്തനാകുന്നത്. പിന്നീട് ഒരിക്കലും ആ ചെന്നായയ്ക്കു ഇര

തേടാൻ എവിടേക്കും പോകേണ്ടി വന്നില്ല. മറ്റു ചെന്നായ്ക്കൾ അതിന് ഇരയെ എത്തിക്കുകയാണ് ചെയ്തത്.

എല്ലാവർക്കും പ്രിയപ്പെട്ടവനായി തീർന്നതോടെ വയസ്സൻ ചെന്നായ മറ്റു ചെന്നായ്ക്കളുടെ പെരുമാറ്റങ്ങൾക്ക് ചില നിയമങ്ങളെല്ലാം ഉണ്ടാക്കി. അതനുസരിച്ചാണ് ഇനി എല്ലാ ചെന്നായ്ക്കളും പെരുമാറേണ്ടത്. വയസ്സായ എല്ലാ ചെന്നായ്ക്കളും ഇനിമുതൽ വാകമരത്തിന്റെ ചുവട്ടിലാണ് കഴിയേണ്ടത്. അവയ്ക്ക് വേണ്ട ഭക്ഷണം ചെറുപ്പമുള്ളവ നൽകണം. കൂടാതെ ഗർഭിണികളെയും കുട്ടികളുള്ള അമ്മമാരെയും വേട്ടയാടലിൽനിന്ന് ഒഴിവാക്കാനാണ് വയസ്സൻ ചെന്നായ നിശ്ചയിച്ചത്. ഭക്ഷണക്രമത്തിനും ഇണചേരലിനും പ്രത്യേക നിയമാവലികളൊന്നും വയസ്സൻ ചെന്നായ ഉണ്ടാക്കുന്നില്ല.

ശത്രുക്കളെ നേരിടാനുള്ള വഴികളെക്കുറിച്ചും ചെന്നായ്ക്കൾ തമ്മിലുള്ള കലഹങ്ങളെക്കുറിച്ചും വയസ്സൻ ചെന്നായ ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. എപ്പോഴും ചെറുപ്പമുള്ളവരാണ് ശത്രുവിനെ നേരിടേണ്ടത്. ഒരിക്കലും ഒറ്റപ്പെട്ട ആക്രമണങ്ങൾ ഉണ്ടാവരുത്. വയസ്സൻ ചെന്നായ നിശ്ചയിക്കുന്നവനാണ് നേതാവായിത്തീരേണ്ടത്. പിന്നീട് മറ്റെല്ലാവരും അതിന്റെ കല്പനകളെ അനുസരിച്ചാണ് നീങ്ങേണ്ടത്.

പല ചെന്നായ്ക്കൾക്കും അനുസരണയോടെ ജീവിക്കാൻ പ്രയാസമായിരുന്നു. എങ്കിലും ദൈവത്തിന്റെ മുന്നറിയിപ്പുകളെ നൽകുന്ന വയസ്സൻ ചെന്നായയെ അനുസരിക്കാൻ അവ തയ്യാറായി. അതിനു കാരണം ചെന്നായ്ക്കളുടെ പ്രാണഭയം തന്നെയാണ്.

ഇക്കാലത്താണ് മറ്റൊരു ചെന്നായ വിചിത്രമായ സ്വപ്നം കാണുന്നത്. പൊതുവേ എല്ലാ ചെന്നായ്ക്കളും മാംസഭുക്കുകളാണ്. ചെറുപ്പമുള്ള ചെന്നായയുടെ സ്വപ്നത്തിലെ കാഴ്ചകൾ വളരെ വിചിത്രമാണ്. സസ്യഭുക്കായ ഒരു ചെന്നായയെയാണ് അത് സ്വപ്നത്തിൽ കണ്ടത്. ഇത് പല രാത്രികളിലും ആവർത്തിച്ചു. സ്വപ്നദർശനത്തിൽ ചെന്നായ ഇലകളും പഴങ്ങളും മാത്രമാണ് തിന്നുന്നത്.

ചെറുപ്പമുള്ള ചെന്നായ തന്റെ സ്വപ്നദർശനങ്ങളെക്കുറിച്ച് മറ്റ് ചെന്നായ്ക്കളോട് പലതവണ പറഞ്ഞു. എന്നാൽ സസ്യഭുക്കായ ചെന്നായയെ സങ്കൽപ്പിക്കാൻ പോലും അവയ്ക്ക് കഴിഞ്ഞില്ല. എങ്കിലും ചെന്നായയുടെ സ്വപ്നങ്ങൾക്ക് പിന്നിൽ എന്തോ ഉണ്ടെന്ന് അവ കരുതി. വയസ്സൻ ചെന്നായയെ കണ്ട് വിവരം അറിയി

ച്ചെങ്കിലും യാതൊരു ഫലവും ഉണ്ടായില്ല. അങ്ങനെ ഒരു സ്വപ്നം ഉണ്ടാകില്ല എന്നാണ് ആ ചെന്നായ പറഞ്ഞത്.

ചെറുപ്പമുള്ള ചെന്നായ വീണ്ടും സസ്യഭുക്കായ ചെന്നായയെക്കുറിച്ച് സ്വപ്നം കാണുന്നു. അതോടെ ആ ചെന്നായ തന്റെ ജീവിത രീതികളെ മാറ്റി പണിയാൻ തയ്യാറാകുന്നു.

പിന്നീട് മറ്റു ചെന്നായ്ക്കളെല്ലാം കാണുന്നത് ചെറുപ്പമുള്ള ചെന്നായ സസ്യഭുക്കായി തീർന്നതിനെ ആണ്. അതിനൊരു ദോഷവും സംഭവിച്ചിട്ടില്ല. അതു കണ്ടപ്പോൾ ചില ചെന്നായ്കളും അതിന്റെ കൂടെക്കൂടി. തുടർന്ന് സസ്യഭുക്കുകളായ ചെന്നായ്കളുടെ എണ്ണങ്ങൾ കൂടിക്കൊണ്ടിരുന്നു.

പിന്നീട് മറ്റൊരു ദിവസം ചെറുപ്പമുള്ള ചെന്നായയ്ക്ക് മറ്റൊരു സ്വപ്നദർശനം ഉണ്ടായി. ആ ചെന്നായ മറ്റുള്ളവരോട് പറഞ്ഞു:

'നമ്മൾ ഇങ്ങനെ അനാവശ്യമായി ജീവിക്കേണ്ടവരല്ല. സസ്യാഹാരികളായ നമുക്ക് മോക്ഷത്തിന്റെ മാർഗ്ഗമാണ് മുമ്പിലുള്ളത്. അതുകൊണ്ട് അതിനാണ് ഇനി നമ്മൾ ശ്രദ്ധിക്കേണ്ടത്.'

അതിനുള്ള മാർഗ്ഗത്തെക്കുറിച്ച് ചെറുപ്പമുള്ള ചെന്നായ മറ്റുള്ളവയോട് പറഞ്ഞു. അതോടെ ഇടവിട്ട ദിവസങ്ങളിൽ മാത്രം ഭക്ഷിക്കാൻ അവ നിശ്ചയിച്ചു. എന്നാൽ ഇത് പല ചെന്നായ്ക്കൾക്കും അസഹ്യമായ അനുഭവമായിരുന്നു. എങ്കിലും മോക്ഷസങ്കല്പം ഉണ്ടായതോടെ അതിനുവേണ്ടി പലതും സഹിക്കാൻ അവ തയ്യാറായി. മോക്ഷം കിട്ടിയാൽ തങ്ങളുടെ പ്രിയപ്പെട്ട ദൈവത്തിന്റെ അടുത്തെത്തിച്ചേരാമെന്ന് ചെന്നായ്ക്കൾ കരുതി. അത്തരമൊരു ഭാവനതന്നെ ചെന്നായ്ക്കൾക്ക് എന്തും നേരിടാനുള്ള ആത്മബലം നൽകി.

ചെറുപ്പമുള്ള ചെന്നായയുടെ കൂടെ ചേർന്നവയും സസ്യാഹാരമാണ് കഴിച്ചത്. മറ്റാർക്കും അതിന്റെ രഹസ്യത്തെ തിരിച്ചറിയാനായില്ല. ചെറുപ്പമുള്ള ചെന്നായയും തനിക്ക് സംഭവിച്ച മാറ്റത്തെ കണ്ട് അത്ഭുതപ്പെടുകയാണ് ചെയ്തത്.

ഇടവിട്ട ദിവസങ്ങളിൽ മാത്രം ഭക്ഷിച്ചുകൊണ്ടിരുന്ന ചെറുപ്പമുള്ള ചെന്നായ എത്രയും വേഗം മോക്ഷം നേടാനാണ് ആഗ്രഹിച്ചത്. അതുകൊണ്ട് ഒരാഴ്ചയോളം അത് വെള്ളം മാത്രം കുടിച്ചു ജീവിച്ചു. അപ്പോഴും ചെറുപ്പമുള്ള ചെന്നായയെ പിന്തുടരാൻ പലരും ഉണ്ടായി. എങ്കിലും അവയ്ക്കൊന്നും മോക്ഷത്തെക്കുറിച്ച് വിശാലമായി ചിന്തിക്കാൻ കഴിഞ്ഞില്ല.

പിന്നീട് വീണ്ടും ചെറുപ്പമുള്ള ചെന്നായ ഉപവസിക്കാൻ തയ്യാ

റാവുന്നു. മോക്ഷത്തെയാണ് അത് ആഗ്രഹിച്ചത്. ചെന്നായയുടെ ഉപവാസം അനേകദിവസങ്ങൾ നീണ്ടു. ചെറുപ്പമുള്ള ചെന്നായ യുടെ മോക്ഷപ്രാപ്തിയെ കാണാൻ എപ്പോഴും മറ്റു ചെന്നായ്ക്കൾ എത്തി. അവയ്ക്ക് പ്രത്യേകിച്ചൊന്നും കണ്ടെത്താനായില്ല. ആകാ ശത്തുനിന്ന് മോക്ഷം നല്കാൻ വേണ്ടി ദൈവം ഇറങ്ങി വരും എ ന്നാണ് അവ കരുതിയത്. എന്നാൽ മറ്റു ചിലതാണ് സംഭവിക്കുന്ന ത്.ഇരുപത്തിയൊന്നാം ദിവസമാണ് ചെറുപ്പമുള്ള ചെന്നായ മരി ക്കുന്നത്. അപ്പോഴേയ്ക്കും അതിന്റെ ശരീരപ്രകൃതി വല്ലാതെ വര ണ്ടുണങ്ങി നീട്ടംവെച്ചു. ശ്വസിക്കാൻപോലും കഴിയാതെ ചെറുപ്പ മുള്ള ചെന്നായ തളർന്നുകിടന്നു. അതിന് പ്രത്യേകിച്ച് വാക്കുകളെ ഉച്ചരിക്കാൻ കഴിഞ്ഞില്ല. ചെറുപ്പമുള്ള ചെന്നായയുടെ ശ്വാസമെ ടുപ്പ് പതുക്കെപ്പതുക്കെ കുറഞ്ഞില്ലാതായി.

ചെറുപ്പമുള്ള ചെന്നായയുടെ മരണത്തെ മറ്റു ചെന്നായ്ക്കളെല്ലാം ആഘോഷമാക്കി. മരിച്ച ചെന്നായയെ മറ്റുള്ളവയെല്ലാം ചേർന്ന് അരയാലിൻചുവട്ടിൽ എത്തിച്ചു. അതിനുശേഷം ശവത്തിന്റെ മുക ളിൽ മറ്റു ചെന്നായ്ക്കളെല്ലാം മണ്ണുമാന്തിയിട്ടു. അങ്ങനെ ദിവ്യ നായ ചെന്നായയോടുള്ള കടപ്പാടിനെ അവ തീർത്തു.

ഇനിയാണ് മറ്റുചില അൽഭുതങ്ങൾ സംഭവിക്കുന്നത്.

ചെറുപ്പമുള്ള ചെന്നായ അനുയായികളുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞുകിടന്നു. അതോടെ രാത്രിയിൽ അവ ആ ചെന്നായെ സ്വപ്നം കണ്ടു. നെറ്റിയിൽ കറുത്ത മറുകുള്ള ആ ചെന്നായ മറ്റു ള്ളവരുടെ സ്വപ്നങ്ങളിലേക്ക് കടന്നുവന്നു. അതോടെ അവ ചെറു പ്പമുള്ള ചെന്നായയെ ദൈവമാക്കി. പിന്നീട് എല്ലാ രാത്രികളിലും കഷ്ടകാലങ്ങളെ ഇല്ലാതാക്കാൻ വേണ്ടി ആ ചെന്നായയെ ഓർ മ്മിച്ച് അവ ധ്യാനിച്ചു കിടന്നു.

രാംകുമാർ അശ്വനിയോട് അശ്വിനോടും വീണ്ടും പറഞ്ഞു:

ഗന്ധർവ്വന്റെ ദിവ്യശക്തികൾ വീണ്ടും ചെന്നായ്ക്കളെ വേട്ടയാ ടുകയാണ്. ഇത്തവണ മറ്റൊരു ചെന്നായയാണ് വിചിത്രമായ സ്വപ് നത്തെ കാണുന്നത്. ഏകദേശം ഒരു വർഷം പ്രായമുള്ള ചെന്നയ കുട്ടിയെ മറ്റൊരു ചെന്നായ കടിച്ചുകൊല്ലുന്നതിനെയാണ് അത് സ്വപ്നത്തിൽ കണ്ടത്. തന്റെ സ്വപ്നത്തെക്കുറിച്ച് ചെന്നായ മറ്റു ള്ളവയോട് പറയുന്നുണ്ട്. എന്നാൽ ആർക്കും അതിനെ വിശദീക രിക്കാൻ കഴിഞ്ഞില്ല.

വീണ്ടും ചെന്നായയുടെ മനസ്സിലേക്ക് കുട്ടിയെ കടിച്ചുകൊല്ലുന്ന സ്വപ്നം കടന്നുവരുന്നുണ്ട്. ഇത് പലതവണ തുടരുകയാണ്. ഒരു

രാത്രി ചെന്നായയ്ക്ക് സ്വപ്നം മാത്രമല്ല കല്പനയും ഉണ്ടായി. അതനുസരിച്ച് ഒരു വയസ്സ് തികയുന്നതിനു മുമ്പുള്ള ചെന്നായ കുട്ടിയെയാണ് ദൈവത്തിന് ബലി നൽകേണ്ടത്.

ദൈവത്തിനു നൽകേണ്ട ബലിദാനത്തെക്കുറിച്ച് ചെന്നായ മറ്റു ചെന്നായ്ക്കളോട് പറയുന്നു. കുട്ടിയെ ബലികൊടുക്കാൻ ആൺ ചെന്നായ്ക്കൾ സമ്മതിച്ചെങ്കിലും അതിന് പെൺചെന്നായ്ക്കൾ തയ്യാറായില്ല.വീണ്ടും ബലി നടത്തുന്നതായി ചെന്നായയ്ക്ക് സ്വപ്നദർശനം ഉണ്ടായി. അതോടെ ചെന്നായ ദൈവത്തിന് ബലി കൊടുക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തി തുടങ്ങി. ആരും സ്വമനസ്സാലെ മക്കളെ നൽകാത്തതുകൊണ്ട് മറ്റുവഴികളിലൂടെ കാര്യസിദ്ധി നടത്താമെന്ന് ആ ചെന്നായ തീരുമാനിച്ചു.അങ്ങനെയാണ് പത്തുമാസം പ്രായമുള്ള ഒരു ചെന്നായക്കുട്ടിയെ മറ്റാരും കാണാതെ ആ ചെന്നായ കടിച്ചു തൂക്കിക്കൊണ്ടുപോകുന്നത്. പിന്നീട് അതിനെ ഉൾക്കാട്ടിൽ വെച്ച് കൊല്ലുകയും ചെയ്തു.

എന്നാൽ കുട്ടിയുടെ അവശിഷ്ടങ്ങളെ കണ്ടപ്പോൾ മറ്റു ചെന്നായ്ക്കൾക്ക് ബലി നടത്തിയ ചെന്നായയെ തിരിച്ചറിയാൻ കഴിഞ്ഞു. അതോടെ അവ ആ ചെന്നായയുടെ നേർക്ക് തിരിയുന്നു. പിന്നീട് മറ്റു ചെന്നായ്ക്കളെല്ലാം ചേർന്ന് അതിനെ ആക്രമിക്കുകയാണ്. അതോടെ ചെന്നായ്ക്കളുടെ കടിയേറ്റ ആ ചെന്നായ രക്തം വാർന്ന് അവശനായി മരച്ചോട്ടിൽ തളർന്നുകിടന്നു. പിന്നീട് പിറ്റേന്നാണ് ചെന്നായ മരിക്കുന്നത്.

ബലി നടത്തിയുള്ള മോക്ഷസങ്കൽപ്പങ്ങളെ ചെന്നായ്ക്കൾക്ക് ഉൾക്കൊള്ളാനായില്ല. അതുകൊണ്ടാണ് അവ ആ ചെന്നായയെ ശത്രുവായി കണ്ടത്.എല്ലാ ചെന്നായകളുടെയും മനസ്സിലേക്ക് പല ദിവസങ്ങളിലും വിചിത്രമായ സ്വപ്നങ്ങൾ ആണ് കടന്നുവരുന്നത്. പൂർവ്വികനായ ഒരു ചെന്നായയുടെ രൂപത്തെയാണ് അവ സ്വപ്നത്തിൽ കണ്ടത്. അതോടെ ദൈവം ഉണ്ടെന്ന തിരിച്ചറിവ് ചെന്നായ്ക്കൾക്ക് ഉണ്ടായി. പിന്നീട് എല്ലാ ദൈവങ്ങളെയും തങ്ങൾ സ്വപ്നങ്ങളിൽ കണ്ട ചെന്നായയായി അവ സങ്കൽപ്പിച്ചുതുടങ്ങി. അങ്ങനെ ചെന്നായ്ക്കളുടെ ഇടയ്ക്ക് പല ദൈവങ്ങളുണ്ടായി. എന്നാൽ അവയ്ക്കെല്ലാം ഒരേ രൂപംതന്നെ ആയിരുന്നു.

ചെന്നായ്ക്കൾക്ക് മനുഷ്യന്റെ സ്വപ്നങ്ങളെ ഗന്ധർവ്വനായ വിമല കുമാരൻ നൽകി. എങ്കിലും മനുഷ്യന്റെ വിവേകത്തെ നൽകാൻ ഗന്ധർവ്വനു കഴിഞ്ഞില്ല. അതുതന്നെയാണ് ഗന്ധർവ്വന്റെ ദിവ്യശക്തിയുടെ പരിമിതി. അതാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്.

നാലാം അദ്ധ്യായം

ഇത്തവണ ആനകൾക്കാണ് ഗന്ധർവ്വനായ വിമലകുമാരൻ സംസാരിക്കാനുള്ള കഴിവ് നൽകുന്നത്. അതിനുമുമ്പ് ആനകളുടെ ജീവിതത്തെ ഗന്ധർവ്വൻ നിരീക്ഷിച്ചു.

പൊതുവേ ശാന്തമായ മൃഗങ്ങളാണ് ആനകൾ. പരമാവധി സംയമനം പാലിച്ചാണ് അവ ജീവിക്കുന്നത്. സ്വന്തം ശക്തിയെ ആനകൾ ഒരിക്കലും തിരിച്ചറിയുന്നില്ല. അതുകൊണ്ട് അവ മറ്റു പല മൃഗങ്ങളെയും പേടിച്ചാണ് ജീവിക്കുന്നത്. എങ്കിലും അവയുടെ കൂട്ടായ ജീവിതരീതി ആനകളെ അതിജീവനത്തിന് സഹായിച്ചിരുന്നു.

ഒരു കൊമ്പനും മറ്റു കൂട്ടാളികളും മക്കളും അടങ്ങുന്നതാണ് ആനക്കുടുംബം. കുട്ടിക്കൊമ്പൻ വളരുന്നതോടെ മറ്റൊരു കുടുംബം ഉണ്ടാക്കുകയാണ്. മനുഷ്യന്റെ അതിക്രമങ്ങളെ മാത്രമല്ല സിംഹത്തിന്റെ ആക്രമണത്തെയും ആനകൾ പലപ്പോഴും നേരിടുന്നു.

ഭാഷ ലഭിച്ചതോടെ ആനകൾ ആദ്യമായി സ്വന്തം ശക്തിയെ തിരിച്ചറിയുകയാണ്. അതോടെ അവയുടെ മൃദുലഭാവങ്ങൾ നഷ്ടപ്പെടുകയും തീരാത്ത പക വളരുകയും ചെയ്തു. ഇപ്പോഴും ഗന്ധർവ്വന് ആനകൾക്ക് മനുഷ്യരെപ്പോലെ വിവേകവും ചിന്തയും നൽകാൻ കഴിഞ്ഞില്ല.

ആദ്യമായി സുമേരുവനത്തിലെ പ്രായമുള്ള കൊമ്പനാണ് സംസാരിച്ചുതുടങ്ങിയത്. മനുഷ്യന്റെ ഭാഷ അപൂർവ്വമായെങ്കിലും ആനകൾ കേട്ടിട്ടുണ്ട്. അതുകൊണ്ട് താൻ സംസാരിക്കുന്നത് മനുഷ്യന്റെ ഭാഷയാണെന്ന് ആനക്കൊമ്പൻ തിരിച്ചറിഞ്ഞു.

സന്തോഷത്തോടെ കൊമ്പനാന വിളിച്ചുപറഞ്ഞു:

'ഇപ്പോൾ എനിക്ക് മനുഷ്യരെപ്പോലെ സംസാരിക്കാൻ കഴിയുന്നുണ്ട്. ജീവിതകാലം മുഴുവൻ ഇങ്ങനെ സംസാരിക്കാൻ കഴിയണമേ എന്നാണ് എന്റെ ആഗ്രഹം.'

അപ്പോൾ മറ്റ് ആനകളും പറഞ്ഞു:

‘ഞങ്ങൾക്കും സംസാരിക്കാൻ കഴിയുന്നുണ്ട്. നമുക്കങ്ങനെ സംസാരിച്ചുകൊണ്ട് ഇരിക്കണം.’

ഒരു പകലും രാത്രിയും ആനകൾ സംസാരിച്ചുകൊണ്ടിരുന്നു. ഭാഷ അവരുടെ കൊതിതീരാത്ത ആവേശമായി. ആനകൾ തിന്നുമ്പോഴും ധാരമുറിയാതെ വാക്കുകൾ പുറപ്പെടുവിച്ചു. വാക്കുകളുടെ പിന്നിലുള്ള അർത്ഥങ്ങളെക്കുറിച്ച് ആനകൾക്ക് ഏകദേശ ധാരണയുണ്ട്.

വാക്കുകൾക്കൊപ്പം സ്വന്തം ശക്തി തിരിച്ചറിഞ്ഞതോടെ ആനകൾ ശത്രുക്കളെ നശിപ്പിക്കാൻ തീരുമാനിച്ചു. അതോടുകൂടി സുമേരുവനത്തിലെ എല്ലാ ആനകളും ഒന്നിച്ചുചേർന്നു. അവ പ്രധാനമായി ആലോചിച്ചത് ശത്രുക്കളെ നേരിടാനാണ്. ശത്രുവിനെ ഒരിക്കലും ഒറ്റപ്പെട്ട് ആക്രമിക്കരുതെന്ന് ആനകൾ തീരുമാനിച്ചു. കൂട്ടം ചേർന്നാണ് ശത്രുസംഹാരം നടത്തേണ്ടത്. ശക്തരായ തങ്ങളുടെ മുമ്പിൽ സിംഹവും പുലിയും നിസ്സഹായരാണ്. അവയെ തോൽപ്പിക്കാനുള്ള ശക്തി ആനക്കൂട്ടങ്ങൾക്ക് ഉണ്ട്.

ഇത്തരമൊരു തീരുമാനത്തോടെയാണ് അമ്പതോളംവരുന്ന ആനകൾ തയ്യാറെടുപ്പുകൾ നടത്തുന്നത്. അവ പുലികളെ തിരഞ്ഞ് അവയുടെ സങ്കേതത്തിൽ എത്തി. ആനക്കൂട്ടത്തെ കണ്ടപ്പോൾ ആദ്യം അവയെ നേരിടാൻ പുലികൾ ഉറച്ചതാണ്. എന്നാൽ ആനകളുടെ പകയെ പെട്ടെന്ന് തന്നെ ആൺപുലി തിരിച്ചറിഞ്ഞു.



അതോടെ ആൺപുലിയും പെൺപുലിയും മക്കളുമായി സുമേരു വനത്തിന്റെ ഉൾക്കാടിലേക്ക് ജീവനുംകൊണ്ട് ഓടിക്കയറി. പിന്നീട് അവ ഒരിക്കലും താഴ്‌വരയിലേക്ക് മടങ്ങി വന്നില്ല.

എന്നാൽ ആനക്കൂട്ടങ്ങൾ സിംഹത്തെ നേരിടുന്നത് മറ്റൊരു രീതിയിലാണ്. സുമേരുവനത്തിൽ താമസിക്കുന്ന സിംഹങ്ങളെക്കുറിച്ച് ആനകൾക്ക് നല്ലതുപോലെ അറിയാം. അതുകൊണ്ട് പലപ്പോഴും ആനകൾ സിംഹങ്ങളുടെ താവളത്തിൽനിന്ന് വഴിമാറി നടക്കുകയാണ് പതിവ്. സുമേരുവനത്തിൽ ഒരാൺ സിംഹവും ഒരു പെണ്ണും രണ്ടു മക്കളുമാണുള്ളത്. അവ ആവശ്യത്തിന് അനുസരിച്ച് ഇരപിടിച്ച് ജീവിക്കുന്നു. ആനയിറച്ചി തിന്നില്ലെങ്കിലും അവയെ അവസരം കിട്ടിയാൽ മസ്തകം തല്ലിപ്പൊളിച്ച് കൊല്ലുക പതിവാണ്.

സിംഹത്തെയും കുടുംബത്തെയും നേരിടാൻ ഉറച്ച ആനകൾ കൂട്ടത്തോടെ അവയുടെ താവളത്തിലേക്ക് കയറിച്ചെന്നു. ആദ്യമായി കൊമ്പനാനകളാണ് സിംഹത്തെ ആക്രമിക്കുന്നത്. ആൺസിംഹത്തിനും പെൺസിംഹത്തിനും ആനകളെ എതിർക്കാൻ കഴിഞ്ഞില്ല. പെട്ടെന്നുള്ള ആക്രമണത്തിൽ അവ രണ്ടും ചത്തു വീഴുകയാണ്. കുട്ടികൾ ഗുഹയിലേക്ക് കയറുകയും ചെയ്തു.

എന്നാൽ സിംഹക്കുട്ടികളെ വെറുതെ വിടാൻ ആനകൾ തയ്യാറായില്ല. അനേകം പാറക്കല്ലുകൾ കൊണ്ട് അവ ഗുഹാമുഖം അടച്ചു. അതോടെ ശ്വാസംകിട്ടാതെ സിംഹക്കുട്ടികൾ പിടഞ്ഞു ചാകുകയാണ്.

വീണ്ടും ആനകൾ പക തീർക്കാനായി ശത്രുക്കളെ തെരഞ്ഞുകൊണ്ടിരുന്നു. തങ്ങളുടെ വഴിത്താരയിൽ തടസ്സമായിനിന്ന മരങ്ങളെയെല്ലാം ആനകൾ പിഴുതെറിഞ്ഞു. അതോടെ സന്തോഷംകൊണ്ട് അവയുടെ മനസ്സ് നിറഞ്ഞു. സന്തോഷം പ്രകടിപ്പിക്കാനായി ആനകൾ പുഴവക്കിലുള്ള വാഴത്തോപ്പിലേക്കാണ് എത്തുന്നത്. ധാരാളം വാഴകൾ പുഴവക്കത്ത് സ്വാഭാവികതയോടെ വളർന്നുനിൽക്കുന്നു. പലതും കായ്ച്ചിട്ടുണ്ട്. ചില വാഴകളിലെ കുലകൾ പഴുത്തിരിക്കുന്നു. അവയെ യഥേഷ്ടം തിന്ന ആനകൾ സന്തോഷത്തോടെ വാഴക്കൂട്ടങ്ങളെ നശിപ്പിക്കുകയും ചെയ്തു.

കൂട്ടത്തിലെ പ്രായംകൂടിയ കൊമ്പനാന പറഞ്ഞു:

'അമിതമായ സന്തോഷം അപകടമാണ് ഉണ്ടാക്കുക. അതുകൊണ്ട് നമ്മൾ കരുതലോടെ നീങ്ങണം.'

അപ്പോൾ ചെറുപ്പക്കാരനായ ഒരാന പറഞ്ഞു:

‘നമ്മുടെ നിത്യശത്രു മനുഷ്യരാണ്. അവരെയാണ് ഇനി നമ്മൾ നേരിടേണ്ടത്. അവർ വാരിക്കുഴി ഉണ്ടാക്കി ആനകളെ പിടിച്ച് അവയെ നാട്ടിൽ മെരുക്കി വളർത്തുകയാണ്. അതിനെയാണ് നമ്മൾ ഇനി ഇല്ലാതാക്കേണ്ടത്.’

അതുകേട്ടപ്പോൾ പ്രായമുള്ള ആന പറഞ്ഞു:

‘മനുഷ്യർക്ക് ആനകളെ മാത്രമല്ല എല്ലാ മൃഗങ്ങളെയും വെടിവെച്ചുകൊല്ലാൻ കഴിയും. അവർ പരസ്പരം യുദ്ധം ചെയ്യുന്നവരുമാണ്. അതുകൊണ്ട് വളരെ സൂക്ഷിച്ചാണ് മനുഷ്യരെ നേരിടേണ്ടത്.’

അത്തരം ഒരു അഭിപ്രായം എല്ലാ ആനകളും സന്തോഷത്തോടെയാണ് സ്വീകരിച്ചത്. അതുകൊണ്ട് ക്ഷമയോടെ അവസരം വരുന്നതുവരെ കാത്തിരിക്കാമെന്ന് അവ നിശ്ചയിച്ചു.

തുടർന്ന് മനുഷ്യന്റെ സുമേരുവനത്തിലേക്കുള്ള വരവിനുവേണ്ടി ആനകൾ കാത്തിരുന്നു. അതിനുമുമ്പ് സുമേരുവനത്തിന്റെ പല ഭാഗങ്ങളിലുമുള്ള വാരിക്കുഴികളെ ആനക്കൂട്ടങ്ങൾ മണ്ണുകുത്തി മലർത്തി നിരപ്പാക്കി. അതിനുശേഷം അവ കാട്ടിൽ ഇടയ്ക്കിടെ വരുന്ന വനപാലകരെ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

ഒരു ജീപ്പിലാണ് പതിവായി വനപാലകർ വരുക. അവർ പതിവുപോലെ കാടിനെ പരിശോധിച്ചു തിരിച്ചുപോകും. പോകുമ്പോൾ പലപ്പോഴും ഏതെങ്കിലും വന്യമൃഗത്തെ കൊന്ന് അവർ കൊണ്ടുപോകും. അവർക്ക് മൃഗങ്ങൾ തിന്നാനുള്ള ഇരയാണ്.

ഭാഷ ലഭിച്ച ആനകൾ ആദ്യമായി വനപാലകരെയാണ് നേരിടാൻ തീരുമാനിച്ചത്. അപ്പോൾ ആരും സംസാരിക്കരുതെന്ന് അവ പറഞ്ഞുറപ്പിച്ചു. ചുറ്റുപാടുകളെ ശ്രദ്ധിച്ചു നടന്നിരുന്ന ആനകളുടെ മുമ്പിലേക്കാണ് വനപാലകരുടെ ജീപ്പ് വരുന്നത്. പെട്ടെന്നാണ് ആനക്കൂട്ടം ജീപ്പിനെ ആക്രമിക്കുന്നത്. ആനകൾ ആക്രമിച്ചതോടെ ഡ്രൈവർ ജീപ്പ് തിരിച്ചുവിടാൻ ശ്രമിച്ചതാണ്. എന്നാൽ അയാൾക്ക് അതിന് കഴിഞ്ഞില്ല. അപ്പോഴേയ്ക്കും ആനകൾ ജീപ്പിനെ കുത്തിമലർത്തിയിരുന്നു. വനപാലകരായ നാലുപേരും ഓടി രക്ഷപ്പെടുകയാണ് ചെയ്തത്. ആനക്കൂട്ടം ജീപ്പിനെ പൂർണ്ണമായും നശിപ്പിക്കുകയും ചെയ്തു.

അതിനുശേഷം ആനക്കൂട്ടം മനുഷ്യരെ പകൽവെളിച്ചത്തിൽ ആക്രമിക്കേണ്ടെന്ന് തീരുമാനിച്ചു. തുടർന്ന് അവ രാത്രി വനപാലകരുടെ കോളനി ആക്രമിക്കാൻ നിശ്ചയിച്ചു.

അർദ്ധരാത്രിയോടെയാണ് കാട്ടാനക്കൂട്ടം വനപാലകരുടെ കോള

നികളുടെ മുമ്പിൽ എത്തുന്നത്. അതിനുമുമ്പുതന്നെ അവ ഒരു തീരുമാനത്തിൽ എത്തിച്ചേർന്നിരുന്നു. തങ്ങൾക്ക് സംസാരിക്കാൻ കഴിയുമെന്ന് ആരെയും അറിയിക്കരുതെന്ന് അവർ കരുതി. അതുകൊണ്ട് വളരെയധികം ശ്രദ്ധിച്ചു നിശ്ശബ്ദരായാണ് ആനകൾ കോളനിയുടെ പരിസരത്തിൽ എത്തുന്നത്.

വനപാലകരെ കൊല്ലണമെന്ന് ആനകൾ തീരുമാനിച്ചിരുന്നില്ല. അവ വാതിലും ജനലുകളും തകർക്കുക മാത്രമാണ് ചെയ്തത്. അതോടെ വനപാലകരും കുടുംബവും കണ്ടവഴി ഓടിരക്ഷപ്പെട്ടു.

ഇത് പല രാത്രികളിലും തുടരുകയുണ്ടായി. അതോടെ വനപാലകരും കുടുംബവും താഴ്‌വരയിലേക്ക് മടങ്ങി.

തുടർന്ന് കാട്ടാനകൾ വനം കയ്യേറ്റക്കാരുടെ വീടുകളിലേക്കാണ് എത്തുന്നത്. കയ്യേറ്റക്കാരുമായി ആനകൾ ചിട്ടയോടെ ആണ് ഏറ്റുമുട്ടുന്നത്. വനപാലകരെക്കാളും കൂടുതൽ അപകടകാരികൾ കയ്യേറ്റക്കാരാണെന്ന് ആനകൾക്ക് അറിയാം. അതുകൊണ്ട് പെട്ടെന്നാണ് അവരുടെ വീടുകളെ കാട്ടാനകൾ ആക്രമിക്കുന്നത്. അതിനുവേണ്ടി പുലർച്ചെയാണ് അവ സമയം നിശ്ചയിച്ചത്. മുൻകൂട്ടി തയ്യാറാക്കിയ തീരുമാനത്തെ കാട്ടാനകൾ നടപ്പിലാക്കി.

വീണ്ടും പലതവണ കാടുകയറിയ മനുഷ്യരുടെ വീടുകളെ കാട്ടാനകൾ ആക്രമിക്കുന്നു. അവ വീടുകളെ മാത്രമല്ല കൃഷിസ്ഥലത്തെയും കുത്തിമറിക്കുകയും ചെയ്തു. തുടർന്ന് കയ്യേറ്റക്കാർ നാടുകളിലേക്ക് പിന്മാറുകയാണ്.

മനുഷ്യൻ ആനകളുടെ മുമ്പിൽനിന്ന് പ്രാണഭീതിയോടെ ഓടിരക്ഷപ്പെട്ടു. അതുകണ്ടപ്പോൾ അവയ്ക്ക് അമിതമായ സന്തോഷം തോന്നി. അപ്പോൾ സ്വന്തം ശക്തിയെയാണ് ആനകൾ തിരിച്ചറിയുന്നത്.

ചെറുപ്പമുള്ള ആന ആവേശത്തോടെ പറഞ്ഞു:

'നമ്മൾ മനുഷ്യരെ വെറുതെ വിടരുത്. നൂറ്റാണ്ടുകളായി അവർ നമ്മളെ അടിമകളാക്കുകയാണ്. അതിന് നേരേയാണ് നമ്മൾ പോരാടേണ്ടത്.'

ചെറുപ്പമുള്ള ആനയുടെ അഭിപ്രായം മറ്റെല്ലാവരും സന്തോഷത്തോടെ ആണ് സ്വീകരിച്ചത്. എന്നാൽ പ്രായമായ ആനകൾക്ക് മനുഷ്യന്റെ കഴിവിനെക്കുറിച്ച് ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ട് മനുഷ്യരോട് നേരിട്ട് ഏറ്റുമുട്ടാൻ അവ തയ്യാറായില്ല. ആവേശം കൊണ്ട ചെറുപ്പമുള്ള ആനകൾ ഒടുവിൽ നിശബ്ദരായി. എങ്കിലും ചില മുന്നേറ്റങ്ങൾ നടത്തണമെന്ന് അവയെല്ലാം ചേർന്ന് തീരുമാ

നിച്ചു. അങ്ങനെയാണ് ആനകൾ താഴ്വരയിലുള്ള ആനക്കൊട്ടിലുകളെ നശിപ്പിക്കാൻ തീരുമാനിക്കുന്നത്. ആനകൾ ഇതിന് ഒരു പകലിനെ ആണ് നിശ്ചയിച്ചത്.

താഴ്വരയിലേക്ക് കാട്ടാനകൾ സംഘം ചേർന്നാണ് പോകുന്നത്. മുപ്പതോളം ആനകൾ ചിന്നംവിളിച്ചു താഴ്വരയിലേക്ക് ഇറങ്ങിച്ചെന്നു. അവ ആരെയും ആക്രമിച്ചില്ല. വസ്തുക്കളെ ഒന്നും നശിപ്പിച്ചതുമില്ല. ആനക്കൂട്ടങ്ങളെ ആൾക്കൂട്ടം ബഹളത്തോടെ ആണ് പിന്തുടർന്നത്. എന്നാൽ കാട്ടാനകൾ മനുഷ്യരെ ഒട്ടും പരിഗണിച്ചില്ല. ആനകൊട്ടിലിലേക്ക് എത്തിച്ചേർന്ന കാട്ടാനകൾ നാട്ടാനകളെ എല്ലാം മോചിപ്പിച്ചു. ആനകൊട്ടിലിനെ അവ അടിച്ചുതകർക്കുകയും ചെയ്തു. തുടർന്ന് കാട്ടാനകൾ പത്തു നാട്ടാനകളുമായി കാട്ടിലേക്ക് മടങ്ങി. സ്വാതന്ത്ര്യം അനുഭവിച്ച നാട്ടാനകൾ ചുറ്റുപാടുകളെ മുഴുവൻ നശിപ്പിച്ചു കൊണ്ടാണ് മുന്നേറുന്നത്. അവ കാടിനെയും വെറുതെ വിട്ടില്ല. മുമ്പിൽ കണ്ട മരങ്ങളെയും ഈറ്റക്കൂട്ടങ്ങളെയും നാട്ടാനകൾ നശിപ്പിച്ചു.

അവസാനം പ്രായമുള്ള കാട്ടാന നാട്ടാനകളോട് പറഞ്ഞു:

'കാടിനെ നശിപ്പിക്കാൻ അല്ല നിങ്ങളെ സ്വതന്ത്രരാക്കിയത്. ഞങ്ങളെപ്പോലെ സ്വാതന്ത്ര്യത്തോടെ ജീവിക്കാനാണ്. ഞങ്ങളെ അനുസരിച്ചില്ലെങ്കിൽ വീണ്ടും നിങ്ങളെ നാട്ടിൽ തന്നെ ഞങ്ങൾ എത്തിക്കും.'

മനുഷ്യന്റെ ഭാഷ അറിയുന്ന നാട്ടാനകൾക്ക് കാട്ടാനകളുടെ ഭാഷയെ തിരിച്ചറിയാൻ കഴിഞ്ഞു. എന്നാൽ നാട്ടാനകൾക്ക് മറുപടി പറയാൻ കഴിഞ്ഞില്ല. അവയ്ക്ക് കാട്ടാനകളെ പോലെ സംസാരിക്കാനുള്ള കഴിവ് ലഭിച്ചിരുന്നില്ല.

മനഃപ്രയാസത്തോടെ ആണെങ്കിലും നാട്ടാനകൾക്ക് കാട്ടാനകളെ അനുസരിക്കേണ്ടി വന്നു. തുടർന്ന് അവ സൗമ്യരായാണ് പെരുമാറിയത്. എന്നാൽ കാട്ടാനകളുടെ ഭക്ഷണശീലവുമായി പൊരുത്തപ്പെടാൻ നാട്ടാനകൾക്ക് ഒരിക്കലും കഴിഞ്ഞില്ല.

ഈറൻമുളയും ഓടകൂട്ടങ്ങളും കരിമ്പും കാട്ടാനകൾക്ക് പ്രിയപ്പെട്ട ഭക്ഷണങ്ങളാണ്. എന്നാൽ നാട്ടാനകൾ ഇവയെ ഒന്നുമല്ല തിന്നുന്നത്. അവർക്ക് പ്രിയപ്പെട്ടത് തെങ്ങോലകളാണ്. സുമേരു വനത്തിൽ തെങ്ങുകൾ ഒട്ടുംതന്നെയില്ല. അതുകൊണ്ട് പലപ്പോഴും നാട്ടാനകൾക്ക് പട്ടിണി കിടക്കേണ്ടിവന്നു. അവ പലതവണ കാട്ടാനകളുടെ ഭക്ഷണശീലത്തെ പിന്തുടരാൻ ശ്രമിച്ചതാണ്. അതോടെ കഠിനമായ വയറിളക്കമാണ് നാട്ടാനകൾക്ക് ഉണ്ടായത്. എങ്കിലും

കാട്ടിൽത്തന്നെ സ്വാതന്ത്ര്യത്തോടെ ജീവിക്കാമെന്ന് അവ തീരുമാനിച്ചു.

പതുക്കെപ്പതുക്കെ ആണ് നാട്ടാനകൾ കാട്ടാനകളുടെ ഭക്ഷണരീതികളെ ശീലിക്കുന്നത്. അവയ്ക്ക് പുഴക്കരയിലുള്ള വാഴപ്പഴങ്ങളോടാണ് കൂടുതൽ ഇഷ്ടമുള്ളത്.

ഒരുദിവസം പകൽ നേരത്താണ് കാട്ടാനകൾ വീണ്ടും താഴ്‌വരയിലേക്ക് ഇറങ്ങുന്നത്. ഇത്തവണ അവ പല നാശനഷ്ടങ്ങളും മനുഷ്യർക്ക് ഉണ്ടാക്കി. ആനകളെ തിരിച്ച് കാട്ടിലേക്ക് ഓടിക്കാൻ മനുഷ്യർ പരമാവധി ശ്രമിച്ചു.

അപ്പോൾ പെട്ടെന്ന് ചെറുപ്പമുള്ള ആന മനുഷ്യരോട് വിളിച്ചുപറഞ്ഞു: 'മര്യാദയ്ക്ക് ഞങ്ങളുടെ സ്ഥലത്തുനിന്നും നിങ്ങൾ ഒഴിഞ്ഞു പോകണം. ഇതു പറയാൻ വേണ്ടിയാണ് ഞങ്ങൾ വന്നിരിക്കുന്നത്.'

മനുഷ്യന്റെ ഭാഷയാണ് കാട്ടാനകൾ സംസാരിച്ചത്. അത് കേട്ടപ്പോൾ ആൾക്കൂട്ടം ആദ്യം അമ്പരന്നു. പിന്നീട് എല്ലാ ആനകളും സംസാരിച്ചു തുടങ്ങിയപ്പോൾ എന്തോ അപകടമുണ്ടെന്ന് മനുഷ്യർക്ക് മനസ്സിലായി. അങ്ങാടിയിലേക്ക് ഇറങ്ങിയിരിക്കുന്നത് ദിവ്യത്വമുള്ള ആനകളാണെന്ന് മനുഷ്യർക്ക് തോന്നി. അതോടെ അവർ കടകൾ അടച്ച് ഓടിരക്ഷപ്പെട്ടു.

എന്നാൽ കാട്ടാനകൾ മനുഷ്യരെ പിന്തുടരാൻ തയ്യാറായില്ല. ചിന്തയും വിവേകവും ആണല്ലോ മനുഷ്യന്റെ ശക്തി. അതിനെക്കൊണ്ട് ആനകളെ നേരിടാനാണ് ആൾക്കൂട്ടം തീരുമാനിച്ചത്. അവർ പരാതിയുമായി വനപാലകരെ സമീപിച്ചു. അങ്ങനെയാണ് അവർ തോക്കുമായി കാട്ടാനകളെ നേരിടാൻ തയ്യാറായത്.

ഒരു പകലിലാണ് വനപാലകർ തോക്കുമായി കാട്ടിലേക്ക് വരുന്നത്. മനുഷ്യരുടെ വരവിനെ മുൻകൂട്ടി മണത്തറിഞ്ഞ കാട്ടാനകൾ അവരുടെ വഴിമുടക്കാൻ തയ്യാറായി. അതോടെ കാട്ടുവഴികളിൽ ഉള്ള മരങ്ങളെ അവ കുത്തിമറിച്ചിട്ടു. അങ്ങനെ മനുഷ്യരുടെ മുമ്പോട്ടുള്ള നീക്കങ്ങളെ തടഞ്ഞു.

എന്നാൽ മനുഷ്യർ വന്യമൃഗങ്ങളുടെ മുമ്പിൽ തോൽക്കാൻ തയ്യാറായില്ല. വനപാലകർ പിന്മാറിയെങ്കിലും പിന്നീട് തോക്കുള്ള നാലാളുകൾ കാട്ടുവഴികളിൽ കൂടെ തടസ്സങ്ങളെ വകവെയ്ക്കാതെ മുമ്പോട്ടുനീങ്ങി. അവസാനം അവർ ആനക്കൂട്ടങ്ങളെ കണ്ടുമുട്ടി. നാലാളുകളും ചേർന്നാണ് ഒരു കാട്ടാനയെ വെടിവെച്ചു കൊല്ലുന്നത്. അതോടെ നാട്ടാനകൾ കാട്ടാനകളിൽനിന്ന് തെറ്റിപ്പിരിഞ്ഞ് ആന

ക്കൊട്ടിലിലേക്കുതന്നെ മടങ്ങി. എന്നാൽ തോക്കുകളുള്ള മനുഷ്യരെ കാട്ടാനകൾ ആക്രമിച്ചു. രണ്ടുപേർ കാട്ടാനകളുടെ ചവിട്ടേറ്റ് ചതഞ്ഞ് മരിക്കുകയും ചെയ്തു. ഒരു കാട്ടാനയ്ക്ക് മാരകമായ മുറിവുപറ്റി. അതോടെ എല്ലാ കാട്ടാനകളും ഉൾക്കാടുകളിലേക്ക് പിന്മാറി.

മനുഷ്യന്റെ ധിക്കാരത്തെ നേരിടാൻ കാട്ടാനകൾ വീണ്ടും കൂടിയാലോചനകൾ നടത്തി. തരം കിട്ടുമ്പോഴെല്ലാം മനുഷ്യരുടെ കൃഷിയിടങ്ങളെയും വീടുകളെയും നശിപ്പിക്കണമെന്ന് അവ തീരുമാനിച്ചു.

അതിപ്പോഴും തുടരുകയാണ്. മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടൽ എക്കാലത്തെയും സംഭവമായിരിക്കുന്നു.

അശ്വതിക്കും അശ്വിനും രാംകുമാർ പറഞ്ഞ കഥകൾ ഇഷ്ടപ്പെട്ടു. ഗന്ധർവ്വന്റെ ദിവ്യശക്തിയെ ഓർത്ത് അവർക്ക് അത്ഭുതമാണ് തോന്നിയത്. കഥയിലെ ഗന്ധർവ്വനെ അവർ കൂടുതൽ ഇഷ്ടപ്പെടുകയും ചെയ്തു

അഞ്ചാം അദ്ധ്യായം

ഇത്തവണ ഗന്ധർവ്വനായ വിമലകുമാരൻ കരടികൾക്കാണ് മനുഷ്യന്റെ ഭാഷ നൽകുന്നത്. അതിനുമുമ്പ് ഗന്ധർവ്വൻ കരടികളുടെ പ്രത്യേകതകളെ എല്ലാം പരിശോധിച്ചു. അവയുടെ പരസ്പരമുള്ള ബന്ധങ്ങളെ വിമലകുമാരൻ കണ്ടെത്തി. അതിന് ഗന്ധർവ്വന് പല തവണ കരടികളെ നിരീക്ഷിക്കേണ്ടിവന്നു.

പൊതുവേ കരടികൾ ആക്രമണ സ്വഭാവമുള്ളവയല്ല. ശത്രുക്കളോടും ഇരപിടിക്കാനും വേണ്ടി മാത്രമാണ് അവ ഏറ്റുമുട്ടുക. എന്നാൽ കരടിയുടെ ആക്രമണത്തിൽ അകപ്പെട്ട ഏത് ജീവിക്കും രക്ഷപ്പെടാൻ കഴിയില്ല. വലിയ ശരീരം ആണെങ്കിലും എവിടേയ്ക്കും എത്താൻ കരടികൾക്ക് കഴിയും. അത്രത്തോളം ശക്തിയുള്ളതാണ് അവയുടെ മുൻകാലുകളും പിൻകാലുകളും.

എന്നാൽ ഇവയെ ഒന്നുമല്ല ഗന്ധർവ്വനായ വിമലകുമാരൻ ശ്രദ്ധിച്ചത്. കരടികളുടെ കുടുംബബന്ധമാണ് ഗന്ധർവ്വന് വിഷയമായത്. കാരണം അതിശക്തമായ കുടുംബബന്ധമാണ് കരടികൾ തമ്മിൽ ഉള്ളത്. ആൺകരടിയും പെൺകരടിയും മക്കളും അടങ്ങുന്നതാണ് അവയുടെ കുടുംബം. വലിയ മരങ്ങളുടെ പൊത്തുകളിലും ഗുഹകളിലുമാണ് കരടികൾ താമസിക്കുന്നത്. പെൺകരടിയും ആൺ കരടിയും മറ്റു കരടികളുമായി ലൈംഗികബന്ധവും ഇണബന്ധവും ഉണ്ടാക്കാറില്ല. ഇഷ്ടപ്പെട്ട ഇണയുമായി ജീവിതകാലം മുഴുവൻ അവ കഴിയുന്നു.

മക്കൾ വലുതാകുന്നതോടെ ആണ് കരടികളുടെ ജീവിതത്തിന് മാറ്റങ്ങൾ സംഭവിക്കുക. പ്രായപൂർത്തിയായ ആൺകരടിയും പെൺ കരടിയും ഇണയെ കണ്ടെത്തി വേറിട്ട് കുടുംബജീവിതം ആരംഭിക്കുന്നു. അവ തങ്ങൾക്കു വേണ്ട ഗുഹയെയും കണ്ടെത്തുന്നു.

ഇതെല്ലാം പല ദിവസങ്ങളിലും നടത്തിയ നിരീക്ഷണത്തിലാണ് ഗന്ധർവ്വനായ വിമലകുമാരൻ മനസ്സിലാക്കുന്നത്. ഗന്ധർവ്വന് കരടികളോട് പ്രത്യേക താല്പര്യമാണ് തോന്നിയത്. എങ്കിലും മനുഷ്യന്റെ ഭാഷ ലഭിക്കുമ്പോൾ കരടികൾക്ക് ഉണ്ടാകുന്ന മാറ്റ

ത്തെക്കുറിച്ച് അറിയാൻ ഗന്ധർവ്വൻ ആഗ്രഹിച്ചു. മൃഗങ്ങൾക്ക് ഭാഷ ലഭിച്ചാൽ ഉണ്ടാകുന്ന മാറ്റത്തെ ഗന്ധർവ്വൻ മനസ്സിലാക്കിയിട്ടുള്ള താണ്. മനുഷ്യമനസ്സിന്റെ അടിത്തട്ടിലുള്ള മൃഗീയതയാണ് പല മൃഗങ്ങൾക്കും ഉണ്ടാകുന്നത്. ഇതിനെ മനസ്സിലാക്കാൻ വിമലകുമാ രനു കഴിഞ്ഞു. അത് ഗന്ധർവ്വനെ അതിശയിപ്പിക്കുകയും ചെയ്തു.

തുടർന്ന് ഗന്ധർവ്വൻ കരടികൾക്ക് മനുഷ്യന്റെ ഭാഷ നൽകുക യാണ്. അതോടെ അവ പലതരം മാറ്റങ്ങൾക്ക് കീഴ്പ്പെടുന്നു.

ഉറക്കം ഉണർന്ന പെൺകരടിയാണ് ആദ്യമായി സംസാരിച്ചു തുടങ്ങുന്നത്. ഗുഹാമുഖത്തിലേക്ക് വന്ന പെൺകരടി പ്രഭാത ത്തിന്റെ ചുവപ്പിനെ കണ്ട് ഗുഹക്കുള്ളിലേക്ക് വിളിച്ചു പറഞ്ഞു:

'നേരം വെളുത്തുതുടങ്ങി. രാവിലെ എന്തൊരു സൗന്ദര്യമാണ്.'

താൻ എന്താണ് പറയുന്നതെന്ന് ആദ്യം അവൾക്ക് മനസ്സിലാ ക്കാൻ കഴിഞ്ഞില്ല. എന്നാൽ ആൺകരടിയും മക്കളും ഇതാ വരു ന്നെന്നു പറഞ്ഞപ്പോഴാണ് പെൺകരടി കാര്യങ്ങളെല്ലാം അറിയു ന്നത്.

ചെറുപ്പമുള്ളവയാണ് ആൺകരടിയും പെൺകരടിയും. അവ യ്ക്ക് രണ്ടു മക്കൾ മാത്രമാണ് ഉള്ളത്. സ്വതന്ത്രമായാണ് അവ ജീവിച്ചിരുന്നെങ്കിലും ചില വിലക്കുകൾ സ്വാഭാവികമായും അവ രുടെ ഇടയിൽ ഉണ്ട്. കെട്ടുറപ്പുള്ള കുടുംബബന്ധം ആണെന്ന് മുമ്പു തന്നെ പറഞ്ഞുവല്ലോ. അതുകൊണ്ട് അനാവശ്യബന്ധങ്ങളെ ഉണ്ടാ ക്കാൻ കരടികൾ ശ്രദ്ധിക്കാറില്ല. അവയെ ഒഴിവാക്കുകയാണ് പതിവ്.

ഭാഷ ലഭിച്ചതോടെ ആൺകരടി പെൺകരടിയോട് പറഞ്ഞു:

'നീ സുന്ദരിയാണ്. എനിക്ക് നിന്നെ ജീവിതകാലം മുഴുവൻ വേണം.'

അത് കേട്ടപ്പോൾ പെൺകരടിക്ക് അഭിമാനമാണ് തോന്നിയത്. അവൾ തന്റെ പ്രിയപ്പെട്ടവനെ സൂക്ഷിച്ചുനോക്കി. അതിനുശേഷം പറഞ്ഞു:

'നിങ്ങളും സുന്ദരനാണ്. എനിക്ക് എക്കാലത്തും നിങ്ങളുടെ കൂടെ ജീവിക്കണം.'

മനുഷ്യന്റെ ഭാഷക്കൊപ്പം അവരുടെ മനോഗതികളും കരടിക ളുടെ ഇടയ്ക്ക് കടന്നുവന്നു. പതിവില്ലാത്തവിധം അവയ്ക്ക് ചില കാര്യങ്ങൾക്ക് ലജ്ജ ഉണ്ടായി. അതിനെ കരടികൾ ഗൗരവമായി പരിഗണിച്ചില്ല. കരടികൾ സ്വാഭാവിക ജീവിതരീതിയിലേക്ക് തന്നെ മടങ്ങുകയും ചെയ്തു.

കരടികൾ ഇണയുമായാണ് എപ്പോഴും ഇരതേടാൻ ഇറങ്ങുക.

എന്നാൽ മക്കൾ ഉണ്ടാകുമ്പോൾ അമ്മക്കരടി ഗുഹയിൽത്തന്നെ ഇരിക്കും. മക്കൾ വലുതാകുന്നതുവരെ ആൺകരടിയാണ് അമ്മയ്ക്കും മക്കൾക്കും വേണ്ടി ഇരതേടുക.

ഇവിടെ പെൺകരടിയ്ക്ക് ചെറിയ മക്കളാണ് ഉള്ളത്. അതുകൊണ്ട് മക്കളെ ഗുഹയിൽവിട്ട് പുറമേ പോകാൻ പെൺകരടി തയ്യാറായില്ല. കരടിക്കുട്ടികളുടെ പ്രധാന ശത്രു ചെന്നായ്ക്കളാണ്. അവ കുട്ടികളെ ആക്രമിച്ചു കീഴ്പ്പെടുത്തി കൊന്നു തിന്നുകയാണ് പതിവ്. അതുകൊണ്ട് എല്ലാ ഗുഹകളിലെയും പെൺകരടികൾ മക്കൾ വലുതാവുന്നതുവരെ കാവലിരിക്കും.

തനിച്ച് ഇര തേടാനിറങ്ങുന്ന ആൺകരടി പലപ്പോഴും ചെറിയ മൃഗങ്ങളെയാണ് കണ്ടെത്തി പിടികൂടുക. അവയെ എല്ലാവരുംകൂടി തിന്നുന്നു. പിന്നീട് ചില ദിവസങ്ങൾക്ക് ശേഷമാണ് വീണ്ടും ഇര

തേടുക. ഇതിനിടയ്ക്ക് കാട്ടുപഴങ്ങളെ അവ പതിവായി തിന്നാറുമുണ്ട്. എന്നാൽ ഭാഷ ലഭിച്ചതോടെ കരടികളുടെ ഇണതേടുന്ന രീതികൾക്ക് ആദ്യമായി മാറ്റംവെയ്ക്കുന്നു. ഒരു മാനിനെ പിടികൂടിയ കരടി അതിനെ ഗുഹാമുഖത്ത് എത്തിക്കുന്നു. ഇരയെ പെൺകരടിക്കും മക്കൾക്കും നൽകിയതിനു ശേഷം ആൺകരടി വീണ്ടും ഇരതേടാൻ പോകുകയാണ്.

പെൺകരടിയാണ് അതിന് ആൺകരടിയെ നിർബ്ബന്ധിക്കുന്നത്. പെൺകരടി ആൺകരടിയോട് പറഞ്ഞു:

'മഴക്കാലം വരാറായെന്ന് തോന്നുന്നു. നമുക്ക് വേണ്ട ഭക്ഷണത്തെ കണ്ടെത്തി ഉണക്കി സൂക്ഷിക്കണം.'

ഇത്തവണ ആൺകരടി ഒരു മുയലിനെ ആണ് പിടിക്കുന്നത്. അതിനെ ഗുഹയിൽ ആൺകരടി എത്തിച്ചു. മുയലിനെ പല കഷ്ണങ്ങളാക്കി പാറപ്പുറത്ത് ഉണക്കാൻ വെച്ചു. ഭാവിയിലെ ഭക്ഷണക്ഷാമത്തെ നേരിടുകയാണ് അവ ചെയ്യുന്നത്. ഭാഷ ലഭിച്ച സുമേരുവനത്തിലെ കരടികൾ എല്ലാംതന്നെ ഇതുതന്നെയാണ് ചെയ്യുന്നത്. അവരും ക്ഷാമകാലത്തെ നേരിടാൻ മൃഗങ്ങളെ കൊന്ന് ഉണക്കി സൂക്ഷിച്ചു. ഇതുവരെ സുമേരുവനത്തിലെ മൃഗങ്ങൾ ഭക്ഷണക്ഷാമം അനുഭവച്ചിട്ടില്ല. അവ അത്യാവശ്യത്തിനു മാത്രമാണ് ഇരയെ കൊന്നത്. അതുകൊണ്ട് കരുതിവെയ്പ്പുകൾ ഇല്ലാതെ അവയ്ക്ക് ജീവിക്കാൻ കഴിഞ്ഞു.

കരടികൾ ഇരകളെ കൊന്ന് ഉണക്കി സൂക്ഷിച്ചു തുടങ്ങിയതോടെ സ്വാഭാവികമായി കാട്ടിൽ ചെറിയ മൃഗങ്ങൾ ഇല്ലാതായി തുടങ്ങി. എങ്കിലും വളരെ കാലത്തേക്ക് ഇരകിട്ടുമെന്ന തോന്നലാണ് കരടികൾക്ക് ഉള്ളത്. ഭാഷ കിട്ടി എങ്കിലും ചിന്തയും വിവേകവും ഒന്നും സുമേരുവനത്തിലെ മൃഗങ്ങൾക്കൊന്നും ലഭിച്ചില്ല. അതുതന്നെയാണ് അവയുടെ ദുരന്തമായി തീർന്നത്. മനുഷ്യന്റെ ചിന്തയും വിവേകവും നൽകാൻ ഗന്ധർവ്വന് കഴിഞ്ഞില്ല. എന്നാൽ മൃഗങ്ങൾക്ക് ഭാഷ ലഭിച്ചതോടെ അവ മനുഷ്യന്റെ ചില പ്രത്യേക സ്വഭാവങ്ങൾക്ക് അടിമയാവുകയും ചെയ്തു. അത് മനുഷ്യരിൽ നിന്ന് മൃഗങ്ങൾക്കും മൃഗങ്ങളിൽ നിന്ന് മനുഷ്യർക്കും കിട്ടിയതാണോ എന്ന് അറിയാൻ ഗന്ധർവ്വനായ വിമലകുമാരന് കഴിഞ്ഞില്ല.

ഭാവിയിലേക്ക് ഭക്ഷണം സൂക്ഷിച്ചുവെച്ചെങ്കിലും അത് അധികകാലത്തേക്ക് നിലനിന്നില്ല. മാസങ്ങൾ കഴിഞ്ഞപ്പോൾ മാംസങ്ങളെല്ലാം ചീഞ്ഞു തുടങ്ങി. അവ വല്ലാത്ത ദുർഗന്ധമായി ഗുഹയിൽ പരന്നു. ചീഞ്ഞളിഞ്ഞ മാംസത്തിൽ മുഴുക്കെ പുഴുക്കളാണ്.

അതോടെ കരടികൾ അവയെ പുറമേയ്ക്ക് വലിച്ചെറിഞ്ഞു. പുതിയ ഇരക്കുവേണ്ടി ആൺകരടി കാട്ടിൽ മുഴുക്കെ അലഞ്ഞു നടന്നു.

ഇപ്പോൾ കരടിക്കുട്ടികൾ വലുതായിരിക്കുന്നു. അവ സ്വന്തമായി ജീവിക്കാനുള്ള തയ്യാറെടുപ്പിലാണ്. ഒരു ദിവസം രണ്ടു കരടിക്കുട്ടികളും അമ്മക്കരടിയിൽ നിന്ന് വേറിട്ടു. അവയെ വേർപെടുത്തിയത് അമ്മക്കരടി തന്നെയാണ്.

ഇപ്പോൾ ആൺകരടിയും പെൺകരടിയും ചിലപ്പോഴൊക്കെ ഇണചേരാറുണ്ട്. അവ ഇരപിടിക്കാനായി ഒന്നിച്ചാണ് പോകുന്നത്. അപൂർവ്വമായി മാത്രം ആൺകരടി ഒറ്റയ്ക്ക് പോകാറുണ്ട്.

അത്തരമൊരു ചുറ്റുപാടിലാണ് പെൺകരടി മറ്റൊരു ആൺകരടിയെ കാണുന്നത്. അവൾ അതിനെ അവഗണിച്ചു. വീണ്ടും പലതവണ ആൺകരടിയില്ലാത്ത നേരം നോക്കി മറ്റൊരു കരടി വരുന്നതിനെ പെൺകരടി കണ്ടു.

ഗുഹയുടെ പുറത്തു നിന്നുകൊണ്ടിരുന്ന പെൺകരടിയുടെ അടുത്ത് മറ്റേ കരടി എത്തിയപ്പോൾ പെൺകരടി പറഞ്ഞു:

'എന്റെ ആൺകരടി കണ്ടാൽ നിന്റെ ജീവനുണ്ടാവില്ല. നീ എന്തിനാണ് വരുന്നതെന്ന് എനിക്കറിയാം.'

അതുകേട്ടപ്പോൾ മറ്റേ ആൺകരടി പറഞ്ഞു:

'നിന്റെ വാക്കുകൾക്ക് എന്തൊരു മാധുര്യമാണ്. അത് കേൾക്കാൻ എനിക്ക് എപ്പോഴും കൊതിയാണ്. അതിനുവേണ്ടിയാണ് ഞാൻ നിന്നെ കാണാൻ വരുന്നത്.'

അതുകേട്ടപ്പോൾ പെൺകരടിക്ക് അമിതമായ സന്തോഷമാണ് തോന്നിയത്. അവൾ മറ്റേ കരടിയുമായി കൂടുതൽ അടുത്തുതുടങ്ങി. അതോടെ അവർ തമ്മിലുള്ള അകൽച്ച അവസാനിക്കുകയും ചെയ്തു.

പിന്നീട് പലതവണ ആൺകരടിയില്ലാത്ത നേരംനോക്കി മറ്റെ കരടി വന്നുകൊണ്ടിരുന്നു. ചിലപ്പോൾ പെൺകരടി മറ്റേ കരടിയെ കാണാൻ വേണ്ടി ചുറ്റുപാടുകളിൽ അലഞ്ഞുനടക്കും. എന്നാൽ പെൺകരടിയുടെ മാറ്റത്തെ ഒന്നും ആൺകരടി അറിഞ്ഞിരുന്നില്ല.

ഗുഹയുടെ പരിസരത്ത് പതുങ്ങി നടന്നിരുന്ന മറ്റേ കരടിയെ പെൺകരടി ഒരിക്കൽ ഗുഹയിലേക്ക് വിളിച്ചു വരുത്തി. അത് പെൺകരടിയെ നക്കിതുടച്ചപ്പോൾ വല്ലാത്ത അനുഭൂതിയാണ് അതിന് ഉണ്ടായത്.

ആദ്യകാലങ്ങളിൽ ആൺകരടി അങ്ങനെ ചെയ്തിരുന്നതാണ്. ഇപ്പോൾ കാലപ്പഴക്കംകൊണ്ട് അവരുടെ പ്രണയഭാവങ്ങൾ ഇല്ലാ

തായിരിക്കുന്നു. അവയ്ക്കിടയിൽ വെറും ലൈംഗികത മാത്രമാണ് ഉള്ളത്.

പിന്നീട് ഇടയ്ക്കിടെ പെൺകരടിയെ തിരഞ്ഞു മറ്റേ കരടി ഗുഹയിൽ എത്തി. ഒടുവിൽ അവ ഇണചേർന്നു രസിക്കുകയും ചെയ്തു. പെൺകരടി പലപ്പോഴും ആൺകരടിയുമായി ഇണചേർന്നു. എങ്കിലും അതെല്ലാം യാന്ത്രികമായ ഇടപാടുകളായിരുന്നു.

അനാവശ്യകാരണങ്ങൾ പറഞ്ഞു പലപ്പോഴും പെൺകരടി ഗുഹയിൽ തന്നെ ഇരുന്നു. അവൾ മറ്റേ കരടിയെ എപ്പോഴും കാത്തിരുന്നു. മറ്റേ കരടി വരുമ്പോൾ അവ ആഹ്ലാദത്തോടെ ഇണചേർന്ന് രസിക്കുകയും ചെയ്തു.

ഒരിക്കൽ മറ്റേ കരടിയുമായി ഇണചേർന്നു കൊണ്ടിരുന്ന പെൺകരടിയുടെ മുമ്പിലേക്ക് ആൺകരടി പെട്ടെന്ന് കടന്നുവന്നു. ആൺകരടിയുടെ വരവിനെ മറ്റെ കരടി തിരിച്ചറിഞ്ഞില്ല. എന്നാൽ ആൺകരടിയുടെ മണത്തെ പെൺകരടി തിരിച്ചറിഞ്ഞു. അതോടെ മറ്റെ കരടിയിൽനിന്ന് അത് കുതറിമാറി. പെൺകരടി നെഞ്ചത്തടിച്ച് നിലവിളിച്ചു തുടങ്ങി. അപ്പോൾ മറ്റേ കരടി ഓടിരക്ഷപ്പെടുകയും ചെയ്തു.

ആൺകരടിയോട് പെൺകരടി താഴ്മയോടെ പറഞ്ഞു:

'അവൻ എന്നെ നിർബന്ധിച്ച് നശിപ്പിച്ചതാണ്. എനിക്കവനെ ഒട്ടും ഇഷ്ടമല്ല. ഇനി ഞാനെന്തു ചെയ്യാൻ?'

പെൺകരടിയുടെ വാക്കുകൾ കേട്ട ആൺകരടി അതിനെ ആശ്വസിപ്പിച്ചു. തുടർന്ന് അവ വീണ്ടും കുടുംബജീവിതം തുടർന്നു.

എന്നാൽ ഇപ്പോൾ പെൺകരടി മറ്റേ കരടിയെ തേടി പോകുകയാണ് ചെയ്യുന്നത്. അവളുടെ ഇടപാടുകളെ ആൺകരടിക്ക് അറിയാൻ കഴിഞ്ഞില്ല.

ഒരു ദിവസം മറ്റേ കരടിയുടെ ഗുഹയിലേക്ക് പോയ പെൺകരടി ആൺകരടിയുടെ അടുത്തേക്ക് തിരിച്ചു വന്നില്ല. പെൺകരടി മറ്റേ കരടിയുമായി കുടുംബബന്ധം ആരംഭിക്കുകയാണ്.

ആൺകരടി പെൺകരടി ഇല്ലാതെ വല്ലാത്ത വിഷമിച്ചു. ഒരാഴ്ചയോളം അത് പെൺകരടിയെ കാത്തിരുന്നു. പിന്നീട് പെൺകരടി മറ്റേ കരടിയുടെകൂടെയാണ് എന്ന് ആൺകരടി തിരിച്ചറിഞ്ഞു.

അതോടെ ആൺകരടി പുതുതായി ഒരു ഇണയെ കണ്ടെത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. പല ദിവസങ്ങൾക്കു ശേഷം ഒരു ഇണയെ ആൺകരടി കണ്ടെത്തുകയും ചെയ്തു.

കരടികളുടെ ജീവിതത്തെ നിരീക്ഷിച്ചുകൊണ്ടിരുന്ന ഗന്ധർവ്വ

നായ വിമലകുമാരന് അത്ഭുതമാണ് തോന്നിയത്. ഭാഷ കിട്ടിയ തോടെ കരടികൾ എല്ലാം മനുഷ്യരെ പോലെയാണ് പെരുമാറു ന്നത്. കരടികൾ ഇപ്പോൾ ആത്മവഞ്ചന മാത്രമല്ല പരവഞ്ചനയും ചെയ്യുന്നുണ്ട്.

ഇതിനെക്കുറിച്ചോർത്തപ്പോൾ കരടികൾക്ക് മനുഷ്യന്റെ ഭാഷ നൽകിയ ഗന്ധർവ്വന് വിഷമം തോന്നി. എങ്കിലും വീണ്ടും മറ്റു മൃഗ ങ്ങൾക്കും ഭാഷ നൽകാനാണ് ഗന്ധർവ്വൻ തീരുമാനിച്ചത്.

ആറാം അദ്ധ്യായം

കരടികളുടെ കഥ അശ്വതിക്കും അശ്വിനും വളരെയധികം ഇഷ്ടപ്പെട്ടു. മൃഗങ്ങൾക്ക് ഭാഷ ലഭിച്ചാൽ ഉണ്ടാവുന്ന മനുഷ്യസ്വഭാവത്തെക്കുറിച്ച് കുട്ടികൾക്ക് കൂടുതൽ അറിയാനായി. എന്നാൽ ഗന്ധർവ്വനായ വിമലകുമാരന് മൃഗങ്ങളിൽ നിന്നാണോ മനുഷ്യരിൽ നിന്നാണോ സ്വഭാവസവിശേഷതകൾ ഉണ്ടായതെന്ന് അറിഞ്ഞില്ല.

അപ്പോൾ രാംകുമാർ മക്കളോട് പറഞ്ഞു:

'പരിണാമത്തിൽ കൂടെയാണ് ജീവികൾ മനുഷ്യാവസ്ഥയിലേക്ക് എത്തിച്ചേർന്നത്. അതുകൊണ്ട് ജീവികളുടെ എല്ലാ സ്വഭാവവും മനുഷ്യർക്ക് ഉണ്ടാകും. ജീവികൾക്ക് ഒറ്റപ്പെട്ട സ്വഭാവം മാത്രമാണ് ഉള്ളത്. മനുഷ്യരിൽ ജീവികളുടെ എല്ലാ സ്വഭാവങ്ങളും കൂടിച്ചേർന്നിരിക്കുന്നു. അതോടൊപ്പം മനുഷ്യന് വിവേകവും ചിന്തയും ഉണ്ട്. അതിനെയാണ് നമ്മൾ തിരിച്ചറിയേണ്ടത്. നന്മയും തിന്മയും മനുഷ്യരായ എല്ലാവരിലും ഉണ്ട്. വ്യക്തികൾക്ക് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമെന്നു മാത്രം.'

മക്കളോട് കഥ പറയുക രാംകുമാറിന് ഇഷ്ടമാണ്. അശ്വതിക്കും അശ്വിനും അച്ഛന്റെ കഥകൾ കേൾക്കാനാണ് താല്പര്യം. കാരണം രാംകുമാർ എപ്പോഴും അവരോട് പറയുക പലതരം കഥകളാണ്. അയാൾ ബോധപൂർവ്വം പുരാണകഥകളെയും ഇതിഹാസങ്ങളെയും മറ്റും ഒഴിവാക്കുന്നു. കാരണം അയാളുടെ അമ്മയ്ക്കും അച്ഛനും അത്തരം കഥകൾ മാത്രമാണ് പറയാനുള്ളത്.

വീണ്ടും പിറ്റേന്ന് രാവിലെ പത്തുമണിയോടെ അശ്വതിയും അശ്വിനും രാംകുമാറിന്റെ അടുത്തെത്തി. അവർ കഥകൾ കേൾക്കാനായി കാത്തിരുന്നു. അശ്വിനാണ് രാംകുമാറിനോട് വീണ്ടും കഥ പറയാൻ ആവശ്യപ്പെട്ടത്. അശ്വതി അവനെ പിന്തുണച്ചു. അപ്പോൾ രാംകുമാർ അടുത്ത കഥ പറഞ്ഞുതുടങ്ങി.

ഗന്ധർവ്വനായ വിമലകുമാരൻ മൃഗങ്ങളെയും മനുഷ്യനെയും ഒരുപോലെ നിരീക്ഷിക്കുകയുണ്ടായി. രണ്ടുകൂട്ടരുടെയും പ്രത്യേകതകൾ ഗന്ധർവ്വൻ തിരിച്ചറിഞ്ഞു. മനുഷ്യന്റെ സവിശേഷതകൾ

ഗന്ധർവ്വനെ ആകർഷിക്കുകയും ചെയ്തു. അതിലൊന്നാണ് പ്രണയം. പ്രണയത്തെക്കുറിച്ച് ബോധ്യമുള്ള ഗന്ധർവ്വൻ മനുഷ്യന്റെ പ്രണയത്തെ പ്രത്യേകം ശ്രദ്ധിച്ചു.

ചിലരുടെ ജീവിതം പ്രണയത്തിന് സമർപ്പിക്കപ്പെട്ടതാണെന്ന് വിമലകുമാരൻ മനസ്സിലാക്കി. പ്രതിബന്ധങ്ങൾ പ്രണയത്തിന് തടസ്സമാകുന്നില്ല. അവരുടെ നിഷ്കളങ്കമായ പ്രണയത്തിനു മുമ്പിൽ എല്ലാം അപ്രസക്തമാക്കുകയാണ്. ഇത് ചില മനുഷ്യരിൽ മാത്രമാണ് സംഭവിക്കുന്നത്. അതുകൊണ്ട് കൂടുതൽ ഗൗരവത്തോടെ മനുഷ്യരുടെ പ്രണയത്തെ ഗന്ധർവ്വനായ വിമലകുമാരൻ ശ്രദ്ധിച്ചു തുടങ്ങി.

ഗന്ധർവ്വൻ ആദ്യമായി ഗ്രാമത്തിലെ പ്രണയിക്കുന്ന യുവാവിനെയും യുവതിയെയും ആണ് കാണുന്നത്. ജാതികളുടെ വേലിക്കെട്ടുകളാണ് അവരെ പ്രധാനമായും വേർതിരിക്കുന്നത്. കൂട്ടത്തിൽ പണത്തിന് വളരെയധികം പ്രാധാന്യമുണ്ട്. യുവതി വലിയ സമ്പന്ന ഒന്നുമല്ല. എങ്കിലും യുവാവിനെക്കാളും മെച്ചപ്പെട്ട ധനസ്ഥിതിയാണ് അവൾക്കുള്ളത്.

അടുത്തടുത്ത വീട്ടുകാരായ അവർ ചെറുപ്പം മുതൽ ഒന്നിച്ചു കളിച്ചു വളർന്നവരാണ്. അവളുടെ സംരക്ഷണം അയാൾ ചെറുപ്പത്തിൽതന്നെ ഏറ്റെടുത്തതാണ്. അവളും അയാളുടെ സംരക്ഷണത്തിൽ കഴിയാനാണ് ഇഷ്ടപ്പെട്ടത്. സ്കൂളിലേക്ക് പോകുമ്പോഴും

വരുമ്പോഴും അവർ ഒന്നിച്ചാണ് നടന്നിരുന്നത്. കുട്ടികളായ അവരുടെ ഉള്ളിൽ അക്കാലത്ത് നിഷ്കളങ്കമായ സ്നേഹമാണ് ഉണ്ടായിരുന്നത്.പിന്നീട് വളർന്നു മുതിർന്നതോടെ അവരുടെ ബന്ധം പ്രണയമായി വികസിക്കുന്നു. അവരുടെ പ്രണയം രണ്ടു വീട്ടുകാരും അറിഞ്ഞതോടെ ആണ് തടസ്സങ്ങളുടെ നീണ്ടനിര ആരംഭിക്കുന്നത്. അതിനെ അവർ ഒട്ടും പരിഗണിച്ചില്ല. എന്നാൽ ജാതിക്കാരായ മറ്റു മനുഷ്യർ അവരുടെ പ്രണയത്തെ അംഗീകരിച്ചില്ല. പക്ഷേ അതൊന്നും അവരുടെ പ്രണയത്തിന് തടസ്സമാകുന്നില്ല.

അച്ഛനോടും അമ്മയോടും അവൾ എപ്പോഴും പറയും :

'പ്രണയത്തെക്കുറിച്ച് നിങ്ങൾക്കൊന്നും അറിയില്ല. പ്രണയിക്കുന്നവരെ ആർക്കും തടയാൻ കഴിയില്ല. ഞങ്ങൾ ഒന്നിച്ചു ജീവിക്കുക തന്നെ ചെയ്യും. അല്ലെങ്കിൽ ഞങ്ങൾ ഒന്നിച്ചു മരിക്കും.'

ഇതുകേട്ടപ്പോൾ മുതൽക്കാണ് ഗന്ധർവ്വനായ വിമലകുമാരൻ അവരുടെ ജീവിതത്തെ കൂടുതലായി ശ്രദ്ധിക്കുന്നത്. അവരുടെ പ്രണയബന്ധത്തിന്റെ ആഴത്തെ ഗന്ധർവ്വന് കാണാൻ കഴിഞ്ഞു.

അന്യനാട്ടിൽ പണിയെടുത്ത് കുറെ പണവുമായി തിരിച്ചെത്തിയ ആളാണ് അവളുടെ അച്ഛൻ. ഒരേ ഒരു മകൾ. അതുകൊണ്ട് അവളെ അമിതമായ ലാളിച്ചാണ് വളർത്തിയത്. അതിന്റെ ദോഷങ്ങളാണ് ഇപ്പോൾ അനുഭവിക്കുന്നത് എന്നും അമ്മയും അച്ഛനും ഇടയ്ക്കിടെ പറയാറുണ്ട്.

അയാൾ ഒരു സാധാരണ കൃഷിക്കാരന്റെ രണ്ടുമക്കളിൽ ഒരാളാണ്. മൂത്തത് പെണ്ണാണ്. അവൾക്ക് വിവാഹപ്രായമായിരിക്കുന്നു. പ്രശ്നക്കാരി അല്ലാത്ത അവൾ സമ്പ്രദായങ്ങളെ അനുസരിച്ചു ജീവിക്കാനാണ് ഇഷ്ടപ്പെട്ടത്. അതുകൊണ്ട് അവൾ എപ്പോഴും തന്റെ മനസ്സിനെ അടച്ചുവെച്ചു. തല മുതിർന്നവരുടെ വാക്കുകളെ വഴി തെറ്റാതെ അനുസരിച്ചു.

എന്നാൽ അവളുടെ അനുജന്റെ അവസ്ഥ തികച്ചും വ്യത്യസ്തമാണ്. മതത്തിന്റെയും ജാതിയുടെയും അതിരുകളെ ഒന്നും അയാൾ കണക്കാക്കിയില്ല. തന്റെ ഹൃദയത്തിന്റെ വഴികളിലൂടെ ആണ് അയാൾ എപ്പോഴും സഞ്ചരിച്ചത്. മനസ്സാണ് ജീവിതമെന്ന് അയാൾ ഇടയ്ക്കിടെ എല്ലാവരോടും പറഞ്ഞു. തന്റെ ജീവിതം മറ്റുള്ളവർ നിശ്ചയിക്കേണ്ടതല്ലെന്ന് അയാൾ അച്ഛനെയും അമ്മയെയും അറിയിച്ചു.

അയാളെ നാട്ടിൽനിന്ന് മാറ്റി നിർത്താൻ വീട്ടുകാർ പലതവണ ശ്രമിച്ചതാണ്. പ്രണയിനിയിൽ നിന്ന് വേർപെടാൻ മടിച്ച അയാൾ

അവരുടെ തീരുമാനങ്ങളെ പലതവണ എതിർത്തു. എങ്കിലും രണ്ടു തവണ അയാൾക്ക് നാട്ടിൽ നിന്ന് മാറിനിൽക്കേണ്ടി വന്നു. എന്നാൽ അവിടെയൊന്നും അയാൾ സ്ഥിരമായി നിന്നില്ല. അനാവശ്യമായ കാരണങ്ങളെ കണ്ടെത്തി അയാൾ നാട്ടിലേക്ക് മടങ്ങിവരുകയാണ് ചെയ്തത്. രണ്ടു വീട്ടുകാരും ചേർന്ന് അയാളെയും അവളെയും പ്രണയത്തിൽനിന്ന് പിന്തിരിപ്പിക്കാൻ പരമാവധി ശ്രമിച്ചു. അപ്പോഴെല്ലാം പ്രണയിക്കുന്നവർ എന്തിനേയും നേരിടേണ്ടി വരുക സ്വാഭാവികമാണെന്ന് അവർ കരുതി.

അയാൾ നാട്ടിലേക്ക് തിരിച്ചു വന്നതോടെ അവളുടെ വീട്ടുകാരാണ് കൂടുതൽ പരിഭ്രമിച്ചത്. അവർ അവളെ മറ്റൊരു നാട്ടിലേക്ക്, അമ്മയുടെ അനുജത്തിയുടെ വീട്ടിലേക്ക് സ്ഥലം മാറ്റി. എന്നാൽ അവിടെ അവൾ എപ്പോഴും പ്രശ്നങ്ങൾ ഉണ്ടാക്കി കൊണ്ടിരുന്നു. അതുകൊണ്ട് സഹികെട്ട അവർ അവളെ സ്വന്തം വീട്ടിൽ എത്തിച്ചു.

പിന്നീട് അവളുടെ വീട്ടുകാർ അവളെ വിവാഹം കഴിപ്പിച്ച് അയക്കാനാണ് തീരുമാനിച്ചത്. എന്നാൽ അവിടെ അയാൾ തടസ്സങ്ങൾ ഉണ്ടാക്കുന്നു. നാട്ടിൽ തന്റെയും അവളുടെയും പ്രണയത്തെക്കുറിച്ച് അയാൾ മതിലുകളിൽ എഴുതി കൂട്ടുന്നു. അതോടെ അവളെ കല്ല്യാണം കഴിക്കാനുള്ള ചിലരുടെ എങ്കിലും തീരുമാനങ്ങൾ അലസിപ്പോയി.

ഒടുവിൽ എന്ത് ചെയ്യണം എന്ന് അറിയാതെ രണ്ടു വീട്ടുകാരും ഒരുപോലെ വിഷമിക്കുകയാണ്. മതമാണ് തടസ്സമെങ്കിൽ മതം മാറി അവർക്ക് ഒന്നിച്ചു ജീവിക്കാം. എന്നാൽ ഇവിടെ ജാതിയാണ് വഴി മുടക്കുന്നത്. ഒരു ജാതിയിൽനിന്ന് മറ്റൊരു ജാതിയിലേക്ക് മാറാൻ കഴിയില്ല. എന്നാൽ അവരുടെ പ്രണയത്തെ അംഗീകരിക്കാൻ ആർക്കും കഴിഞ്ഞില്ല.

അയാൾ ഒരു സ്വകാര്യസാമ്പത്തിക സ്ഥാപനത്തിലെ ജീവനക്കാരനാണ്. പരിമിതമായ വരുമാനമാണ് അയാൾക്കുള്ളത്. എങ്കിലും അന്യനാട്ടിൽ പോകാൻ അയാൾ ഒരിക്കലും ഇഷ്ടപ്പെട്ടില്ല. അവളുടെ സാമീപ്യമാണ് അയാൾ എപ്പോഴും ആഗ്രഹിച്ചത്.

അവളെ ജോലിക്കാരി ആക്കാനാണ് അച്ഛൻ ഇഷ്ടപ്പെട്ടത്. അതുകൊണ്ട് ജില്ലാസഹകരണബാങ്കിൽ അവളെ ക്ലാർക്കായി ചേർത്തു. ബാങ്കിലെ ഉദ്യോഗസ്ഥ ആകുമ്പോൾ തന്റെ പ്രണയം കൂടുതൽ സുരക്ഷിതമാകുമെന്ന് അവൾ കരുതി. എന്നാൽ അവളുടെ നില കൂടുതൽ മെച്ചപ്പെടുന്നതോടെ അയാളെ അവഗണിക്കുമെന്നാണ് അവളുടെ അച്ഛൻ വിശ്വസിച്ചത്.

വീട്ടിൽനിന്ന് വളരെ നേരത്തെ ആണ് അയാൾ പണമിടപാട് സ്ഥാപനത്തിലേക്ക് പുറപ്പെടുക. അവൾ വരുന്നതുവരെ അയാൾ മരച്ചുവട്ടിൽ കാത്തുനിൽക്കും. പിന്നീട് അവർ രണ്ടുപേരും കൂടി നടത്തം തുടരുന്നു. അവളെ ജില്ലാസഹകരണ ബാങ്കിൽ എത്തിച്ച തിനുശേഷമാണ് അയാൾ തന്റെ സ്ഥാപനത്തിലേക്ക് പോകുക. വൈകുന്നേരവും ഇതുതന്നെയാണ് പതിവുരീതി. പക്ഷേ വീടെ ത്തുന്നതിനു മുമ്പ് അവർ വേറിട്ടു നടക്കും.

അവരുടെ ഒന്നിച്ചുള്ള യാത്രയെക്കുറിച്ച് അറിഞ്ഞപ്പോൾ അവ ളുടെ അച്ഛൻ അനേകം വിലക്കുകൾ ഏർപ്പെടുത്തി. അവൾ അതിനെ ധിക്കരിക്കുമ്പോൾ അടിച്ചമർത്താൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ അയാളെ വീട്ടുകാർക്കൊന്നും നിയന്ത്രിക്കാൻ കഴിഞ്ഞി ല്ല. അതുകൊണ്ട് അയാളെ അവർ എഴുതിത്തള്ളുകയാണ് ചെയ് തത്.

കാര്യങ്ങൾ അങ്ങനെ സുഗമമായി നീങ്ങുകയല്ല. വീട്ടുകാരിൽ നിന്ന് പ്രശ്നത്തെ രണ്ടു ജാതിക്കാരും ഏറ്റെടുക്കുകയാണ്. അതോടെ ഒന്നിച്ചു നടന്നുകൊണ്ടിരുന്ന അവർ ആക്രമിക്കപ്പെടുന്നു. എങ്കിലും അയാളും അവളും പ്രണയത്തിൽനിന്നു പിന്മാറാനും ഒന്നിച്ചുള്ള നടത്തം അവസാനിപ്പിക്കാനും തയ്യാറായില്ല.

അതിനൊരു പരിഹാരമായാണ് അവൾ ജില്ലയുടെ തെക്കേ അറ്റ ത്തേക്ക് സ്ഥലംമാറ്റം വാങ്ങിക്കുന്നത്. ജോലി ഉപേക്ഷിക്കാൻ അച്ഛൻ നിർബന്ധിച്ചതാണ്. എന്നാൽ തന്റെ പ്രണയത്തിന്റെ നിലനിൽപ്പ് ജോലിയാണെന്ന് അവൾക്ക് അറിയാം. അയാളും അവൾക്ക് അടു ത്തുതന്നെയുള്ള സ്വകാര്യ ധനകാര്യസ്ഥാപനത്തിന്റെ ശാഖയിലേ ക്ക് സ്ഥലംമാറ്റം വാങ്ങുന്നു.

അവിടെയും അവരുടെ ജാതി അവർക്ക് തടസ്സമായി നിൽക്കു കയാണ്. രണ്ടു കൂട്ടരുടെയും ജാതിസംഘടനകളെ അവരുടെ വീട്ടു കാർ വിവരം അറിയിക്കുന്നു. അതോടെ പുതിയ സ്ഥലത്തെ ജാതി ക്കാരിൽ നിന്നും അവർക്ക് ഭീഷണി നേരിട്ടു. അപ്പോൾ അവർ പ്രശ്നത്തെ പെട്ടെന്നുതന്നെ പരിഹരിക്കാൻ നിശ്ചയിച്ചു.

അങ്ങനെയാണ് അയാളും അവളും രജിസ്റ്റർ ഓഫീസിൽ വെച്ച് വിവാഹിതരാകുന്നത്. അതോടെ അവരുടെ വീട്ടുകാർ രണ്ടു പേരേയും ഒഴിവാക്കി. വീട്ടുകാരുടെ സഹായമില്ലാതെ തന്നെ അവർ ഒരു വാടകവീട്ടിൽ ജീവിതം ആരംഭിച്ചു.

ഗന്ധർവ്വനായ വിമലകുമാരൻ അവരുടെ പ്രണയത്തെ കരുത ലോടെയാണ് നിരീക്ഷിച്ചത്. അതയാൾക്ക് അത്ഭുതപ്പെടുത്തുന്ന

അനുഭവമായിരുന്നു. തുടർന്ന് ഗന്ധർവ്വൻ കാട്ടാടുകൾക്ക് ഭാഷ നൽകുന്നു. അതോടെ കാട്ടാടുകളുടെ ഇടയിലേക്ക് പ്രണയം കടന്നു വരികയാണ്. അതുവരെ ഇണചേരൽ മാത്രമാണ് ഉണ്ടായിരുന്നത്. അതിന്റെ ലക്ഷ്യം വംശവർദ്ധനവ് മാത്രമാണ്.

സുമേരുവനത്തിൽ കാട്ടാടുകൾ പലതരത്തിലുണ്ട്. ചിലത് കൂട്ടങ്ങളായി ഗുഹകളിൽ തങ്ങുന്നു. മറ്റുചിലത് ഉയർന്ന പാറപ്പുറത്ത് കഴിയുന്നു.

പാറപ്പുറത്തു കഴിയുന്ന കാട്ടാടുകളെ കുറിച്ചാണ് ഗന്ധർവ്വൻ പറയുന്നത്. പാറകളിലൂടെ ഇഷ്ടംപോലെ നടക്കാൻ കാട്ടാടുകൾക്ക് കഴിഞ്ഞിരുന്നു. അവയൊരിക്കലും ഒറ്റപ്പെട്ടല്ല ജീവിച്ചത്. സംഘം ചേർന്നുള്ള ജീവിതമാണ് അവയെ അതിജീവനത്തിന് സഹായിച്ചിട്ടുള്ളത്. ഇടതടവില്ലാതെ പെരുകുന്ന അവ കൊല്ലപ്പെടുന്നവയ്ക്ക് പകരം ഇരട്ടിയാണ് ജനിക്കുന്നത്.

ശക്തനായ ഒരു ആണാടിന്റെ കീഴിലാണ് കാട്ടാട് സംഘം ഉണ്ടാകുക. അതിൽ ധാരാളം പെണ്ണുങ്ങളും ആണുങ്ങളും ഉണ്ടാകും. കുട്ടികളുണ്ടാവുകയും ചെയ്യും. ശക്തനായ ആണാടിന്റെ നിയന്ത്രണത്തിലാണ് എല്ലാ കാര്യങ്ങളും നടക്കുക. ശത്രുവിനെ ഒന്നിച്ചു ചേർന്ന് ആണാടുകൾ മാത്രം ആക്രമിക്കുകയാണ് പതിവ്. പരമാവധി സമയം പാറപ്പുറത്ത് ആയതിനാൽ അവയെ ആക്രമിക്കാൻ പലപ്പോഴും ശത്രുവിന് കഴിയില്ല.

ദൂരെ ഒരു പുലിയെ കണ്ടപ്പോഴാണ് ശക്തനായ ആണാട് ശബ്ദിക്കുന്നത്. അത് ഭാഷയായി പുറമേക്ക് വരികയാണ്.

ആണാട് എല്ലാവർക്കും മുന്നറിയിപ്പ് നൽകിക്കൊണ്ട് പറഞ്ഞു:

'താഴ്‌വാരത്തിൽ ഒരു പുലിയുണ്ട്. ആൽമരത്തിന്റെ ചുവട്ടിലാണ്. നമ്മളിൽ ആരെങ്കിലും താഴേക്ക് ഇറങ്ങാൻ അത് കാത്തിരിക്കുകയാണ്. ആരും ഇരതേടി ചുവട്ടിലേക്ക് പോകരുത്.'

ശക്തനായ ആണാടിന്റെ വാക്കുകളെ തിരിച്ചറിഞ്ഞ മറ്റാടുകൾ ഒന്നിച്ചു പറഞ്ഞു: 'ഞങ്ങളും ആ പുലിയെ കാണുന്നുണ്ട്. എല്ലാവരും സൂക്ഷിക്കണം.'

മനുഷ്യരുടെ ഭാഷയെ അവർ കാട്ടിനുള്ളിൽ ചിലപ്പോൾ കേൾക്കാറുള്ളതാണ്. അവരുടെ കണ്ണിൽപ്പെട്ടാൽ കാട്ടാടുകൾ സ്വാഭാവികമായി വെടികൊണ്ട് ചത്തുവീഴും. ഇപ്പോൾ അവയ്ക്ക് മനുഷ്യരുടെ ഭാഷയാണ് ലഭിച്ചിരിക്കുന്നത്.

പാറക്കെട്ടിന്റെ താഴെയുള്ള പുൽമേട്ടിലാണ് കാട്ടാടുകൾ എപ്പോഴും മേഞ്ഞു കൊണ്ടിരിക്കുക. അവിടേക്ക് മറ്റു പല കാട്ടാടിൻ

കൂട്ടങ്ങളും എത്താറുണ്ട്. വിശാലമായി പരന്നുകിടക്കുന്ന പുൽപ്പരപ്പിൽ നിന്നാൽ ശത്രുവിനെ കാണാൻ കഴിയും. പെട്ടെന്നുതന്നെ പാറപ്പുറത്ത് കയറി കാട്ടാടുകൾക്ക് രക്ഷപ്പെടാൻ സാധിക്കും. അതുകൊണ്ട് അവ മറ്റൊരിടത്തേക്ക് മേയാനായി പോകാറില്ല. സുമേരുവനത്തിലെ എല്ലാ കാട്ടാടുകളും പാറപ്പുറത്തിലൂടെ അവിടെ എത്തിച്ചേരുകയാണ് പതിവ്.

ഇളംപുല്ലുകളെ തിന്നുകൊണ്ടിരിക്കുമ്പോഴാണ് യുവാവായ കാട്ടാട് മറ്റൊരു സംഘത്തിലെ യുവതിയായ പെണ്ണാടിനെ കാണുന്നത്. എന്തുകൊണ്ടോ അതിന് പെണ്ണാടിനോട് പ്രത്യേകതാല്പര്യം തോന്നി. അവളും തന്നെ ഇടയ്ക്കിടെ നോക്കുന്നുണ്ടെന്ന് ആൺകാട്ടാടിന് മനസ്സിലായി.

എല്ലാ ദിവസവും അവർ മേയുമ്പോൾ പരസ്പരം കണ്ടു തുടങ്ങി. ഒടുവിൽ ആണാട് പെണ്ണാടിനോട് അടുക്കാൻ തയ്യാറായി. പെണ്ണാട് കൂട്ടത്തിൽ നിന്ന് ഒഴിഞ്ഞ് ആണാടിന്റെ അടുത്തെത്താനുള്ള ശ്രമത്തിലാണ്.

ആണാട് അടുത്തെത്തിയപ്പോൾ മേയ്ഞ്ഞു കൊണ്ടിരുന്ന പെണ്ണാട് സ്നേഹത്തോടെ ആണാടിനെ നോക്കി. അപ്പോൾ ആണാട് ആവേശത്തോടെ പെണ്ണാടിന്റെ അടുത്തെത്തി. യാതൊരു മുഖവുരയും കൂടാതെ ആണാട് പറഞ്ഞു: 'ആദ്യം കണ്ടപ്പോൾ തന്നെ എനിക്ക് നിന്നെ ഇഷ്ടമായി.'

അതുകേട്ടപ്പോൾ പെണ്ണാട് പറഞ്ഞു: 'എനിക്കും അങ്ങനെ ആണ് തോന്നിയത്.'

അതോടെ പ്രണയത്തിന്റെ തീവ്രതയിലേക്ക് രണ്ടു കാട്ടാടുകളും എത്തി. തുടർന്ന് എല്ലാ ദിവസങ്ങളിലും അവ തുടർച്ചയായി കണ്ടു തുടങ്ങി. എങ്കിലും ശത്രുവിനെ അവ എപ്പോഴും മുമ്പിൽ കണ്ടു. അതുകൊണ്ട് അവ പാറപ്പുറത്തേക്ക് ഒറ്റതിരിഞ്ഞ് പോകുകയാണ് പതിവ്. പാറപ്പുറത്ത് ശത്രുവിന്റെ പേടിയില്ലാതെ അവയ്ക്ക് സംസാരിക്കാൻ കഴിഞ്ഞു.

മറ്റു കാട്ടാടുകളെപ്പോലെ പ്രായത്തിന്റെ ആവശ്യങ്ങൾക്ക് അവ പലപ്പോഴും കീഴടങ്ങി. അതുകൊണ്ട് കാട്ടാടുകൾ നിർവൃതിയോടെ ഇണചർന്നു. പ്രണയിക്കുന്നതുകൊണ്ടാണ് അവയ്ക്ക് ഇണചേരുമ്പോൾ സ്വയം മറക്കാൻ കഴിഞ്ഞത്. അതുവരെ വികാരം തീർക്കുന്നതിനു വേണ്ടിയാണ് കാട്ടാളുകളെല്ലാം ഇണചേർന്നിരുന്നത്. ഇപ്പോൾ അവയുടെ ഇണചേരലിന്റെ ഭാവങ്ങൾക്ക് മാറ്റം വന്നിരിക്കുന്നു.തുടർന്ന് പെൺകാട്ടാട് ഗർഭിണിയായി. മാസങ്ങൾക്കുശേ

ഷം അവൾ രണ്ടുമക്കളെ പ്രസവിച്ചു. അപ്പോഴും ആണാടും പെണ്ണാടും തടസ്സങ്ങൾ ഇല്ലാതെ പ്രണയിച്ചു കൊണ്ടിരുന്നു.

വളർന്നുവലുതായ മക്കൾ അവയുടെ ഇണകളെ കണ്ടെത്തി കാട്ടാടുകളുടെ രീതികൾ പിന്തുടർന്നു. അവ കാട്ടാടിൻ കൂട്ടങ്ങളുടെ ഭാഗമായി. വീണ്ടും പെണ്ണാട് ഗർഭിണിയാകുന്നു. ആടുകളെല്ലാം പുൽമേട്ടിൽനിന്ന് നായാട്ടുകാർ വരുന്നതിനെ കണ്ടതാണ്. അതോടെ എല്ലാ കാട്ടാടുകളും പാറപ്പുറത്തിലെ മലമടക്കുകളിൽ കയറി രക്ഷപ്പെട്ടു. ഗർഭിണിയായ പെണ്ണാടിന് അത്ര വേഗത്തിൽ ഓടാനായില്ല. ദൂരെനിന്നുതന്നെ നായാട്ടുകാർ അതിനെ വെടിവെച്ചു. ഉണ്ട പെണ്ണാ ടിന്റെ കാലിലാണ് കൊണ്ടത്. ചോരയൊലിപ്പിച്ച പെണ്ണാട് അവിടെത്തന്നെ കിടന്നു. അത് വേദനയോടെ നിലവിളിക്കുന്നുമുണ്ട്. നായാട്ടുകാർ പെണ്ണാടിനെ ചാക്കിൽ കെട്ടി കൊണ്ടുപോകുന്നതിനെ ആണ് ആണാട് കാണുന്നത്. തുടർന്ന് രഹസ്യമായി ആണാട് നായാട്ടുകാരെ പിന്തുടർന്നു. താഴ്‌വാരത്തിലുള്ള ഗ്രാമത്തിലാണ് നായാട്ടുകാർ എത്തിയത്. അവർ ഒരു ഇറച്ചിക്കടയുടെ മുമ്പിൽ നിന്നു. അപ്പോഴാണ് ആൺകാട്ടാടിന് അവളുടെ വിധിയെ തിരിച്ചറിയാൻ കഴിഞ്ഞത്.

ഇറച്ചി കടക്കാരനുമായി ഇടപാട് നടത്തി നായാട്ടുകാർ വഴിപിരിഞ്ഞു പോയി. ഇറച്ചി കടക്കാൻ പെണ്ണാടിനെ കടയുടെ ഉള്ളിൽ കെട്ടിയിട്ട് വാതിലടച്ചു പോയി. ആണാട് കാഴ്ചക്കാരനായി ദൂരെ

നിൽക്കുകയാണ്. അവന്റെ ദയനീയമായ കാത്തുനിൽപ്പ് സന്ധ്യ യിൽനിന്ന് നേരം വെളുക്കുന്നതുവരെയായി. പുലർച്ചെയാണ് ഇറ ച്ചിക്കടക്കാരനും മകനും കടയിലേക്ക് വീണ്ടുംവരുന്നത്. അവർ പെ ണ്ണാടിനെ കൊല്ലാനുള്ള തയ്യാറെടുപ്പുകൾ നടത്തി. കടയുടെ പിൻ ഭാഗത്തേക്ക് അവർ അതിനെ ആട്ടിത്തെളിച്ചു കൊണ്ടുപോയി. പി ന്നീട് പെണ്ണാടിന്റെ ദയനീയമായ നിലവിളിയാണ് ആണാട് കേൾ ക്കുന്നത്. കുറെനേരത്തിനു ശേഷം തൊലിയുരിഞ്ഞ പെണ്ണാട് ക യറിൽ തൂങ്ങികിടക്കുന്നതാണ് ആണാട് കാണുന്നത്. ആ കാഴ്ച ആണാടിന് സഹിക്കാനായില്ല. ദയനീയമായി നിലവിളിച്ച ആണാട് തന്റെ വിധിയെ സ്വയം തിരഞ്ഞെടുക്കുകയാണ് ചെയ്തത്.

ആണാട് ഇറച്ചിക്കടയുടെ മുമ്പിൽ വന്നുനിന്നപ്പോൾ കടയുടമ യ്ക്ക് കാര്യമൊന്നും മനസ്സിലായില്ല. അയാളും മകനും ചേർന്ന് ആണാടിനെ കടയുടെ പിന്നാമ്പുറത്തേക്ക് കൊണ്ടുപോയി. പിന്നീട് ആണാടിന്റെ ദയനീയമായ ശബ്ദമാണ് കേൾക്കുന്നത്. കുറച്ച് സമ യത്തിന് ശേഷം അതിന്റെ തോൽ ഉരിഞ്ഞ് അവർ കയറിൽ കെട്ടി ത്തൂക്കി. ആവശ്യക്കാരുടെ വരവിനു വേണ്ടി ഇറച്ചിക്കടക്കാരനും മകനും കത്തികൾക്ക് മൂർച്ച കൂട്ടി രണ്ടാടുകളെയും വെട്ടിനുറുക്കാൻ തയ്യാറായി. എല്ലാ നിരീക്ഷിച്ചുകൊണ്ടിരുന്ന ഗന്ധർവ്വന് വല്ലാത്ത വിഷമമാണ് തോന്നിയത്. എങ്കിലും തന്റെ തീരുമാനത്തിൽ നിന്ന് ഗന്ധർവ്വനായ വിമലകുമാരൻ പിന്തിരിയുന്നില്ല. ഗന്ധർവ്വൻ വീണ്ടും മൃഗങ്ങൾക്ക് മനുഷ്യരുടെ ഭാഷ നൽകാനാണ് തീരുമാനിച്ചത്. അ ങ്ങനെ മൃഗങ്ങൾക്ക് ഭാഷ ലഭിച്ചാലുള്ള സ്വഭാവമാറ്റങ്ങളെ കാണാ നാണ് ഗന്ധർവ്വൻ ഇഷ്ടപ്പെട്ടത്.

പരസ്പരം സ്നേഹിച്ച കാട്ടാടുകളുടെ വിധിയെ അറിഞ്ഞ് അശ്വ തിക്കും അശ്വിനും വല്ലാത്ത വിഷമം തോന്നി. രാംകുമാറിന് മനോ വേദന ഉണ്ടാക്കുന്ന കഥപറച്ചിലായിരുന്നു അത്. എങ്കിലും മക്ക ളോട് കഥപറയുക തന്റെ കടമയാണെന്ന് അയാൾ കരുതി. കഥക ളില്ലാത്ത ഒരു ലോകത്തെക്കുറിച്ച് രാംകുമാറിന് ചിന്തിക്കാൻ കഴിഞ്ഞില്ല.

ഏഴാം അദ്ധ്യായം

ഇപ്പോൾ ഗന്ധർവ്വനായ വിമലകുമാരൻ ആധുനിക മനുഷ്യന്റെ ജീവിതത്തെയാണ് നിരീക്ഷിച്ചുകൊണ്ടിരിക്കുന്നത്. അത് ഗന്ധർവ്വനെ വളരെയധികം അത്ഭുതപ്പെടുത്തുകയും ചെയ്തു. പ്രകൃതിയുടെ മുമ്പിൽ നിസ്സഹായനായ മനുഷ്യൻ ചിന്തയും വിവേകവും ഒന്നുകൊണ്ടുമാത്രമാണ് കാലങ്ങളെ മറികടന്നത്. ഗുഹാജീവിതത്തിൽ നിന്ന് ആധുനികകാലം വരെയുള്ള ജീവിതത്തിലേക്ക് മനുഷ്യന് എത്തിച്ചേരാൻ കഴിഞ്ഞു. അതിന് മനുഷ്യനെ സഹായിച്ചത് മസ്തിഷ്ക്കമാണ്.

മരണമില്ലാത്ത ഗന്ധർവ്വനായ വിമലകുമാരന് മനുഷ്യന്റെ ആധിപത്യത്തെ തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. രാജാവിൽനിന്ന് ജനാധിപത്യത്തിലേക്ക് ഇപ്പോൾ മിക്കരാജ്യങ്ങളും എത്തിച്ചേർന്നിരിക്കുന്നു. സ്വേച്ഛാധിപതികളുടെയും ഏകാധിപതികളുടെയും വരവുപോക്കുകൾ ഉണ്ടായി. അതിനെയെല്ലാം ജനാധിപത്യം മറികടന്നു. ഒരാൾക്കുവേണ്ടി എല്ലാവരും അദ്ധ്വാനിക്കുക എന്ന അവസ്ഥയിൽ നിന്ന് പലർക്കുംവേണ്ടി അദ്ധ്വാനിക്കുക എന്ന അവസ്ഥയിലേക്ക് മനുഷ്യൻ എത്തിച്ചേർന്നിരിക്കുന്നു. ഇതിനിടെ സമത്വത്തിന്റെയും സർവ്വാധിപത്യത്തിന്റെയും മുതൽമുടക്കിന്റെയും ആധിപത്യങ്ങൾ മനുഷ്യജീവിതത്തിന്റെ ഭാഗമായി തീർന്നു. അതിപ്പോഴും പല രൂപങ്ങളിലും പുരോഗമിക്കുകയാണ്.

ഇത്തരമൊരു തിരിച്ചറിവോടെയാണ് ഗന്ധർവ്വനായ വിമലകുമാരൻ മനുഷ്യനെ സമീപിക്കുന്നത്. തുടർന്ന് ഗന്ധർവ്വൻ സുമേരുവനത്തിലെ കാട്ടുപോത്തുകളെയാണ് ശ്രദ്ധിക്കുന്നത്.

കുരങ്ങുകൾ കഴിഞ്ഞാൽ സുമേരുവനത്തിൽ രണ്ടാം സ്ഥാനമുള്ളത് കാട്ടുപോത്തുകൾക്കാണ്. പുലിയുടെയും സിംഹത്തിന്റെയും ഇരകളാണെങ്കിലും അവയുടെ അംഗസംഖ്യയിൽ ഒരിക്കലും കുറവുണ്ടായില്ല. വർഷന്തോറും കാട്ടുപോത്തുകളുടെ എണ്ണം കൂടുകയാണ് ചെയ്തത്.

കൂടുതൽ ശക്തിയുള്ള കാട്ടുപോത്താണ് എപ്പോഴും സംഘ

ത്തലവൻ. മറ്റു ആൺകാട്ടുപോത്തുകളും സംഘത്തലവനെ സഹായിക്കാനായി കൂടെയുണ്ടാവും. ശത്രുക്കളുടെ ആക്രമണത്തെ അവ ഒന്നിച്ചാണ് നേരിടുക. അതുകൊണ്ട് പലപ്പോഴും ഒറ്റപ്പെട്ട കാട്ടുപോത്തുകൾ ആണ് പുലികൾക്കും സിംഹങ്ങൾക്കും ഇരയാവുക. ശത്രുവിനെക്കുറിച്ച് പൂർണ്ണബോദ്ധ്യം ഉള്ളതുകൊണ്ട് കാട്ടുപോത്തുകൾ എപ്പോഴും കൂട്ടത്തോടെയാണ് സഞ്ചരിക്കുക. കുട്ടികളെ സംഘത്തിന്റെ നടുക്കു നിർത്തിയാണ് അവ യാത്ര തുടരുക.

ശക്തനായ നേതാവ് ഉണ്ടെങ്കിലും കാട്ടുപോത്തുകൾ പരസ്പരം അധികമൊന്നും ആക്രമിക്കാറില്ല. നേതാവിന് വയസ്സ് ആകുമ്പോൾ മറ്റൊരു ആൺകാട്ടുപോത്ത് നേതാവിനെ തോൽപ്പിച്ച് സ്ഥാനം കയ്യടക്കുന്നു. എങ്കിലും വയസ്സായ പഴയ നേതാവിനെ അവയൊരിക്കലും അവഗണിക്കുന്നില്ല.

ഇത്തരം ശാന്തമായ അന്തരീക്ഷത്തിലേക്കാണ് കാട്ടുപോത്തുകളുടെ ഇടയിലേക്ക് ഭാഷ കടന്നുവരുന്നത്. അതോടെ അവയുടെ ജീവിത രീതികൾക്ക് അസാധാരണമായ മാറ്റങ്ങൾ ഉണ്ടാകുന്നു.

ഭാഷ ലഭിച്ചതോടെ നേതാവായ കാട്ടുപോത്ത് മറ്റുള്ളവയോട് പറഞ്ഞു: 'ഈ കാട്ടിൽ ശക്തരായ ജീവികൾ ആണ് നമ്മൾ. മറ്റെല്ലാ ജീവികളും ജന്തുക്കളും നമ്മളെ അനുസരിക്കുകയാണ് ചെയ്യേണ്ടത്. അതിനുള്ള വഴിയാണ് നമ്മൾ കണ്ടെത്തേണ്ടത്. ശത്രുക്കളുടെ മുമ്പിൽ കീഴടങ്ങുകയല്ല, അവയെ ആക്രമിക്കുകയാണ് നമ്മൾ ചെയ്യേണ്ടത്.'

നേതാവിന്റെ തീരുമാനത്തെ മറ്റെല്ലാ കാട്ടുപോത്തുകളും അംഗീകരിച്ചു. സുമേരുവനത്തിലെ മൃഗങ്ങളെല്ലാം തങ്ങളുടെ മുമ്പിൽ അടിയറവ് പറയുന്നതിനെക്കുറിച്ച് ഓർത്തപ്പോൾ അവയ്ക്ക് വല്ലാത്ത സന്തോഷം തോന്നി. അതിനുവേണ്ടി പലതവണ നേതാവും മറ്റ് ആൺ കാട്ടുപോത്തുകളും കൂടിയാലോചനകൾ നടത്തി. ആദ്യമായി അവർ ശത്രുക്കളെക്കുറിച്ചുള്ള ഒരു പട്ടിക തയ്യാറാക്കി. പിന്നീട് അവയെ ആക്രമിക്കാനുള്ള വഴികൾ അവർ കണ്ടെത്തി.

കാട്ടുപോത്തുകൾ ആദ്യമായി ഇര പിടിക്കാനായി ക്ഷമയോടെ കാത്തിരുന്ന സിംഹത്തിന്റെ നേർക്കാണ് കടന്നുചെല്ലുന്നത്. സംഘം ചേർന്നുള്ള കാട്ടുപോത്തുകളുടെ വരവിനെ കണ്ടപ്പോൾ സിംഹം ഗുഹയിലേക്ക് പിന്മാറുകയാണ്.

വീണ്ടും പലതവണ കാട്ടുപോത്തുകൾ സിംഹത്തെ ആക്രമിക്കാൻ ശ്രമിക്കുന്നു. ഒരിക്കൽ കാട്ടുപോത്തുകൾ ഒന്നിച്ച് ആക്രമി

ച്ചപ്പോൾ സിംഹം മലയുടെ അപ്പുറത്തേക്ക് ഓടിരക്ഷപ്പെട്ടു. പിന്നീടാണ് കാട്ടുപോത്തുകൾ പുലികളെയും നരികളെയും തിരഞ്ഞു പിടിച്ച് ആക്രമിക്കുന്നത്. അവിടെയും കാട്ടുപോത്തുകളാണ് ജയിക്കുന്നത്.

അപ്പോഴേയ്ക്കും സുമേരുവനത്തിലെ മിക്ക മൃഗങ്ങൾക്കും സംസാരിക്കാൻ കഴിഞ്ഞിരുന്നു. അതുകൊണ്ട് കാട്ടുപോത്തുകൾക്ക് തങ്ങളുടെ ആശയങ്ങളെ എളുപ്പത്തിൽ കൈമാറാൻ കഴിഞ്ഞു.

മറ്റു മൃഗങ്ങളെ വിളിച്ചുചേർത്ത നേതാവായ കാട്ടുപോത്ത് അവയോട് പറഞ്ഞു:

'ഇനി ഞങ്ങളാണ് സുമേരുവനത്തിലെ സർവ്വാധിപതികൾ. കാട്ടുപോത്തുകളുടെ സർവ്വാധിപത്യത്തെ മറ്റെല്ലാ മൃഗങ്ങളും അംഗീകരിക്കണം. എതിർപ്പുണ്ടെങ്കിൽ ഇപ്പോൾ തന്നെ അറിയിക്കണം.'

സിംഹത്തെയും പുലികളെയും തോൽപ്പിച്ച പോത്തുകളുടെ ശക്തിയെക്കുറിച്ച് മറ്റെല്ലാ മൃഗങ്ങൾക്കും അറിവുണ്ടായിരുന്നു. അതുകൊണ്ട് ജീവരക്ഷയ്ക്ക് വേണ്ടി അവ നിശ്ശബ്ദരായി. കാട്ടുപോത്തുകളുടെ തീരുമാനങ്ങളെ അംഗീകരിക്കാൻ അവയെല്ലാം തയ്യാറായി. അതുകൊണ്ട് മറ്റെല്ലാ മൃഗങ്ങളും പ്രതിഷേധിക്കാതെ നിശ്ശബ്ദരായി. അവ കാട്ടുപോത്തുകളുടെ എല്ലാ തീരുമാനങ്ങളെയും അംഗീകരിക്കാൻ തയ്യാറായി.

കാട്ടുപോത്തുകൾക്ക് അവയുടെ സർവ്വാധിപത്യം നിലനിർത്തുക മാത്രമായിരുന്നു ലക്ഷ്യം. എങ്കിലും കാട്ടുപോത്തുകൾക്ക് പൂർണ്ണമായും അതിനു കഴിഞ്ഞില്ല.

കുരങ്ങുകളാണ് കാട്ടുപോത്തുകളുടെ സർവ്വാധിപത്യത്തെ ആദ്യമായി എതിർത്തത്. അവ ഒറ്റതിരിഞ്ഞ് കാട്ടുപോത്തുകളെ ഇടയ്ക്കിടെ ആക്രമിച്ചു കൊണ്ടിരുന്നു. അറ്റംകൂർപ്പിച്ച വടികൊണ്ട് കുരങ്ങുകൾ പലപ്പോഴും കാട്ടുപോത്തുകൾക്ക് മാരകമായ മുറിവുകൾ ഉണ്ടാക്കി.

ഒടുവിൽ കുരങ്ങുകളെ നേരിടാൻ തന്നെ കാട്ടുപോത്തുകൾ ഉറച്ചു. ഒറ്റപ്പെട്ട ആക്രമണത്തിനു പകരം കാട്ടുപോത്തുകൾ കുരങ്ങുകളുടെ താവളത്തിൽ തിരഞ്ഞെത്തി. പിന്നീട് അതിക്രൂരമായ ആക്രമണമാണ് കാട്ടുപോത്തുകൾ കുരങ്ങുകളുടെ നേർക്ക് നടത്തുന്നത്. കുരങ്ങുകൾക്ക് വടി ഉപയോഗിക്കാനുള്ള അവസരം പോലും കാട്ടുപോത്തുകൾ നൽകുന്നില്ല. അതോടെ ഭൂരിപക്ഷം കുരങ്ങുകളും കാട്ടുപോത്തുകളുമായുള്ള ഏറ്റുമുട്ടലിൽ ചത്തുവീണു. അവയെ കാട്ടുപോത്തുകൾ ചവിട്ടി മെതിക്കുകയും ചെയ്തു.

അവശേഷിച്ച കുരങ്ങുകൾ സുമേരുവനത്തിന്റെ ഉൾക്കാടുകളിലേക്ക് ഓടി രക്ഷപ്പെട്ടു.

അപ്പോൾ നേതാവായ കാട്ടുപോത്ത് പറഞ്ഞു:

'ഇനി നമുക്ക് ആരെയും പേടിക്കേണ്ടതില്ല. നമ്മളാണ് ഇനിമുതൽ സുമേരുവനത്തിലെ മൃഗങ്ങളെയെല്ലാം ഭരിക്കുക.

എന്നാൽ അങ്ങനെ എളുപ്പത്തിൽ സുമേരുവനത്തിൽ സർവ്വാധിപത്യ സ്ഥാപിക്കാൻ കാട്ടുപോത്തുകൾക്ക് കഴിഞ്ഞില്ല. ഇത്തവണ കരടികളാണ് കാട്ടുപോത്തുകളുടെ ശത്രുവാകുന്നത്. കാട്ടുപോത്തുകളുടെ തീരുമാനത്തെ അംഗീകരിക്കാൻ കരടികൾ തയ്യാറായില്ല. അതോടെ കരടികളും കാട്ടുപോത്തുകളും തമ്മിൽ ഏറ്റുമുട്ടി തുടങ്ങുന്നു.

സംഘംചേർന്ന് ആക്രമിക്കുന്ന കാട്ടുപോത്തുകളെക്കുറിച്ച് കരടികൾക്ക് നല്ല അറിവുണ്ട്. അതുകൊണ്ട് അവയും സംഘംചേർന്നാണ് കാട്ടുപോത്തുകളെ ആക്രമിക്കുന്നത്. കരടികളുടെ ആക്രമണത്തിൽ നിന്ന് കാട്ടുപോത്തുകൾക്ക് രക്ഷപ്പെടാനായില്ല. പല കാട്ടുപോത്തുകൾക്കും കരടികളുടെ പല്ലും നഖവും കൊണ്ട് മാരകമായ മുറിവേറ്റു.

വീണ്ടും പലതവണ കരടികളും കാട്ടുപോത്തുകളും ഏറ്റുമുട്ടുന്നുണ്ട്. അപ്പോഴെല്ലാം കരടികളാണ് ജയിച്ചത്. ഒടുവിൽ കരടികളെ അവഗണിക്കാനാണ് കാട്ടുപോത്തുകൾ തീരുമാനിച്ചത്. അതോടെ കരടികൾ ആക്രമണത്തിൽ നിന്ന് പിന്മാറി സ്വന്തം വഴിയെ ജീവിച്ചു തുടങ്ങി.

ഇപ്പോൾ നേതാവായ കാട്ടുപോത്തിന് വയസ്സായിരിക്കുന്നു. അതോടെ പുതിയൊരു നേതാവ് സ്വാഭാവികമായും ഉണ്ടായി. ചെറുപ്പമുള്ള ശക്തനായ കാട്ടുപോത്ത് വയസ്സൻ നേതാവിനെ അടിവയറ്റിൽ കുത്തിമലർത്തി. ഇതോടെ മുറിവേറ്റ വയസ്സൻ കാട്ടുപോത്ത് മരച്ചുവട്ടിൽ തളർന്നു കിടന്നു. പിന്നീട് മണിക്കൂറുകൾക്കു ശേഷം മരണത്തിലേക്ക് പിൻവാങ്ങി. ചത്തുമലച്ച വയസ്സൻ കാട്ടുപോത്ത് കാലുകൾ ആകാശത്തിലേക്ക് ഉയർത്തി മണ്ണിലേക്ക് മടങ്ങാൻ തയ്യാറായി കിടന്നു.

ഇപ്പോൾ ശക്തനായ പുതിയൊരു കാട്ടുപോത്താണ് നേതാവായിരിക്കുന്നത്. സംഘത്തിന്റെ നേതൃത്വം ഏറ്റെടുത്ത പുതിയ കാട്ടുപോത്ത് തന്റേതായ ചില നിയമങ്ങൾ നടപ്പിലാക്കി. ഇതുവരെ എല്ലാ ആൺപോത്തുകൾക്കും ഇഷ്ടം പോലെ ഇണചേരാൻ കഴിഞ്ഞിരുന്നു. ഇപ്പോൾ അതിനാണ് നേതാവ് തടസ്സമുണ്ടാക്കിയിരി

ക്കുന്നത്. പുതിയ നേതാവിന്റെ തീരുമാനം അസരിച്ചാണ് ഇനി കാര്യങ്ങൾ എല്ലാം നടത്തേണ്ടത്.

അതിന് നേതാവായ കാട്ടുപോത്ത് ഇരയാക്കിയത് മറ്റ് ആൺ കാട്ടുപോത്തുകളെയാണ്. നേതാവിന് മാത്രമാണ് ഇനി ഇണചേരാനുള്ള അവസരം. മറ്റു കാട്ടുപോത്തുകൾ വെറും കാഴ്ചക്കാരായി നിന്നാൽ മതി. തന്റെ മക്കളെ മാത്രമാണ് പെൺകാട്ടുപോത്തുകൾ പ്രസവിക്കേണ്ടതെന്നും നേതാവായ കാട്ടുപോത്ത് കൽപ്പിച്ചു.

നേതാവിന്റെ തീരുമാനത്തെ പ്രത്യക്ഷത്തിൽ എല്ലാവരും അംഗീകരിച്ചതാണ്. എങ്കിലും മറ്റ് ആൺകാട്ടുപോത്തുകളുടെ മനസ്സിൽ എതിർപ്പ് നിലനിന്നിരുന്നു. എങ്കിലും ജീവഭയത്തെ ഓർത്ത് അതിനെ അവ പുറത്തേക്ക് പ്രകടിപ്പിച്ചില്ല.

നേതാവായ കാട്ടുപോത്ത് യഥേഷ്ടം ഇണചേർന്നു കൊണ്ടിരുന്നു. അതിന്റെ മക്കൾ മാത്രമാണ് ഇപ്പോൾ പുതുതായി ജനിക്കുന്നത്. എന്നാൽ അധികകാലം നേതാവിന്റെ തീരുമാനത്തെ നടപ്പിലാക്കാൻ മറ്റ് ആൺ കാട്ടുപോത്തുകൾ തയ്യാറായില്ല. പ്രകൃതിയുടെ ആവശ്യങ്ങൾ അവയെ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്നു.

അതോടെ ആൺകാട്ടുപോത്തുകൾ പെൺകാട്ടുപോത്തുകളുമായി നേതാവിന്റെ കണ്ണിൽപ്പെടാതെ ഇണചേർന്നു. ഒരിക്കൽ മറ്റ് കാട്ടുപോത്തുകൾ ഇണചേരുന്നതിനെ നേതാവായ കാട്ടുപോത്തു കണ്ടു. അതോടെയാണ് കാട്ടുപോത്തുക്കളുടെ ഇടയ്ക്ക് പ്രശ്നങ്ങൾ ഉണ്ടാകുന്നത്.

ഇണചേർന്ന ആൺകാട്ടുപോത്തിനെ നേതാവ് ദേഷ്യത്തോടെ നോക്കി. എന്നിട്ട് പറഞ്ഞു: 'നേതാവിന്റെ വാക്കുകളെ ധിക്കരിച്ച കാട്ടുപോത്തുകൾക്ക് തക്ക ശിക്ഷ തന്നെ ലഭിക്കും. അതിനെ ഞാൻ ഉടനടി നടപ്പിലാക്കുകയും ചെയ്യും.'

അപ്പോൾതന്നെ നേതാവായ കാട്ടുപോത്ത് തന്റെ കല്പനയെ ധിക്കരിച്ച കാട്ടുപോത്തിനെ ശിക്ഷിച്ചു. പെട്ടെന്നുതന്നെ നേതാവ് അതിനെ കുത്തിമലർത്തി. അതോടെ അത് മുറിവേറ്റ് ചത്തുവീണു.

നേതാവിന്റെ ശിക്ഷണ നടപടികളെ കണ്ട് മറ്റ് കാട്ടുപോത്തുകൾ നിശ്ശബ്ദരായി നിന്നു. അവയ്ക്ക് പ്രതികരിക്കാൻ കഴിഞ്ഞില്ല. എങ്കിലും കാട്ടുപോത്തുകളുടെ മനസ്സിൽ പ്രതിഷേധം നിലനിന്നു.

തുടർന്ന് ആൺകാട്ടുപോത്തുകൾ നേതാവ് അറിയാതെ മരച്ചുവട്ടിൽ കൂട്ടം ചേർന്നു. അവർ ഒന്നിച്ച് നേതാവായ കാട്ടുപോത്തിന്റെ വാക്കുകളെ ധിക്കരിക്കാൻ തീരുമാനിച്ചു. നേതാവിനെ ഒറ്റയ്ക്ക് ശിക്ഷണ നടപടികൾ നടത്താൻ അനുവദിക്കരുതെന്ന് അവ ഉറ

പ്പിച്ചു. അപ്പോൾ എല്ലാ കാട്ടുപോത്തുകളും ചേർന്ന് നേതാവിനെ ആക്രമിക്കുകയാണ് ചെയ്യേണ്ടത്.

അവരുടെ തീരുമാനത്തെ ആരോ നേതാവായ കാട്ടുപോത്തിനെ രഹസ്യമായി അറിയിച്ചു. അതോടെ അതിന്റെ ഏകാധിപതിയുടെ സ്വഭാവം ഇല്ലാതായി. നേതാവ് നിശ്ശബ്ദനായതോടെ മറ്റു കാട്ടു പോത്തുകൾ സ്വന്തം ഇഷ്ടപ്രകാരം നീങ്ങിത്തുടങ്ങി. അവ ഇണയും മക്കളും അടങ്ങിയ ചെറുകൂട്ടങ്ങളായി. അതോടെ നേതാവായ കാട്ടു പോത്ത് പൂർണ്ണമായും ഒറ്റപ്പെട്ടു എന്നുതന്നെ പറയാം. ഇപ്പോൾ നേതാവായ കാട്ടുപോത്തിന്റെ കൂടെ ഒരു ചെറുകൂട്ടം മാത്രമാണു ള്ളത്.

കാട്ടുപോത്തുകൾ ചെറിയ കൂട്ടങ്ങളായതോടെ അവയുടെ ശത്രുക്കൾ കൂടുതൽ ശക്തി നേടി. അവ പലപ്പോഴും കാട്ടുപോത്തുകളെ കീഴടക്കി ഇരയാക്കി. ചെറുകൂട്ടങ്ങളായ കാട്ടുപോത്തുകൾക്ക് പലപ്പോഴും ശത്രുവിനെ നേരിടാൻ കഴിഞ്ഞില്ല.

ഒരിക്കൽ നേതാവായ കാട്ടുപോത്തിന്റെ സംഘത്തെ പുലി ആക്രമിക്കാൻ തയ്യാറായതാണ്. നേതാവാണ് പുലിയെ നേരിടുന്നത്. അതോടെ നേതാവിന്റെ അവസാന കാലവുമായി. നേതാവിനെ കടിച്ചു തൂക്കി ഉൾക്കാട്ടിലേക്ക് പുലി ഓടിപ്പോയി.

പിറ്റേന്ന് എല്ലാ കാട്ടുപോത്തുകളുടെയും ചെറുകൂട്ടങ്ങൾ ഒന്നിച്ചു ചേർന്നു. അവ എല്ലാവർക്കും സമ്മതനായ ഒരു നേതാവിനെയാണ് തെരഞ്ഞെടുത്തത്. അതിന്റെ കീഴിൽ ഒന്നിച്ചുനിന്ന് ശത്രുക്കളെ നേരിടാൻ കാട്ടുപോത്തുകൾ തീരുമാനിച്ചു. ഇനി ഒരു കാട്ടുപോത്തിനും ജീവിതാവസാനംവരെ നേതാവാകാൻ കഴിയില്ല. അവർ കാലാവധിയായി നിശ്ചയിച്ചത് മൂന്നുവർഷം മാത്രമാണ്. മൂന്നുവർഷം കഴിഞ്ഞാൽ മറ്റൊരു കാട്ടുപോത്താണ് നേതാവാകുക.

അത്തരം ഒരു തീരുമാനത്തെ എല്ലാ കാട്ടുപോത്തുകളും സന്തോഷത്തോടെയാണ് സ്വീകരിച്ചത്. അതോടെ കാട്ടുപോത്തുകൾക്ക് ഇടയിലുള്ള ശക്തിയുടെ രക്തച്ചൊരിച്ചലുകളെ ഒഴിവാക്കാനായി.

രാംകുമാർ പറഞ്ഞ കഥയുടെ ലക്ഷ്യത്തെ അശ്വതിക്കും അശ്വിനും തിരിച്ചറിയാനായി. രക്തച്ചൊരിച്ചിന്റെ മാർഗ്ഗം സമാധാനമല്ല, അശാന്തിയാണ് ഉണ്ടാക്കുക എന്ന് അവർക്ക് മനസ്സിലായി.

ഒടുക്കം

മൃഗങ്ങൾക്ക് മനുഷ്യരുടെ ഭാഷ നൽകിയതുകൊണ്ട് ഉണ്ടായ ദുരന്തങ്ങളെ കണ്ട് ഗന്ധർവ്വനായ വിമലകുമാരന് വല്ലാത്ത വിഷമം തോന്നി. മൃഗങ്ങൾക്ക് ഒരിക്കലും ഭാഷയെ ശേഖരിച്ചു വെയ്ക്കാൻ കഴിയില്ല. ആശയവിനിമയത്തിന് അപ്പുറത്തേക്ക് മൃഗങ്ങൾക്ക് ഭാഷ ഉപയോഗിക്കാൻ ആവില്ല. എന്നാൽ മനുഷ്യന്റെ ഭാഷയുണ്ടാക്കിയ ദുരന്തങ്ങളെ എല്ലാം അവയ്ക്ക് സഹിക്കേണ്ടി വന്നു.

ഗന്ധർവ്വനായ വിമലകുമാരൻ സുമേരുവനത്തിലെ കാഴ്ചകളെ പരിശോധിച്ചു. ഇപ്പോൾ മൃഗങ്ങൾക്ക് അവയുടെ പാരസ്പര്യം നഷ്ട പ്പെട്ടിരിക്കുന്നു. അവ തികച്ചും സ്വാർത്ഥരായി തീർന്നിരിക്കുന്നു. അതോടെ മൃഗങ്ങളുടെ എണ്ണത്തിൽ വല്ലാത്ത കുറവാണ്. പല മൃഗ ങ്ങളും ഭാഷ ലഭിച്ചതോടെ ഒറ്റപ്പെട്ടവരായി.

ഏറ്റവും കൂടുതൽ നഷ്ടം കാട്ടുപോത്തുകൾക്കാണ്. കുരങ്ങുക ളുടെ എണ്ണത്തിലും കുറവാണ് ഉള്ളത്. മിക്ക മൃഗങ്ങളും പരസ് പരം പേടിയോടെയാണ് കഴിഞ്ഞുകൂടുന്നത്. ഭാഷ ലഭിക്കുന്നതിന് മുമ്പുള്ള പാരസ്പര്യത്തിന്റെ ബന്ധങ്ങൾ ഇല്ലാതായിരിക്കുന്നു.

സുമേരുവനത്തിനുപോലും കനത്ത നാശങ്ങളാണ് ഉണ്ടായത്. മൃഗങ്ങൾ ഏറ്റുമുട്ടിയതോടെ പല ചെടികളും ഇല്ലാതായി. കാട്ടാന കൾ പല മരങ്ങളെയും കുത്തിമറിച്ചിട്ടു. കുരങ്ങുകളും നാശനഷ്ട ങ്ങളാണ് വരുത്തിയത്.

ചിന്തയും വിവേകവുമാണ് മനുഷ്യവംശത്തെ നിലനിർത്തിയത്. ഭാഷയെ എഴുതി സൂക്ഷിക്കാൻ മനുഷ്യനു കഴിഞ്ഞു. ആശയങ്ങളെ മാത്രമല്ല അനുഭവങ്ങളെയും മനുഷ്യന്റെ മുൻഗാമികൾ ഭാഷയിൽ പകർത്തി. എന്നാൽ ഭാഷയിലൂടെ മൃഗങ്ങൾക്ക് മനുഷ്യന്റെ പലത രത്തിലുള്ള സ്വഭാവങ്ങളാണ് വീതിക്കപ്പെട്ടത്. അത് പരിണാമത്തി ലൂടെ മനുഷ്യന് മൃഗങ്ങളിൽ നിന്നും ലഭിച്ചതാണ്. അതിനെ മറിക ടന്നാണ് മനുഷ്യർ മനുഷ്യത്വത്തിലേക്കും സർഗ്ഗാത്മകതയിലക്കും എത്തിച്ചേർന്നത്.

ഭാഷയില്ലാത്ത ജീവിതമാണ് മൃഗങ്ങൾക്ക് കുറേക്കൂടി മെച്ചപ്പെട്ടതെന്ന് ഗന്ധർവ്വനായ വിമലകുമാരനു തോന്നി. അപ്പോഴാണ് മൃഗങ്ങൾ പാരസ്പര്യത്തോടെ ജീവിക്കുക. ഭാഷ നൽകിയെങ്കിലും മൃഗങ്ങൾക്ക് ചിന്തയെയും വിവേകത്തെയും ഉണ്ടാക്കാൻ ഗന്ധർവ്വന് കഴിഞ്ഞില്ല.

മൃഗങ്ങളുടെ ദാരുണമായ അവസ്ഥ കണ്ട് ഖേദിച്ച് ഗന്ധർവ്വനായ വിമലകുമാരൻ അവയെ വീണ്ടും പഴയപടിയാക്കി തീർത്തു. അതോടെ മൃഗങ്ങളെല്ലാം ആരുടെയും ആധിപത്യമില്ലാതെ ജീവിച്ചു തുടങ്ങി. അവ അനാവശ്യമായി യാതൊന്നും സംഭരിച്ചുവെയ്ക്കുന്നില്ല. പ്രകൃതിയുടെ ഭാഗമായി തീർന്ന മൃഗങ്ങൾ പ്രകൃതിയെ ഒരിക്കലും ചൂഷണം ചെയ്യുന്നില്ല.

എല്ലാം പഴയതുപോലെ ആയപ്പോൾ ഗന്ധർവ്വനായ വിമലകുമാരന് സന്തോഷം തോന്നി. ഉൾക്കാടുകളിലേക്കും മലമുകളിലേക്കും പോയ മൃഗങ്ങൾ സുമേരുവനത്തിലേക്കുതന്നെ മടങ്ങിവന്നു. അതോടെ വിമലകുമാരൻ ഗന്ധർവ്വലോകത്തിലേക്ക് മടങ്ങിപ്പോയി.

രാംകുമാർ അശ്വതിയോടും അശ്വിനോടും പറഞ്ഞു:

'ഞാൻ പറഞ്ഞത് മൃഗങ്ങളുടെ കഥ മാത്രമല്ല, മനുഷ്യന്റെ ഉള്ളിലെ മൃഗങ്ങളുടെ കഥ കൂടിയാണ്.'

തന്റെ അവധി ദിവസങ്ങൾ അനാവശ്യമായി തീർന്നില്ലെന്ന ബോദ്ധ്യമാണ് ഇപ്പോൾ രാംകുമാറിന് ഉള്ളത്. തന്റെ മക്കൾ ലോകത്തെക്കുറിച്ച് കൂടുതൽ അറിവുള്ളവരായിത്തീർന്നിരിക്കുന്നു. അതു തന്നെയാണ് കഥപറച്ചിൽകൊണ്ട് താനാഗ്രഹിച്ചതെന്ന് അയാൾക്ക് മനസ്സിലായി.

○



ഗന്ധർവ്വ കഥകൾ

മനോജ്

മൺമറഞ്ഞുപോയ സർഗധനനായ മനോജ് എന്ന വിഖ്യാത എഴുത്തുകാരന്റെ അപ്രസിദ്ധീകൃത രചനയാണിത്. മലയാളസാഹിത്യത്തിൽ പുതിയൊരു സാഹിത്യ വിഭാഗമായി കൗമാര സാഹിത്യത്തെ പരിചയപ്പെടുത്തിയിരിക്കുകയാണ് എഴുത്തുകാരൻ. കൗമാര പ്രായത്തിലുള്ള കുട്ടികൾക്ക് വായിച്ചാസ്വദിക്കാൻ കഴിയുംവിധം രചിക്കപ്പെട്ട നോവലാണ് ഗന്ധർവ്വ കഥകൾ.

BLUE INK BOOKS

GANDHARVA KATHAKAL
TEENAGE LITURATURE
MANOJ
NOVEL | ₹:100

ISBN: 978-81-993534-2-8

9 788199 353428

www.bluinkbookskannur.com
944 626 5661

Cover Design: Nived Kotheri